33rd Year of Service 2025

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 13, 2025 Vol. XXXIII No. 42

3 സീറോമലബാർ യുഎസ്എ കൺവൻഷൻ രജിസ്ട്രേഷൻ
4 മുനമ്പത്തെ ഭൂമി വഖഫ് അല്ലെന്ന് ഹൈക്കോടതി
8 മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാം
14 വടംവലി ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്
22 ചെറുപുഷ്പ മിഷൻലീഗ് വാർഷികാഘോഷങ്ങൾ




### ഗാസ യുദ്ധം അവസാനിക്കുന്നു; ഈജിപ്തിൽ രാജ്യാന്തര ഉച്ചകോടി

# ഇസ്രയേലി ബന്ദികളെ ഹമാസ് മോചിപ്പിച്ചു തുടങ്ങി

ടെൽഅവീവ്: ഗാസയിൽ ഹമാസ് സംഘടന ബന്ദികളാക്കിയ ഇസ്രയേലി തടവുകാരെ മോചിപ്പിച്ചുതുടങ്ങി. മൂന്ന് ഘട്ടങ്ങളായാണ് ബന്ദികളെ കൈമാറുന്നത്. ആദ്യഘട്ടത്തിൽ ഏഴു പേരെയാണ് വിട്ടയച്ചത്. യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച ഗാസ സമാധാന പദ്ധതിയുടെ ഭാഗമായാണ് തടവുകാരെ മോചിപ്പിച്ചത്. ഖാൻ യൂനിസ്. നെറ്റ് സരീം എന്നിവിടങ്ങളിൽ വെച്ച് റെഡ്ക്രോസ് അധികൃതർക്കാണ് ബന്ദികളെ കൈമാറിയത്. മോചിതരായവരെ റെഡ്ക്രോസ് ഇസ്രയേൽ സൈന്യത്തിന് കൈമാറും. അതേസമയം മരിച്ച 28 ബന്ദികളുടെ മൃതദേഹങ്ങൾ കൈമാറുന്നത് വൈകിയേക്കും.

വെടിനിർത്തൽ കരാറിന്റെ ഭാഗമായി ബാർ എബ്രഹാം കുപ്പർഷൈൻ, എവ്യാതർ ഡേവിഡ്, യോസെഫ്-ചൈം ഒഹാന, സെഗെവ് കൽഫോൺ, അവിനാറ്റൻ ഓർ, എൽക്കാന ബോബോട്ട്, മാക്സിം ഹെർക്കിൻ, നിമ്രോഡ് കോഹൻ, മതാൻ ആംഗ്രെസ്സ്, മതാൻ സാൻഗൗക്കർ, ഈറ്റൻ ഹോൺ, ഈറ്റൻ എബ്രഹാം മോർ, ഗാലി ബെർമാൻ, സിവ് ബെർമാൻ, ഒമ്രി മിറാൻ, അലോൺ ഒഹെൽ, ഗൈ ഗിൽബോവ-ദലാൽ, റോം ബ്രാസ്ലാവിസ്കി, ഏരിയൽ കുനിയോ, ഡേവിഡ് കുനിയോ എന്നിവരാണ് മോചിപ്പിക്കപ്പെടുന്ന ഇസ്രായേലി ബന്ദികൾ.

ബന്ദികളെ കൈമാറിയതോടെ ഇസ്രയേൽ ജയിലുകളിൽ കഴിയുന്ന 250 പലസ്തീൻ തടവുകാരെ ഉടൻ കൈമാറും. വെടിനിർത്തൽ കരാറിന്റെ ഭാഗമായി രണ്ടായിരം പലസ്തീൻ തടവുകാരെയാണ് ഇസ്രയേൽ മോചിപ്പിക്കുക 737 ദിവസങ്ങൾ നീണ്ട തടവറ വാസത്തിനു ശേഷമാണ് ബന്ദിമോചനം സാദ്ധ്യമായത്. ട്രംപിനു പുറമെ ഈജിപ്ത്, ഖത്തർ തുടങ്ങിയ രാജ്യങ്ങളും ബന്ദിമോചനത്തിന് മദ്ധ്യസ്ഥത വഹിച്ചിരുന്നു.

ഗാസയിൽ യുദ്ധം അവസാനിപ്പിക്കാനും സമാധാനം പുലരാനും പ്രസിഡണ്ട്

(ശേഷം 34-ാം പേജിൽ)



## ശബരിമല സ്വർണക്കൊള്ള: ഉണ്ണികൃഷ്ണൻ പോറ്റിയും ദേവസ്വം ബോർഡും പ്രതിസ്ഥാനത്ത്

തിരുവനന്തപുരം: ശബരിമലയിലെ സ്വർണം നഷ്ടമായതിൽ 2019-ലെ തിരുവിതാംകൂർ ദേവസ്വംബോർഡ് ഭരണസമിതിയെയും പ്രതിയാക്കി ക്രൈംബ്രാഞ്ച് കേസെടു



ത്തു. സ്വർണ കട്ടിളപ്പാളി കാണാതായതിലാണ് ദേവസ്വം ബോർഡിനെ പ്രതിയാക്കിയത്. സിപിഎം നേതാവ് എ. പദ്മകുമാറായിരുന്നു അന്ന് ബോർഡ് പ്രസിഡണ്ട്. കെ. പി. ശങ്കരദാസ്, പാറവിള എൻ.വി. ജയകുമാർ എന്നിവർ അംഗങ്ങളുമായിരുന്നു. എട്ടാം പ്രതിസ്ഥാനത്താണ് ഭരണ സമിതിയുള്ളത്. സ്വർണ കട്ടിളപ്പാളി ചെമ്പെന്ന് വിശേഷിപ്പിച്ച് വീണ്ടും സ്വർണംപൂശാൻ ദേവസ്വം ബോർഡ് അനുമതി നൽകിയെന്നാണ് കണ്ടെത്തൽ.

അതിനിടെ, ശബരിമല സ്വർണത്തട്ടിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി ജസ്റ്റിസ് കെ. ടി. ശങ്കരന്റെ നേതൃത്വത്തിലുള്ള സംഘം ശബരിമല സന്നിധാനത്ത് പരിശോധന നടത്തി. ശബരിമലയിലെ സ്വർണ്ണപ്പാളി കടത്തുകേസിൽ ഇ.ഡിയും വിവരശേഖരണം നടത്തി. കള്ളപ്പണ ഇടപാട് നടന്നിട്ടുണ്ടോയെന്ന സംശയത്തിലാണ് വിവരശേഖരണം നടത്തിയത്.


സ്വർണംകടത്തിയതിൽ ഉദ്യോഗസ്ഥരുടെ വീഴ്ചയെന്നാണ് സർക്കാരും ദേവസ്വംബോർഡും ന്യായീകരിച്ചുകൊണ്ടിരുന്നത്. എന്നാൽ, സിപിഎം നേതൃത്വം നൽകിയ ഭരണസമിതി തന്നെ പ്രതിസ്ഥാനത്തുവന്നത് സർക്കാരിനെ വെട്ടിലാക്കി. ഈ കേസിലും ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയാണ്.

(ശേഷം 28-ാം പേജിൽ)










# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# സീറോമലബാർ യുഎസ്എ കൺവൻഷൻ രജിസ്ട്രേഷൻ ആരംഭിച്ചു

ചിക്കാഗോ: അമേരിക്കയിൽ സീറോമലബാർ രൂപത സ്ഥാപിതമായിട്ട് ഇരുപത്തിയഞ്ച് വർഷം പിന്നിട്ടതിന്റെയും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ ജൂബിലിയുടെയും സമാപനം 2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിലെ പ്രശസ്ത കൺവൻഷൻ സെന്ററായ മക്കോർമിക് പ്ലെയ്സിൽ വെച്ച് നടത്തപ്പെടുന്നു. ഇക്കഴിഞ്ഞ സെപ്റ്റംബർ 28-ന് ചിക്കാ

**ദീപ്തി വിവീഷ്**

ഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിലെ പൊതുയോഗത്തിൽ വെച്ച് കൺവൻഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചതായി റവ.ഫാ. തോമസ് കടുകപ്പിള്ളിൽ ഔദ്യോഗികമായി അറിയിക്കുകയുണ്ടായി. ഏകദേശം ആറായിരം പേരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാടികൾ നടത്താൻ സൗകര്യങ്ങളുള്ള മനോഹരമായ സ്ഥലമാണ് ഈ കൺവൻഷൻ സെന്റർ. ആത്മീയ നവീകരണവും കലാ-സാംസ്കാരിക പരിപാടികളും സാമൂഹിക വികസന ചിന്തകളും കോർത്തിണക്കിക്കൊണ്ടു ഈ ജൂബിലി കൺവൻഷൻ അവിസ്മരണീയമാക്കാൻ മാസങ്ങളായി സംഘാടകർ പദ്ധതികൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

2001 മാർച്ച് 13-നാണ് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ രൂപത ചിക്കാഗോയിൽ സ്ഥാപിക്കുകയും രൂപതയുടെ ആദ്യമെത്രാനായി മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനെ നിയമിക്കുകയും ചെയ്തത്. അമ്പത്തിരണ്ട് ഇടവകകളും മുപ്പത്തിമൂന്ന് മിഷനുകളും ഉൾക്കൊണ്ടുകൊണ്ട് രൂപത വളർന്നു പന്തലിച്ചു നിൽക്കുന്ന ഈ വേളയിൽ ദൈവത്തിനു നന്ദി അർപ്പിക്കുകയും രൂപതയിലെ എല്ലാ ഇടവകകളിലെയും അംഗങ്ങളെ ഒരുമിച്ചുകൂട്ടി സന്തോഷം പങ്കുവെക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കൺവൻഷന് പദ്ധതിയിട്ടിരിക്കുന്നത്. രൂപതയുടെ വളർച്ചയ്ക്കു വേണ്ടി തുടക്കം മുതൽ ആത്മാർത്ഥമായി സഹകരിച്ചവരോടുള്ള നന്ദിയും കടപ്പാടും പ്രകടിപ്പിക്കുവാനും ഈ കൺവൻഷൻ അവസരമാകും. മുതിർന്നവർ, യുവജനങ്ങൾ, ഹൈസ്കൂൾ-കോളജ് പ്രായക്കാർ, കുട്ടികൾ എന്നീ നാല് വ്യത്യസ്ത വിഭാഗങ്ങളിലായാണ് കൺവൻഷൻ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വളരെയധികം പരിജ്ഞാനവും ആത്മീയകാര്യങ്ങളിൽ പ്രാവീണ്യവുമുള്ള പ്രശസ്തരായ



മജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ



ബിഷപ് മാർ ജോയി ആലപ്പാട്ട്



ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്

പ്രഭാഷകർ ഈ കൺവൻഷനിൽ ക്ലാസുകൾ എടുക്കുവാൻ വരുന്നുണ്ട്.

സീറോമലബാർ സഭാതലവനായ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് ഈ കൺവൻഷനുള്ള ഒരുക്കങ്ങൾക്ക് തുടക്കമിട്ടത്. അതോടൊപ്പംതന്നെ അമേരിക്കയിലെ സീറോമലബാർ (ശേഷം 21-ാം പേജിൽ)

## പാക്–അഫ്ഗാൻ സംഘർഷം:

# ഇരുനൂറിലേറെ താലിബാൻ സൈനികർ കൊല്ലപ്പെട്ടു



ഇസ്ലാമാബാദ്: അഫ്ഗാൻ അതിർത്തിയിലെ ഭീകരകേന്ദ്രങ്ങൾക്കെതിരെ പാകിസ്ഥാൻ ആരംഭിച്ച സൈനിക നടപടി ഇരുരാജ്യങ്ങളും തമ്മിലുള്ള യുദ്ധസമാനമായ സ്ഥിതിയിലെത്തി. അതിർത്തിയിലെ 19 അഫ്ഗാൻ സൈനിക പോസ്റ്റുകൾ പിടിച്ചതായും ഇരുനൂറിലേറെ അഫ്ഗാനികളെ വധിച്ചതായും പാക് സൈന്യം അവകാശപ്പെട്ടു. പ്രത്യാക്രമണത്തിൽ 58 പാക് സൈനികരെ വധിച്ചതായും 20 സുരക്ഷാ പോസ്റ്റുകൾ പിടിച്ചതായും അഫ്ഗാനിസ്ഥാനും അവകാശപ്പെട്ടു. ഒക്ടോബർ ഒൻപതിന് വ്യാഴാഴ്ച ചെറിയ അതിർത്തി സംഘർഷമായി ആരംഭിച്ച സൈനിക നടപടി 12-ന് യുദ്ധസമാനമായി മാറിയെങ്കിലും ഖത്തർ, സൗദി അറേബ്യ എന്നീ രാജ്യങ്ങളുടെ ഇടപെടലിനെത്തുടർന്ന് താൽക്കാലികമായി നിർത്തിവെച്ചിട്ടുണ്ട്. അഫ്ഗാൻ അതിർത്തി പാകിസ്ഥാൻ അടച്ചു.

ഒറക്സായ് ജില്ലയിൽ നടന്ന ആക്രമണത്തിൽ ഒരു ലഫ്. കേണലും മേജറും ഉൾപ്പെടെ 11 പാക് സൈനികർ കൊല്ലപ്പെട്ടിരുന്നു. പാക്സേന ഒൻപതിന് അഫ്ഗാൻ അതിർത്തിയിലുടനീളം ആക്രമണം നടത്തി. 11-ന് അഫ്ഗാൻ സേന പാകിസ്ഥാനിലെ ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയിലെ അംഗൂർ അഡ, ബജോർ, കുറം, ചിത്രാൽ ബലൂചിസ്ഥാനിലെ ബാരാംച സൈനിക പോസ്റ്റുകൾക്കു നേരെ ശക്തമായ പ്രത്യാക്രമണം നടത്തി. ഇതിനു തിരിച്ചടിയായി 12-ന് രാവിലെ പാക് സേന ശക്തമായ വ്യോമാക്രമണം ഉൾപ്പെടെ നടത്തിയതോടെയാണ് സ്ഥിതി വഷളായത്. അഫ്ഗാൻ തലസ്ഥാനമായ കാബൂളിലും സ്ഫോടനമുണ്ടായി. ഇത് പാക് ആക്രമണത്തിലാണെന്നു സ്ഥിരീകരണമില്ല.

പാകിസ്ഥാനുമായി അഫ്ഗാനിസ്ഥാന് 2600 കിലോമീറ്റർ അതിർത്തിയുണ്ട്. പ്രകോപനമില്ലാതെ ആക്രമിച്ചെന്ന് ഇരുകൂട്ടരും പരസ്പരം ആരോപിക്കുന്നു.

അഫ്ഗാൻ വിദേശകാര്യമന്ത്രി അമീർഖാൻ മുത്തഖി ഇന്ത്യ സന്ദർശിക്കുന്നതിനിടെയാണ് അതിർത്തി സംഘർഷം രൂക്ഷമായത്. സ്ഥിതി നിയന്ത്രണത്തിലാണെന്നും കനത്ത തിരിച്ചടി നൽകുമെന്നും മുത്തഖി ന്യൂഡൽഹിയിൽ പറഞ്ഞു.

# സമാധാന നൊബേൽ മരിയ കൊറീന മചാഡോയ്ക്ക്

ഒസ്ലോ: ഈ വർഷത്തെ സമാധാന നൊബേൽ പുരസ്കാരം വെനസ്വേലൻ പ്രതിപക്ഷ നേതാവും ജനാധിപത്യ പ്രവർത്തകയുമായ മരിയ കൊറീന മചാഡോയ്ക്ക്.

വെനിസ്വേലയിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ പ്രോത്സാ



ഹിപ്പിക്കുന്നതിനുള്ള അവരുടെ അക്ഷീണ പ്രയത്നത്തിനും സ്വേച്ഛാധിപത്യത്തിൽനിന്ന് ജനാധിപത്യത്തിലേക്ക് നീതിയുക്തവും സമാധാനപരവുമായ മാറ്റം കൈവരിക്കുന്നതിനുള്ള പോരാട്ടത്തിനുമാണ് മരിയയ്ക്ക് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നൽകുന്നതെന്നു പുരസ്കാര സമിതി പ്രസ്താവനയിൽ പറഞ്ഞു.

ലാറ്റിനമേരിക്കയിൽ അടുത്തിടെയുണ്ടായ ജനാധിപത്യ പ്രക്ഷോഭങ്ങളുടെ മുൻനിരയിലെ ഏറ്റവും കരുത്തുറ്റ നേതാക്കളിലൊരാളായാണ് മചാഡോയെ വിശേഷിപ്പിക്കുന്നത്. വെനിസ്വേലയിലെ ചിതറിക്കിടന്ന പ്രതിപക്ഷ കക്ഷികളെ ഒന്നിപ്പിക്കുന്നതിൽ നിർണായക പങ്കാണ് ഇവർ വഹിച്ചത്. വളർന്നുവരുന്ന അന്ധകാരത്തിനിടയിൽ ജനാധിപത്യത്തിന്റെ ദീപശിഖ, അണയാതെ കാക്കുന്ന, ധീരയും പ്രതിബദ്ധതയുമുള്ള സമാധാനത്തിന്റെ വക്താവിനാണ് 2025-ലെ പുരസ്കാരമെന്നും നൊബേൽ പുരസ്കാര സമിതി വ്യക്തമാക്കി. വെനിസ്വേലൻ പ്രതിപക്ഷ നേതാവും ദേശീയ അസംബ്ലി അംഗവുമായ മചാഡോ 2002-ലാണ് രാഷ്ട്രീയത്തിലിറങ്ങുന്നത്. അലക്സാൻഡ്രോ പ്ലാസിനൊപ്പം രാഷ്ട്രീയത്തിൽ സജീവമായ മചാഡോ പിന്നീട് 'വെന്റെ വെനിസ്വേല പാർട്ടി'യുടെ ദേശീയ കോ-ഓർഡിനേറ്ററായി. 2012-ൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 2014-ൽ നിക്കോളാസ് മഡുറോ സർക്കാരിനെതിരായ പ്രക്ഷോഭത്തിന്റെ മുൻനിരപ്പോരാളിയായിരുന്നു അവർ. 2018-ൽ ബിബിസി തെരഞ്ഞെടുത്ത ലോകത്തെ 100 ശക്തയായ വനിതകളിൽ ഒരാളാണ് മരിയ. ഈ വർഷം ലോകത്തെ സ്വാധീനിച്ച 100 വനിതകളെ ടൈം മാഗസിൻ തെരഞ്ഞെടുത്തപ്പോഴും മചാഡോ ഉൾപ്പെട്ടിരുന്നു.

# ലാലുപ്രസാദ് യാദവിനും തേജസ്വിക്കുമെതിരെ അഴിമതിയാരോപണം



ന്യൂഡൽഹി: ഐആർസിടിസി അഴിമതിക്കേസിൽ മുൻ കേന്ദ്രമന്ത്രി ലാലു പ്രസാദ് യാദവിനെതിരെ അഴിമതി, ക്രിമിനൽ ഗൂഢാലോചന, വഞ്ചന എന്നീ കുറ്റങ്ങൾ ചുമത്തി ഡൽഹി കോടതി.

ലാലുവിന് പുറമെ മകനും ബിഹാർ പ്രതിപക്ഷ നേതാവുമായ തേജസ്വി യാദവ്, ലാലുവിന്റെ ഭാര്യയും ബിഹാർ മുൻ മുഖ്യമന്ത്രിയുമായ റാബ്റി ദേവി എന്നിവർക്കെതിരെയും കുറ്റങ്ങൾ ചുമത്തി. ഗൂഢാലോചന, വഞ്ചന എന്നിവയുൾപ്പെടെ കുറ്റങ്ങളാണ് തേജസ്വിക്കെതിരെ ചുമത്തിയിരിക്കുന്നത്. കേസിൽ ഉടൻ വിചാരണ ആരംഭിക്കുമെന്നും കോടതി അറിയിച്ചു. ബിഹാർ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ ആർജെഡിക്ക് കനത്ത തിരിച്ചടിയാണ് ഡൽഹി കോടതി ഉത്തരവ്. ബിഹാറിൽ ഇന്ത്യാ സഖ്യത്തിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാണ് തേജസ്വി.

ഐആർസിടിസിയുടെ രണ്ട് ഹോട്ടലുകളുടെ പ്രവർത്തന കരാറുകൾ സ്വകാര്യ സ്ഥാപനത്തിന് നൽകിയതിൽ ക്രമക്കേടുമായി ബന്ധപ്പെട്ടാണ് ആരോപണം ഉയർന്നത്. 2004-നും 2014-നും ഇടയിലാണ് കേസുമായി ബന്ധപ്പെട്ട ഗൂഢാലോചന നടന്നത്.

പുരിയിലെയും റാഞ്ചിയിലെയും ഇന്ത്യൻ റെയിൽവേയുടെ ബിഎൻആർ ഹോട്ടൽ ആദ്യം ഐആർടിസിക്ക് കൈമാറുകയും പിന്നീട് പ്രവർത്തനം, അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവയ്ക്കായി ബിഹാറിലെ പട്ന ആസ്ഥാനമായുള്ള സുജാത ഹോട്ടൽസിന് (ശേഷം 28-ാം പേജിൽ)

# മുനമ്പത്തെ ഭൂമി വഖഫ് അല്ലെന്ന് ഹൈക്കോടതി

കൊച്ചി: മുനമ്പത്തെ ഭൂമി വഖഫായി പ്രഖ്യാപിച്ചത് നിയമപരമായി തെറ്റാണെന്നും ഇതു നടപ്പാക്കാനാവില്ലെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിച്ചു. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ അന്വേഷണ കമ്മീഷനായി സർക്കാർ നിയമിച്ചത് റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവും ഡിവിഷൻ ബെഞ്ച് റദ്ദാക്കി. മുഹമ്മദ് സിദ്ദിഖ് സെയിദ് എന്ന വ്യക്തി കോഴിക്കോട് ഫാറൂഖ് കോളജ് മാനേജ്മെന്റിന് 69 വർഷം മുൻപ് ഇഷ്ടദാനമായി നല്കിയതാണ് ഭൂമിയെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് സുശ്രുത് അരവിന്ദ് ധർമാധികാരി, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ബെഞ്ച് അപ്പീലിൽ തീർപ്പ് കല്പിച്ചത്. ഇഷ്ടദാനമായി നല്കിയിരിക്കുന്ന ആധാരം, വഖഫ് ആധാരമായി കണക്കാക്കാനാകില്ലെന്ന് കോടതി വിലയിരുത്തി.

മുനമ്പത്തെ ഭൂമി വഖഫായി വിജ്ഞാപനം ചെയ്തുള്ള 2019 സെപ്റ്റംബർ 25-ലെ വിജ്ഞാപനം 1954-ലെ വഖഫ് നിയമം, കേന്ദ്ര വഖഫ് നിയമം 1995 തുടങ്ങിയവയുടെ വ്യവസ്ഥകൾ ലംഘിക്കുന്നതാണെന്ന് കോടതി പറഞ്ഞു. എന്നാൽ, ബോർഡിന്റെ ഉത്തരവ് റദ്ദാക്കിയില്ല. വിഷയത്തിൽ 69 വർഷത്തിനു ശേഷമുള്ള ബോർഡിന്റെ ഉത്തരവ് നടപ്പാക്കാൻ സർക്കാരിന് ബാധ്യതയില്ലെന്നു ചൂണ്ടിക്കാണിക്കാനാണ് ഇക്കാര്യം വ്യക്തമാക്കിയതെന്നും പറഞ്ഞു.

മുനമ്പം ഭൂമി വഖഫായി പ്രഖ്യാപിച്ചതു പോലെയാണെങ്കിൽ ഭാവിയിൽ ഏതെങ്കിലും സമയത്ത് ഏതെങ്കിലുമൊക്കെ രേഖകളുടെ പേരിൽ താജ്മഹലും ചെങ്കോട്ടയും നിയമസഭാ മന്ദിരവും ഹൈക്കോടതി കെട്ടിടവുമൊക്കെ വഖഫായി പ്രഖ്യാപിക്കാവുന്ന അവസ്ഥയിലാണല്ലോ എന്ന് ഹൈക്കോടതി പറഞ്ഞു. ഇന്ത്യ പോലുള്ള മതനിരപേക്ഷ രാജ്യത്ത് ഇത്തരത്തിൽ വൈകിയതും വിചിത്രവുമായ അധികാരപ്രയോഗം കോടതിക്ക് അനുവദിക്കാനാവില്ലെന്ന് വ്യക്തമാക്കി.

സർവേ നടത്തുക, അർദ്ധ ജുഡീഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് സംസ്ഥാന സർക്കാരിനു കൈമാറുക, ഗസറ്റിൽ വിജ്ഞാപനം ചെയ്യുക തുടങ്ങിയ 1954, 1995 വഖഫ് നിയമങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ഭൂമി വഖഫ് ഭൂമിയായി പ്രഖ്യാപിക്കാനാവില്ല. അതിനാൽ സംസ്ഥാന സർക്കാരിന് അന്വേഷണ കമ്മീഷനെ നിയമിക്കാം. വഖഫ് ദാനമെന്നു പേരിട്ടതുകൊണ്ട്മാത്രം വഖഫ് ഭൂമിയാകുന്നില്ലെന്നും കോടതി പറഞ്ഞു.

ഭൂമി പിടിച്ചെടുക്കൽ തന്ത്രമാണ് ബോർഡിന്റേതെന്ന് കോടതി കുറ്റപ്പെടുത്തി. ഭൂമി ദൈവത്തിനുള്ള പൂർണ സമർപ്പണമാണെങ്കിൽ മാത്രമേ അതിനെ വഖഫ് ഭൂമിയായി കണക്കാക്കാനാകൂ. ഇവിടെ അതുണ്ടായിട്ടില്ല. വഖഫ് ബോർഡ് നിയമപരമായാണോ പ്രവർത്തിച്ചതെന്നു പരിശോധിക്കാൻ ഹൈക്കോടതിക്ക് അധികാരമുണ്ടെന്നും വ്യക്തമാക്കി.


# കേരളത്തിൽ പൊതുവിദ്യാലയങ്ങളോട് പ്രിയം വർദ്ധിക്കുന്നു

തിരുവനന്തപുരം: സ്കൂൾ മാറുമ്പോൾ കുട്ടികളുടെ തുടർപഠനത്തിന് രക്ഷിതാക്കൾ തെരഞ്ഞെടുക്കുന്നത് പൊതുവിദ്യാലയങ്ങളെന്ന് കണക്കുകൾ. എൽപി പഠനംകഴിഞ്ഞ് യുപിയും അതിനുശേഷം ഹൈസ്കൂളും തെരഞ്ഞെടുക്കുമ്പോഴാണ് ഈ ചുവടുമാറ്റം.

രണ്ടുവർഷത്തെ കണക്കിൽ അഞ്ചാംക്ലാസിലേക്ക് ശരാശരി 6500 പേരും എട്ടാംക്ലാസിൽ ശരാശരി 9000 പേരും സ്വകാര്യസ്കൂളിൽനിന്ന് പൊതുവിദ്യാലയങ്ങളിൽ ചേർന്നെന്നാണ് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കണക്ക്. സ്വകാര്യസ്കൂളുകളിലെ ഉയർന്ന ഫീസിനുപുറമേ, പൊതുവിദ്യാലയങ്ങളിലെ മെച്ചപ്പെട്ട അന്തരീക്ഷവും കാരണമാണെന്നാണ് പൊതുവിദ്യാഭ്യാസവകുപ്പ് വൃത്തങ്ങളുടെ വിശദീകരണം.

രണ്ടുമുതൽ 10 വരെ ക്ലാസുകളെടുത്താൽ അഞ്ചിലും എട്ടിലും മാത്രമാണ് കൂടുതൽ. അതായത്, എൽപിയും യുപിയും കഴിയുമ്പോഴാണ് സ്കൂൾമാറ്റമെന്നു വ്യക്തം. മറ്റു ക്ലാസുകളിൽ ശരാശരി 1500–2500 കുട്ടികളേ പൊതുവിദ്യാലയങ്ങളിലേക്കു മാറിയിട്ടുള്ളൂ. അതേസമയം, കഴിഞ്ഞ അധ്യയനവർഷത്തെക്കാൾ ഈ വർഷം പൊതുവിൽ കുട്ടികൾ കുറഞ്ഞിട്ടുണ്ട്. അതനുസരിച്ച്, സ്വകാര്യസ്കൂളുകളിൽ എണ്ണം കൂടിയിട്ടുമില്ല. ജനനനിരക്കിലെ കുറവ് പ്രതിഫലിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതാണ് കണക്കുകൾ.

# അരുന്ധതി റോയിയുടെ പുസ്തകവില്പന തടയില്ലെന്ന് കോടതി




കൊച്ചി: കവർപേജിൽ പുകവലി ചിത്രം ഉൾപ്പെടുത്തിയതിന്റെ പേരിൽ അരുന്ധതി റോയിയുടെ പുസ്തകം 'മദർ മേരി കംസ് ടുമി'യുടെ വില്പന തടയണമെന്നാവശ്യപ്പെട്ട് നല്കിയ പൊതുതാല്പര്യ ഹർജി ഹൈക്കോടതി തള്ളി. പൊതുതാല്പര്യഹർജി സ്വന്തം പബ്ലിസിറ്റിക്കു വേണ്ടിയും വ്യക്തിപരമായ അധിക്ഷേപം ലക്ഷ്യമാക്കിയും നല്കാനുള്ളതല്ലെന്നു ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരുടെ ഡിവിഷൻ ബെഞ്ച് ഹർജി തള്ളിയത്.

എഴുത്തുകാരി പുകവലിക്കുന്ന ചിത്രമുള്ള കവർപേജിൽ 'പുകവലി ആരോഗ്യത്തിന് ഹാനികരം' എന്നു മുന്നറിയിപ്പ് നല്കാത്തത് നിയമവിരുദ്ധമാണെന്ന് ആരോപിച്ച് അഡ്വ. രാജസിംഹൻ നല്കിയ ഹർജിയാണ് ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. പുകവലി നിയന്ത്രണത്തിനുള്ള 'കോട്പ' നിയമപ്രകാരം പരാതികൾ പരിഗണിക്കാൻ വിദഗ്ദ്ധ സ്റ്റിയറിങ് കമ്മിറ്റിയുണ്ടെന്നും അവിടെ സമീപിക്കാതെ ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നെന്നും കോടതി പറഞ്ഞു. പുസ്തകത്തിലെ നിരാകരണക്കുറിപ്പ് ഉൾപ്പെടെയുള്ള വസ്തുതകളും നിലവിലെ നിയമവും പരിഗണിക്കാതെയാണ് ഹർജിക്കാരൻ പൊതുതാല്പര്യ ഹർജിയുമായി കോടതിയെ സമീപിച്ചതെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു.

# ഓപ്പറേഷൻ ബ്ലൂസ്റ്റാർ തെറ്റായിരുന്നെന്ന് ചിദംബരം

ന്യൂഡൽഹി: ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് സുവർണ ക്ഷേത്രത്തിൽനിന്ന് തീവ്രവാദികളെ തുരത്താൻ നടത്തിയ 'ഓപ്പറേഷൻ ബ്ലൂസ്റ്റാർ' തെറ്റായിരുന്നുവെന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ പി. ചിദംബരത്തിന്റെ പരാമർശം വിവാദമായി. ആ തെറ്റിന് ഇന്ദിരാഗാന്ധിക്ക് സ്വന്തം ജീവനാണ് വിലയായി നൽകേണ്ടി വന്നതെന്ന് ഹിമാചൽ പ്രദേശിൽ നടന്ന 'ഖുശ്വന്ത് സിങ് സാഹിത്യോത്സവ'ത്തിലെ ചർച്ചയിൽ ചിദംബരം പറഞ്ഞു. പരാമർശത്തിൽ കോൺഗ്രസ് നേതൃത്വത്തിന് കടുത്ത അസംതൃപ്തിയുണ്ടെന്നാണു വിവരം. ഇത്തരം പ്രസ്താവനകൾ നടത്തുമ്പോൾ ജാഗ്രത പാലിക്കണമെന്ന് പാർട്ടി മുന്നറിയിപ്പു നൽകി.

മുംബൈ ഭീകരാക്രമണത്തിൽ ഇന്ത്യ തിരിച്ചടിക്കാതിരുന്നത് യുഎസ് സമ്മർദം മൂലമാണെന്ന് രണ്ടാഴ്ച മുൻപു ചിദംബരം നടത്തിയ പരാമർശവും കോളിളക്കമുണ്ടാക്കിയിരുന്നു. പാകിസ്ഥാനെതിരെ സൈനിക നടപടിക്ക് ഇന്ത്യ ആഗ്രഹിച്ചിരുന്നുവെങ്കിലും യുഎസ് പിന്തിരിപ്പിച്ചുവെന്നാണ് അദ്ദേ



ഹം പറഞ്ഞത്. 'ഇവിടെയുള്ള സൈനിക ഉദ്യോഗസ്ഥരോട് അനാദരവില്ല. പക്ഷേ സുവർണ ക്ഷേത്രം വീണ്ടെടുക്കാൻ സ്വീകരിച്ച മാർഗം (ബ്ലൂസ്റ്റാർ) തെറ്റായിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം സൈന്യത്തെ പുറത്തുനിർത്തി സുവർണക്ഷേത്രം വീണ്ടെടുക്കാനുള്ള ശരിയായ മാർഗം (ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ) നമ്മൾ കാണിച്ചുകൊടുത്തു' – ചിദംബരം പറഞ്ഞു. ഓപ്പറേഷൻ ബ്ലൂസ്റ്റാർ എന്ന തെറ്റ് സൈന്യം, പോലീസ്, ഇന്റലിജൻസ്, സിവിൽ സർവീസ് എന്നിവയുടെയെല്ലാം കൂട്ടായ തീരുമാനമായിരുന്നുവെന്നും അതിന്റെ കുറ്റം ഇന്ദിരാഗാന്ധിയുടെ മേൽ മാത്രം ചുമത്താനാവുമോയെന്നും അദ്ദേഹം ചോദിച്ചു.

ഖലിസ്ഥാൻ വാദമുയർത്തിയ സിഖ് ഭീകരർക്കെതിരെ 1984 ജൂണിൽ പഞ്ചാബിലെ സുവർണ ക്ഷേത്രത്തിൽ നടത്തിയ സൈനിക നടപടിയാണ് 'ഓപ്പറേഷൻ ബ്ലൂസ്റ്റാർ'. ചിദംബരത്തിന്റെ വാക്കുകൾ ആയുധമാക്കി ബിജെപി രംഗത്തെത്തി. കോൺഗ്രസിന്റെ അബദ്ധങ്ങൾ ചിദംബരം വളരെ വൈകിയാണ് സമ്മതിക്കുന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു.

# കരൂർ ദുരന്തം: സിബിഐ അന്വേഷിക്കും

ന്യൂഡൽഹി: കരൂരിൽ വിജയ്‌യുടെ റാലിക്കിടെ തിക്കിലും തിരക്കിലുംപെട്ട് 41 പേർ മരിച്ച സംഭവത്തിൽ അന്വേഷണം സിബിഐക്ക് വിട്ട് സുപ്രീംകോടതി. ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, എൻ.വി. അഞ്ജരിയ എന്നിവരടങ്ങിയ ബെഞ്ചാണ് അന്വേഷണം സിബിഐക്ക് വിട്ട് ഉത്തരവിറക്കിയത്.

കോടതി മേൽനോട്ടത്തിലായിരിക്കും അന്വേഷണം. ടിവികെ നല്കിയ ഹർജിയിലാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. കേസിൽ പ്രത്യേക അന്വേഷണസംഘത്തെ (എസ്ഐടി) പ്രഖ്യാപിച്ച മദ്രാസ് ഹൈക്കോടതിവിധിയും സുപ്രീംകോടതി റദ്ദാക്കി. സെപ്റ്റംബർ 27-നാണ് തമിഴക വെട്രി കഴകം അദ്ധ്യക്ഷനായ വിജയ് നടത്തിയ റാലിക്കിടയിൽ തിക്കിലും തിരക്കിലുംപെട്ട് 9 കുട്ടികളടക്കം 41 പേർ മരിച്ചത്.

മുൻ സുപ്രീംകോടതി ജഡ്ജ് അജയ് റസ്തോഗി അദ്ധ്യക്ഷനായ സമിതിക്കായിരിക്കും അന്വേഷണത്തിന്റെ മേൽനോട്ടം. വിരമിച്ച ജഡ്ജിക്കു പുറമെ രണ്ട് ഐപിഎസ് ഉദ്യോഗസ്ഥരും സമിതിയിൽ ഉണ്ടാകും. കരൂർ ദുരന്തത്തിൽ മരിച്ചവരുടെ പോസ്റ്റ്മോർട്ടം നാല് മണിക്കൂറിനുള്ളിൽ നടത്തിയോ എന്നും സുപ്രീംകോടതി ചോദിച്ചു. തമിഴ്നാട് സർക്കാരിനോടാണ് ഇക്കാര്യം കോടതി ചോദിച്ചത്. ദുരന്തത്തിൽ 146 പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 42
October 13, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

അദ്ധ്യാപകർ കൈയിലുള്ള വെളിച്ചം മറ്റുള്ളവരിലേക്ക് പകരുന്നവനാണ്.

**പ്ലേറ്റോ**

നാം കർമം ചെയ്യുന്നത് യജമാനനെപ്പോലെ ആയിരിക്കണം. അടിമയെപ്പോലെ ആയിരിക്കരുത്.

**സ്വാമി വിവേകാനന്ദൻ**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB
ACCREDITED BUSINESS
A+ Rating
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ആരോഗ്യപ്രവർത്തകരുടെ ജീവനും സുരക്ഷവേണം

താമരശേരി താലൂക്കാശുപത്രിയിൽ ഡോക്ടർക്ക് വെട്ടേറ്റ സംഭവം ആശങ്കയുളവാകുന്ന ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു. മകൾ മരിച്ച പിതാവിന്റെ മാനസികാവസ്ഥ എന്തുതന്നെയായാലും ആശുപത്രിയിലെ സുരക്ഷാവീഴ്ചയിലേക്കും എല്ലാ സംവിധാനങ്ങളും ഒരുക്കുമെന്ന സർക്കാർ ഉറപ്പുകളുടെ ലംഘനങ്ങളിലേക്കുമാണ് ഇത് വിരൽചൂണ്ടുന്നത്. വന്ദന ദാസ് സംഭവത്തിനുശേഷം ആശുപത്രിസുരക്ഷയ്ക്കുവേണ്ടി 224 പേരുടെ സ്ഥിരം ഡപ്യൂട്ടേഷൻ തസ്തിക സൃഷ്ടിക്കണമെന്നു സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു. യഥാർത്ഥത്തിൽ 637 തസ്തികകളാണ് വേണ്ടതെങ്കിലും സാമ്പത്തികബാദ്ധ്യത കണക്കിലെടുത്താണ് 224 പേർ മതിയെന്നാക്കിയത്. എന്നാൽ, അധികതസ്തികകൾ സൃഷ്ടിക്കുന്നതിനോട് ആഭ്യന്തരവകുപ്പുതന്നെ വിയോജിച്ചു. ആശുപത്രികളിലെ സുരക്ഷാജീവനക്കാരും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും കൃത്യമായി പ്രവർത്തിച്ചാൽ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കാനാകുമെന്നായിരുന്നു നിലപാട്. അങ്ങനെയുള്ള പ്രവർത്തനമൊന്നും കണ്ടില്ല. ആരോഗ്യപ്രവർത്തകർക്കു വെട്ടും കുത്തും ഏറ്റശേഷം പോലീസ് സംഘവും സെക്യൂരിറ്റിയും പാഞ്ഞെത്തിയിട്ട് എന്തുകാര്യം?

ഏറ്റവും ആശങ്കപ്പെടുത്തുന്ന മറ്റൊരു കാര്യമാണ് പരമ്പരാഗത ഡോക്ടർ-രോഗി ബന്ധത്തിൽ വന്ന തകർച്ച. രോഗികളോടും പരിചാരകരോടും ഒന്നും പറയേണ്ടതില്ലെന്ന ചില ഡോക്ടർമാരുടെ ധാർഷ്ട്യവും ഡോക്ടർ പറയുന്നതൊന്നും കേൾക്കാൻ തയാറാകാത്ത രോഗിയും പരിചാരകരും പ്രശ്നങ്ങൾ സങ്കീർണമാക്കുന്നു. ഇക്കാര്യത്തിൽ ഐഎംഎ പോലുള്ള പ്രഫഷണൽ സംഘടനകൾക്ക് കാര്യമായി ചെയ്യാൻ കഴിയും. തനിക്കു ലഭിക്കുന്ന ചികിത്സയെക്കുറിച്ചും താൻ കഴിക്കുന്ന മരുന്നുകളെക്കുറിച്ചും അറിയുകയെന്നത് രോഗിയുടെ അവകാശമാണ്. അതുപോലെതന്നെ പ്രധാനമാണ് അറിവും പരിചയസമ്പത്തുമുള്ള ഡോക്ടറുടെ വാക്കുകളെ വിശ്വാസത്തിലെടുക്കുകയെന്നതും. ഇന്റർനെറ്റും മറ്റും നല്കുന്ന യാഥാർത്ഥ്യമല്ലാത്ത പ്രതീക്ഷകൾ നിരാശയിലേക്കും അക്രമത്തിലേക്കും നയിക്കാറുണ്ട്.

ഇന്റർനെറ്റിൽനിന്നു കിട്ടുന്ന അറിവുകൾവെച്ച് എല്ലാറ്റിന്റെയും അവസാനവാക്ക് തങ്ങളാണെന്നു കരുതുന്നവരുടെ എണ്ണം കൂടിവരുന്നതും എരിതീയിൽ എണ്ണയൊഴിക്കുന്നുണ്ട്. ഇതിനു ചൂട്ടുപിടിക്കുന്നതാണ് ഇതേ മനോഭാവത്തോടെ അറിവില്ലായ്മയും അപക്വതയും ചേർത്ത് ചില മാധ്യമങ്ങൾ നടത്തുന്ന വിചാരണകൾ. ഒരു രോഗിക്കെന്തെങ്കിലും സംഭവിച്ചാൽ അതെല്ലാം ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ആശുപത്രികളുടെയും കുഴപ്പമാണെന്ന മുൻവിധി ഏറിവരുന്നതും അക്രമസംഭവങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്.

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആശുപത്രി സംരക്ഷണ നിയമം പാസാക്കുകയാണ് സർക്കാർ ചെയ്ത ഏകകാര്യം. നിയമത്തിന്റെ അനുബന്ധകാര്യങ്ങൾ ഇപ്പോഴും ഇരുട്ടിൽത്തന്നെ. ആശുപത്രികളെ മൂന്നു വിഭാഗങ്ങളായി തിരിച്ചു സുരക്ഷ ശക്തമാക്കുമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ആദ്യവിഭാഗത്തിൽ വരുന്ന മെഡിക്കൽ കോളജുകൾ, ജില്ലാ, ജനറൽ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ എന്നിവിടങ്ങളിൽ പോലീസ് ഔട്ട്പോസ്റ്റ്; അവിടെ എസ്ഐ, എഎസ്ഐ, സിപിഒ എന്നിവരെ ഡപ്യൂട്ടേഷനിൽ നിയോഗിക്കൽ എന്നിവ നിയമത്തിൽ പറയുന്നു. എല്ലാ ആശുപത്രികളിലും സിസിടിവി ക്യാമറകളും മുന്നറിയിപ്പു സംവിധാനവും സ്ഥാപിക്കും. ആറ് മാസം കൂടുമ്പോൾ സുരക്ഷാ ഓഡിറ്റ് നടത്തും. പ്രതികളെയും അക്രമസ്വഭാവമുള്ളവരെയും ആശുപത്രിയിൽ കൊണ്ടുവരുമ്പോൾ പ്രത്യേക സുരക്ഷ ഏർപ്പെടുത്തും. അങ്ങനെയും പോകുന്നു വ്യവസ്ഥകൾ. പക്ഷേ, ഇതെല്ലാം കടലാസിലേയുള്ളൂ എന്നു തെളിയിക്കുന്നതാണ് സർക്കാർ ആശുപത്രികളിലെ സ്ഥിതിയും ജോലിസാഹചര്യവും.

ഡോക്ടർമാരുടെയും നേഴ്സുമാരുടെയും കടുത്ത ക്ഷാമമാണ് സർക്കാർ ആശുപത്രികളിൽ നേരിടുന്നത്. രോഗികളുടെ എണ്ണം ദിനംപ്രതി വർധിക്കുകയും ചെയ്യുന്നു. ഒരു ഒപി ഡോക്ടർക്ക് ഒരു രോഗിക്കായി നൽകാനാകുന്ന സമയം രണ്ടു മിനിറ്റിൽ താഴെമാത്രം. തിരക്കുപിടിച്ചുള്ള ഈ പരിശോധനയ്ക്കിടയിൽ സ്വന്തം സുരക്ഷകൂടി സ്വയം നോക്കേണ്ടിവരുന്ന അവസ്ഥ ആരോഗ്യപ്രവർത്തകരെ മാനസികമായി തളർത്തുകയേയുള്ളൂ. സംവിധാനത്തിന്റെ പൂർണ പരാജയമാണ് കൊട്ടാരക്കരയിലെ വന്ദന ദാസ് കൊല്ലപ്പെട്ടതിനു കാരണമെന്നാണ് ഹൈക്കോടതി വിമർശിച്ചത്. എന്നിട്ടും കേരളത്തിന്റെ നട്ടെല്ലായ ആരോഗ്യപ്രവർത്തകരുടെ സംരക്ഷണത്തിനുവേണ്ടി പ്രഖ്യാപനങ്ങൾക്കപ്പുറം എന്തെങ്കിലും ചെയ്യാൻ വിസമ്മതിക്കുന്ന സർക്കാരിന്റെ അനാസ്ഥയ്ക്കു കടുത്ത ചികിത്സതന്നെ വേണ്ടിവരും.

അതുപോലെ ആരോഗ്യപ്രവർത്തകരും മാറിയ കാലത്തിനനുസരിച്ച് പക്വതയോടെ രോഗികളും പരിചാരകരുമായി ഇടപെടണം. ഇരുകൂട്ടർക്കുമിടയിൽ വ്യക്തമായ ആശയവിനിമയം നടക്കണം. സംഘർഷങ്ങളുണ്ടാകുമ്പോൾ അതു വഷളാകാതെ നോക്കാൻ സാമൂഹ്യപ്രവർത്തകരും ജനപ്രതിനിധികളും നേതാക്കളും കരുതലോടെ ഇടപെടണം. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും മഹത്തായ സേവനമാണ് ചെയ്യുന്നത്. തങ്ങൾ ചികിത്സിക്കുന്ന രോഗിയുടെ ജീവൻ നഷ്ടപ്പെടാൻ ബോധപൂർവ്വം ആരും ആഗ്രഹിക്കില്ലല്ലോ. ബോധപൂർവമായ തെറ്റുകളുണ്ടായാൽ നിയമവ്യവസ്ഥ കർശനമായി ഇടപെടണം. ഓരോ രോഗിയുടെയും ജീവൻ വിലപ്പെട്ടതാണ്. അതുപോലെതന്നെയാണ് ആരോഗ്യപ്രവർത്തകരുടെ ജീവനും എന്ന കാര്യം ആരും മറക്കരുത്.

# ശിശുപരിപാലനത്തിൽ സർക്കാരിന് ഗുരുതര വീഴ്ചയെന്ന് സിഎജി റിപ്പോർട്ട്

തിരുവനന്തപുരം: കേരളത്തിലെ ശിശുപരിപാലന കേന്ദ്രങ്ങളിൽ ഗുരുതരമായ ഭരണ വീഴ്ചകളും തീരുമാനങ്ങൾ എടുക്കുന്നതിൽ അനാവശ്യ കാലതാമസവും കണ്ടെത്തി. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്. 2023 മാർച്ച് വരെ അഞ്ച് ജില്ലകളിലെ 165 ശിശുപരിപാലന കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ഇതിനായി ജില്ലാ മജിസ്ട്രേട്ടുമാർക്ക് അപേക്ഷ കൈമാറുന്നതിൽ കാലതാമസം നേരിട്ടു. ജില്ലാ മജിസ്ട്രേട്ടുമാരുടെ പരിശോധനകളും വൈകി.

ജുവനൈൽ ജസ്റ്റിസ് ബോർഡുകൾക്കും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ 447 ദിവസത്തെ കാലതാമസമുണ്ടായി.

ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും തീരുമാനങ്ങളിൽ ഈ റിപ്പോർട്ടുകൾ നിർണായക പങ്കാണ് വഹിക്കുന്നത്. ഇവ തയാറാക്കുന്നതിലെ കാലതാമസം കുട്ടികൾക്ക് അനുകൂലമല്ലാത്ത തീരുമാനങ്ങൾക്കു കാരണമാകും.

ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നതുമായ കുട്ടികളെ അവർക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പരിശോധിച്ചപ്പോൾ ലഹരിമരുന്ന്, മദ്യം എന്നിവയിൽനിന്ന് വിമുക്തരാകേണ്ട കുട്ടികൾക്ക് പ്രത്യേക പരിചരണവും ചികിത്സയും നൽകുന്നില്ലെന്നു കണ്ടെത്തിയതായും നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

വയനാട് ജില്ലയിൽ ഒരു ന്യൂ മോഡൽ ഡിഗ്രി കോളജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 2018 ജൂലൈയിൽ അംഗീകാരം ലഭിച്ചെങ്കിലും നിർമാണം ആരംഭിച്ചിട്ടില്ല. കണ്ണൂർ സർവകലാശാലയിലെ സെമിനാർ കോംപ്ലക്സിന്റെ നിർമാണത്തിൽ മാർഗനിർദേശങ്ങൾ അവഗണിച്ച് സിൻഡിക്കറ്റ് അധിക അഡ്വാൻസ് അനുവദിച്ചു. റൂസ ഫണ്ടിൽ നിന്ന് 5.13 കോടി ചെലവഴിച്ചിട്ടും അഞ്ച് വർഷം കൊണ്ട് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. റൂസ ധനസഹായം ലഭിച്ച 157 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് പദ്ധതി നടത്തിപ്പിന്റെ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ജിയോ ടാഗ് ചെയ്തിട്ടുള്ളത്.

ഇത് കൂടാതെ വലിയതുറയിലെ നാളികേര നേഴ്സറിയിൽ 1.28 ലക്ഷത്തിന്റെ ക്രമക്കേട് കണ്ടെത്തി. കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നതിലെ ഏകോപനമില്ലായ്മ കാരണം രണ്ട് കെട്ടിടങ്ങൾക്കായി 15.03 കോടിയുടെ അനാവശ്യച്ചെലവുണ്ടായി.

ഉപകരണങ്ങൾക്കായി 5.05 കോടിയും അനാവശ്യമായി ചെലവിട്ടു. വട്ടവടയിൽ 2.45 കോടി ചെലവിൽ ഗതാഗതയോഗ്യമല്ലാത്ത സ്ഥലത്ത് കാർഷിക മാർക്കറ്റ് സ്ഥാപിച്ചു. ഉദ്ഘാടനം കഴിഞ്ഞ് നാല് വർഷം പിന്നിട്ടിട്ടും ഈ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

കണ്ണൂർ സർവകലാശാലയിലെ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ അഞ്ച് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. 2.20 കോടിക്ക് വാങ്ങിയ നാല് ഉപകരണങ്ങൾ വിവിധ വകുപ്പ് മേധാവികളുടെ പക്കലാണെന്നും റിപ്പോർട്ടിൽ പറയുന്നു.

# അഫ്ഗാനിസ്ഥാനുമായി ഇന്ത്യ ബന്ധം പുനഃസ്ഥാപിക്കുന്നു

ന്യൂഡൽഹി: അഫ്ഗാനിസ്ഥാനുമായി പൂർണതോതിൽ നയതന്ത്രബന്ധം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി കാബൂളിലെ ഇന്ത്യൻ ദൗത്യസംഘത്തെ എംബസിയായി ഉയർത്തുമെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

ഇന്ത്യ സന്ദർശിച്ച താലിബാൻ വിദേശകാര്യമന്ത്രി ആമീർഖാൻ മുത്തഖിയുമായുള്ള കൂടിക്കാഴ്ചയിലാണ് എസ്. ജയശങ്കർ ഇക്കാര്യം അറിയിച്ചത്. അയൽരാജ്യമായ അഫ്ഗാന്റെ പുരോഗതിയിൽ ഇന്ത്യക്ക് അതീവതാല്പര്യമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

അഫ്ഗാന്റെ അഖണ്ഡതയിലും പരമാധികാരത്തിലും സ്വാതന്ത്ര്യത്തിലും ഇന്ത്യക്ക് പൂർണമായ പ്രതിബദ്ധതയുണ്ട്. കാബൂളിലെ ഇന്ത്യയുടെ സാങ്കേതിക ദൗത്യസംഘത്തെ എംബസിയായി ഉയർത്തും. അഫ്ഗാനിൽ ഇന്ത്യയുടെ പിന്തുണയോടെ നടപ്പാക്കുന്ന പദ്ധതികൾ ചൂണ്ടിക്കാട്ടിയ മന്ത്രി ജയശങ്കർ അവിടെ ആറ് വികസനപദ്ധതികൾ കൂടി പുതുതായി ഏറ്റെടുക്കുമെന്നും അറിയിച്ചു.

കോവിഡ് കാലത്തുൾപ്പെടെ അഫ്ഗാൻ ജനതയ്ക്ക് ഇന്ത്യ ആരോഗ്യ മേഖലയിൽ നല്കിയ സഹായങ്ങൾ ജയശങ്കർ ചൂണ്ടിക്കാട്ടി.

നയതന്ത്രബന്ധം പുനഃസ്ഥാപിച്ചതിന്റെ ഭാഗമായി 20 ആംബുലൻസുകൾ, ഹൈടെക് മെഡിക്കൽ ഉപകരണങ്ങൾ, വാക്സിനുകൾ, അർബുദമരുന്നുകൾ എന്നിവ ഉടൻ നല്കും.

നാലുവർഷം മുമ്പ് അഫ്ഗാനിൽ താലിബാൻ വീണ്ടും ഭരണത്തിലേറിയതോടെ, കാബൂളിലെ നയതന്ത്രദൗത്യത്തിന്റെ എംബസി പദവി ഇന്ത്യ പിൻവലിച്ചിരുന്നു. പ്രധാന നഗരങ്ങളിലെ കോൺസലേറ്റുകൾ അടച്ചുപൂട്ടുകയും ചെയ്തു. താലിബാനും അന്നത്തെ യുഎസ് പിന്തുണയുള്ള അഫ്ഗാൻ സർക്കാരുമായി പോരാട്ടം കനത്തതോടെ സൈനികവിമാനങ്ങൾ അയച്ചാണ് ഇന്ത്യ നയതന്ത്ര ഉദ്യോഗസ്ഥരെയും ജീ



വിദേശകാര്യമന്ത്രി എസ്. ജയശങ്കറിനൊപ്പം ഇന്ത്യാ സന്ദർശനത്തിനെത്തിയ അഫ്ഗാനിസ്ഥാനിലെ താലിബാൻ വിദേശകാര്യമന്ത്രി ആമീർ ഖാൻ മുത്തഖി

വനക്കാരെയും തിരികെ കൊണ്ടുവന്നത്. പിന്നീട് 10 മാസത്തിനുശേഷം സാങ്കേതികതലത്തിൽ ഒരു ഉദ്യോഗസ്ഥ സംഘത്തെ ഇന്ത്യ കാബൂളിലേക്ക് അയച്ചെങ്കിലും എംബസി പ്രവർത്തനം പുനരാരംഭിച്ചില്ല.


നയതന്ത്ര ഉദ്യോഗസ്ഥരെ കാബൂളിലേക്ക് അയച്ചാൽ മതിയായ സുരക്ഷ നല്കാമെന്ന് താലിബാൻ ഭരണകൂടം ഉറപ്പു നല്കിയതിനേത്തുടർന്നാണ് ഇന്ത്യൻ നടപടി.

ഇന്ത്യാവിരുദ്ധ ശക്തികൾക്ക് അഫ്ഗാന്റെ മണ്ണിൽ ഇടം നല്കില്ലെന്ന് താലിബാൻ വിദേശകാര്യമന്ത്രി ന്യൂഡൽഹിയിൽ പ്രഖ്യാപിച്ചതോടെയാണ് നയതന്ത്രബന്ധം പുനഃസ്ഥാപിക്കാൻ ഇപ്പോൾ വഴിതെളിഞ്ഞത്.

അഫ്ഗാനിൽ പാക്കിസ്ഥാൻ നടത്തിയ സൈനിക നടപടിയുടെ പശ്ചാത്തലത്തിൽക്കൂടിയാണ് ഇന്ത്യയോട് താലിബാൻ കൂടുതൽ അടുക്കുന്നത്.

കഴിഞ്ഞ ഏപ്രിൽ 27-ന് ജമ്മുകശ്മീരിലെ പഹൽഗാമിൽ പാക്കിസ്ഥാൻ നടത്തിയ ഭീകരാക്രമണത്തെ അഫ്ഗാനിസ്ഥാൻ അപലപിച്ചിരുന്നു.

ചൈനയും പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനിൽ സ്വാധീനമുറപ്പിക്കുന്നത് തടയുകയെന്ന ലക്ഷ്യവും ഇന്ത്യയ്ക്കുണ്ട്.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാം: ബിൽ നിയമസഭ പാസാക്കി

തിരുവനന്തപുരം: മനുഷ്യരെ ആക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാൻ അധികാരം നൽകുന്ന 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലും സ്വകാര്യഭൂമിയിലെ ചന്ദനമരം വനംവകുപ്പ് മുഖേന മുറിച്ച് വിൽക്കാൻ അനുമതി നൽകുന്ന കേരള വന (ഭേദഗതി) ബില്ലും നിയമസഭ പാസാക്കി. ശബരിമല വിഷയത്തിൽ പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചതിനാൽ പ്രതിപക്ഷത്തിന്റെ അസാന്നിധ്യത്തിലാണു ബില്ലുകൾ പാസാക്കിയത്.

ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗം ഒരാളെ ആക്രമിച്ച് പരുക്കേൽപ്പിച്ചാൽ ഉടൻതന്നെ കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണു വന്യജീവി സംരക്ഷണ ഭേദഗതി ബിൽ. വന്യജീവി ആക്രമണത്തിൽ ആർക്കെങ്കിലും ഗുരുതര പരുക്കേറ്റാൽ കളക്ടറോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ അക്കാര്യം ചീഫ് വൈൽഡ് ലൈഫ് വാർഡന് റിപ്പോർട്ട് ചെയ്താൽ അദ്ദേഹത്തിനു മറ്റ് നടപടിക്രമങ്ങൾക്കായി സമയം പാഴാക്കാതെ അക്രമകാരിയായ വന്യമൃഗത്തെ കൊല്ലുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ അധികാരം നൽകുന്നതാണു ബിൽ. പട്ടിക രണ്ടിലെ വന്യമൃഗങ്ങളുടെ എണ്ണം വർധിച്ചാൽ അവയുടെ ജനന നിയന്ത്രണം നടത്തൽ, മറ്റ് സ്ഥലങ്ങളിലേക്കു നാടുകടത്തൽ എന്നിവയ്ക്കും ബില്ലിൽ വ്യവസ്ഥയുണ്ട്. നാടൻ കുരങ്ങുകളെ പട്ടിക ഒന്നിൽനിന്നു പട്ടിക രണ്ടിലേക്കു മാറ്റുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടിക രണ്ടിലെ ഏതു വന്യമൃഗത്തെയും അവയുടെ എണ്ണം അനിയന്ത്രിതമായി വർധിച്ചുവെന്നു കണ്ടാലും, വനത്തിന്റെയോ സംരക്ഷിത പ്രദേശങ്ങളുടെയോ അതിർത്തിക്കു പുറത്തുള്ള ഏതെങ്കിലും കാർഷിക വിളകൾക്ക് ഭീഷണിയായി മാറിയാലും അവയെ ക്ഷുദ്രജീവി ആയി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിൽ ഭേദഗതി കൊണ്ടുവരുന്നത്. നിയമസഭ പാസാക്കുന്ന ബിൽ ഗവർണറുടെ അംഗീകാരത്തിന് അയയ്ക്കണം. കേന്ദ്രനിയമത്തിലെ ഭേദഗതിയായതിനാൽ രാഷ്ട്രപതിയുടെ അംഗീകാരം നേടിയാൽ മാത്രമേ ബിൽ നിയമമാവുകയുള്ളൂ.

കേന്ദ്രനിയമവുമായി ബന്ധപ്പെട്ടതായതിനാൽ ബില്ലുമായി ബന്ധപ്പെട്ട് ചില കടമ്പകൾ കടക്കേണ്ടതുണ്ടെന്നും അതിന് ഒറ്റക്കെട്ടായ പരിശ്രമം വേണമെന്നും ബില്ലിന്മേൽ നടന്ന ചർച്ചയ്ക്കുള്ള മറുപടിയിൽ വനം മന്ത്രി എ.കെ. ശശീന്ദ്രൻ ചൂണ്ടിക്കാട്ടി. പ്രതിപക്ഷത്തിന്റെ ഇരട്ടത്താപ്പ് ജനം തിരിച്ചറിയും. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനായി സർക്കാർ നീക്കിവെച്ച തുകയുടെ 75 ശതമാനവും വിതരണം ചെയ്തു. മറിച്ചുള്ള വാർത്തകൾ അവാസ്തവമാണ്. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതു തുടരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ വനംവകുപ്പ് മുഖേന മുറിച്ച് വിൽക്കാൻ അനുമതി നൽകുന്നതാണു കേരള വനം (ഭേദഗതി) ബിൽ. കുറ്റകൃത്യങ്ങൾക്കെതിരെ നടപടി എടുക്കാനുള്ള അധികാരം ഫോറസ്റ്റ് വാച്ചർമാർക്കും നൽകുന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തിക്കൊണ്ടാണു ബിൽ പാസാക്കിയത്.

വിമർശനത്തിന്റെ പശ്ചാത്തലത്തിൽ ബില്ലിലെ ഫോറസ്റ്റ് ഓഫീസർ എന്ന നിർവചനത്തിലെ 'വാച്ചർ' എന്നത് 'ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്' എന്നു തിരുത്തി. അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം ഇവർക്കില്ലെന്നും ബില്ലിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

# ചികിത്സാപ്പിഴവ് ആരോപിച്ച് ഡോക്ടറെ വെട്ടി പരുക്കേൽപ്പിച്ചു

താമരശ്ശേരി: ചികിത്സപ്പിഴവ് ആരോപിച്ച് താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഡോക്ടറെ വെട്ടിപ്പരുക്കേൽപിച്ചു. അമീബിക് മസ്തിഷ്കജ്വരം ബാധിച്ചു മരിച്ച ഒൻപത് വയസ്സുകാരി അനയയുടെ പിതാവ് ആനപ്പാറപൊയിൽ സനൂപാണ് (40) അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ ടി.പി. വിപിനെ കൊടുവാൾകൊണ്ടു വെട്ടിയത്. തലയിൽ ഗുരുതരമായ പരുക്കേറ്റ വിപിനെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ശസ്ത്രക്രിയ നടത്തി. നില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. സനൂപിനെ കോടതി രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തു.



ഒക്ടോബർ എട്ടിന് ഉച്ചയ്ക്ക് ഒന്നരയോടെയാണു സംഭവം. ആശുപത്രിയുടെ മുകൾനിലയിൽ, സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള യോഗത്തിലായിരുന്നു ഡോ. വിപിൻ. മറ്റൊരു രോഗിയുടെ ലാബ് റിപ്പോർട്ട് വിവരങ്ങൾ ബന്ധുക്കളെ അറിയിക്കാൻ താഴത്തെ നിലയിൽ സൂപ്രണ്ടിന്റെ മുറിയിൽ എത്തിയപ്പോഴാണ് ആക്രമണം. രോഗിയുടെ ബന്ധുക്കളുമായി സംസാരിച്ചിരിക്കുമ്പോൾ 'എന്റെ മകളെ കൊന്നവനല്ലേടാ' എന്ന് ആക്രോശിച്ച് അകത്തു കയറിയ സനൂപ് ബാഗിൽനിന്നു കൊടുവാൾ എടുത്തു വെട്ടി. സമീപത്തുണ്ടായിരുന്ന ലാബ് ജീവനക്കാരായ സുധാകരൻ, വി.വി. അനിൽ എന്നിവരടക്കമുള്ള ജീവനക്കാർ ഇയാളെ മുറിയിൽ പൂട്ടിയിട്ടു പോലീസിനെ അറിയിച്ചു.

ഓഗസ്റ്റ് 14-നു രാവിലെയാണ് അനയയെ പനി ബാധിച്ചു താമരശ്ശേരി ആശുപത്രിയിൽ എത്തിച്ചത്. വൈകിട്ടു പനി നിയന്ത്രണാതീതമായപ്പോൾ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു റഫർ ചെയ്തു. അവിടെ എത്തിക്കും മുൻപ് മരിച്ചു. അനയയ്ക്ക് അമീബിക് മസ്തിഷ്കജ്വരമായിരുന്നുവെന്ന് സെപ്റ്റംബർ മൂന്നിനു സ്ഥിരീകരിച്ചു. അനയയുടെ രണ്ട് സഹോദരങ്ങൾക്കും അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചെങ്കിലും ഭേദമായി. താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ അനാസ്ഥകാരണമാണ് മകൾ മരിച്ചതെന്നാരോപിച്ചായിരുന്നു ആക്രമണം. അതിനിടെ, അടിയന്തരമായി സുരക്ഷാസംവിധാനങ്ങൾ തുടങ്ങുന്നതുവരെയും മാനവ വിഭവശേഷിക്കുറവ് പരിഹരിക്കുന്നതുവരെയും താമരശേരി താലൂക്ക് ആശുപത്രിയിലുള്ള അത്യാഹിത വിഭാഗം ഉൾപ്പെടെയുള്ള യാതൊരു സേവനവും നൽകുന്നതല്ലെന്ന് കെജിഎംഒഎ നേതാക്കൾ അറിയിച്ചു.

# നവി മുംബൈ വിമാനത്താവള നിർമാണം: ആദ്യഘട്ട ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു

മുംബൈ: 19,650 കോടി രൂപ ചെലവിൽ നിർമിക്കുന്ന നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആദ്യഘട്ട ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. 1,160 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന വിമാനത്താവളം വ്യോമയാന മേഖലയ്ക്കു കൂടുതൽ കരുത്തു പകരുമെന്നും നിലവിലുള്ള ഛത്രപതി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഗതാഗതത്തിരക്ക് ലഘൂകരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.



നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആദ്യഘട്ട ഉദ്ഘാടനച്ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

ഔപചാരിക ഉദ്ഘാടനത്തിനു മുമ്പ്, നിർമാണം നടന്നുകൊണ്ടിരിക്കുന്ന മേഖലയിൽ പ്രധാനമന്ത്രി കാൽനടയാത്ര നടത്തി.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് പ്രോജക്ട് ആണെന്നും മുംബൈ നഗരത്തിലെ രണ്ടാമത്തെ വലിയ വിമാനത്താവളമാണെന്നും അദ്ദേഹം പറഞ്ഞു.

12,200 കോടി രൂപ ചെലവിൽ നിർമിക്കുന്ന മുംബൈ മെട്രോ ലൈനിന്റെ രണ്ടാംഘട്ട ഉദ്ഘാടനവും മോദി നിർവഹിച്ചു. ആചാര്യ അത്രേ ചൗക്ക് മുതൽ കഫേ പരേഡ് വരെ നീളുന്ന മെട്രോ ലൈനാണിത്.

ഇതോടൊപ്പം 37,270 കോടി ചെലവിൽ നിർമിച്ച മെട്രോ ലൈൻ-3 ന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# ലിറ്റ്സി കുരിശുങ്കൽ ഇല്ലിനോയ് നിയമനിർമ്മാണ സഭയിലേക്ക് മത്സരിക്കുന്നു


**റോയ് മുളകുന്നം**

ചിക്കാഗോ: നമ്മുടെ അസ്തിത്വം നിലനിർത്താൻ ധാരാളം അസോസിയേഷനുകളും സംഘടനകളും ആരംഭിക്കുകയും ആളെണ്ണം കൂടുമ്പോൾ അത് പിളരുകയും പുതിയതിന് നേതൃത്വം കൊടുക്കുകയും ചെയ്യുമ്പോൾ അതിൽ നിന്നെല്ലാം വ്യത്യസ്തമായി മലയാളികൾക്കെല്ലാം അഭിമാനമായി ലിറ്റ്സി കുരിശുങ്കൽ അമേരിക്കൻ പൊതു രാഷ്ട്രീയത്തിൽ ഇറങ്ങി ഇല്ലിനോയി എന്ന അമേരിക്കയിലെ ജനസംഖ്യാടിസ്ഥാനത്തിൽ വലിപ്പത്തിൽ ആറാമത്തെ വലിയ സംസ്ഥാന നിയമനിർമ്മാണ സഭയിലേക്ക് ഡിസ്ട്രിക്ട് 12-ൽ (Goldcoast, Lincoln Park, Lakeview) നിന്നു തെരഞ്ഞെടുക്കപ്പെടുവാൻ ഒരു മത്സരത്തിലേക്ക് കടന്നിരിക്കുകയാണ്.

കേംബ്രിഡ്ജ്, ഹാർവാർഡ് സർവ്വകലാശാലകളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ ലിറ്റ്സി കുരിശുങ്കൽ പൊളിറ്റിക്കൽ ആക്ടിവിസ്റ്റ്, ഹ്യൂമൻ റൈറ്റ്സ് പ്രൊഫഷണൽ Women for Harris-Walz grassroot coalition-നുവേണ്ടി National Voting Rights Campaign ലീഡ് ചെയ്യുകയും 2020-ലെ യുഎസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പ് കാമ്പയിൻ മുതൽ Women for Biden-Harris (WIBH)-ന്റെ ഇല്ലിനോയ് സ്റ്റേറ്റ് കോ-ലീഡ് ആയും 2022-ലെ മിഡ് ടേം ഇലക്ഷനിൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇല്ലിനോയിയുടെ റീജനൽ ഓർഗനൈസിങ് ഡയറക്ടറായും ഇന്ത്യ-അമേരിക്കൻ ഡെമോക്രാറ്റിക് ഓർഗനൈസേഷൻ Harvard Women for Defence, Diplomacy and Development (W3D) എന്നിവയുടെ ബോർഡ് മെംബറായും പ്രവർത്തിച്ചിട്ടുണ്ട്. സെനറ്റർ റാം വിലിവാലവും സ്റ്റേറ്റ് പ്രതിനിധി തെരേസ മഹും നേതൃത്വം നല്കുന്ന ഏഷ്യൻ അമേരിക്കൻ നിയമനിർമ്മാണ കാകസ് ലിറ്റ്സിയെ എൻഡോഴ്സ് ചെയ്തിട്ടുണ്ട്. ഹാർവാർഡ് ക്ലബ് ഓഫ് ചിക്കാഗോയുടെ ബോർഡ് അംഗമായി പ്രവർത്തിച്ചുവരുന്ന ലിറ്റ്സി ബാലതൊഴിലിനെതിരെ നോബൽ സമാധാന പുരസ്കാര ജേതാവ് കൈലാഷ് സത്യാർത്ഥിയുമായി ചേർന്നു പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ഐക്യരാഷ്ട്രസഭയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും (UN &ILO) നടത്തുന്ന പദ്ധതികളിലും പ്രവർത്തനമുണ്ടായിരുന്നു. ലിറ്റ്സിയുടെ സ്ഥാനാർത്ഥിത്വം മലയാളി സമൂഹത്തിന് തന്നെ അഭിമാനമാണ്.


ലിറ്റ്സി കുരിശുങ്കൽ


ജെയ്ബു കുളങ്ങര


സണ്ണി വള്ളിക്കളം


ബിജു കിഴക്കേക്കുറ്റ്


സ്കറിയാക്കുട്ടി തോമസ്


റ്റോമി മെതിപ്പാറ


പീറ്റർ കുളങ്ങര


ജോൺ പാട്ടപ്പതി

വള്ളത്തോൾ കവിതകൾ പറയുന്നതുപോലെ നമ്മൾ നമ്മളെ തന്നെ അറിയുന്നത് അമ്മയിലൂടെ എന്നപോലെ നമ്മൾ ലോകത്തെ അറിയുന്നത് നമ്മുടെ മാതൃഭാഷയിലൂടെയാണ്. ലോകത്ത് എവിടെ എത്തിയാലും നാം അവിടെ ജീവിക്കുവാൻ സ്വയം പരുവപ്പെടുക, അവിടങ്ങളിലെ സംസ്കാരങ്ങളെയും ജീവിതരീതികളെയും ബഹുമാനിക്കുകയും സ്വായത്തമാക്കുകയും ചെയ്യുക വഴിയാണ്. ഇത് മലയാളികൾക്കുള്ള ഒരു സവിശേഷതയാണ്. ഇതിനൊരു ഉദാഹരണമാണ് ലിറ്റ്സി കുരിശുങ്കൽ.

അമേരിക്കൻ പ്രസിഡണ്ടുമാർ എന്ന നിലയിൽ മാത്രമല്ല ലോകനേതാക്കളായ മാറിയ, ലോകം എന്നും ആദരിക്കുന്ന ഏബ്രഹാം ലിങ്കണും ബറാക് ഒബാമയും തങ്ങളുടെ രാഷ്ട്രീയ നിയമനിർമ്മാണസഭാ പ്രവർത്തനങ്ങളുടെ പ്രാരംഭം കുറിച്ച ഇല്ലിനോയി നിയമനിർമ്മാണ സഭയിലേക്ക് ഏറ്റവും പുരോഗമന കാഴ്ചപ്പാടുകളുള്ള ലിറ്റ്സി കുരിശുങ്കലിന്റെ വിജയം പുതിയ പുതിയ നിയമ നിർമ്മാണങ്ങളിൽ തന്റെ കാഴ്ചപ്പാടുകൾ പ്രതിദ്ധ്വനിക്കും എന്ന് നമുക്കു വിശ്വസിക്കാം. ആ ഉറപ്പ് ലിറ്റ്സി നമുക്ക് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ലിറ്റ്സി കുറിശുങ്കലിന്റെ വിജയത്തിനായി ഇന്ത്യൻ സമൂഹം ഒന്നായിത്തന്നെ പ്രവർത്തിച്ചുവരുന്നു. ഫൊക്കാന മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജെയ്ബു കുളങ്ങര, ഫോമാ മുൻ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ഇന്ത്യാ പ്രസ്ക്ലബ് മുൻ പ്രസിഡണ്ട് ബിജൂ കിഴക്കേക്കുറ്റ്, സ്കറിയാക്കുട്ടി തോമസ്, റ്റോമി മെതിപ്പാറ, പീറ്റർ കുളങ്ങര, ജോൺ പാട്ടപ്പതി തുടങ്ങിയ സാമൂഹിക രാഷ്ട്രീയ നേതാക്കളുടെ നേതൃത്വത്തിൽ ഫണ്ട് റെയ്സിങ് കാമ്പയിൻ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

2025 ഒക്ടോബർ 17-ന് വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ പള്ളി ഹാളിൽ വിപുലമായ കാമ്പയിൻ, ഫണ്ട് റെയ്സിങ് സമ്മേളനം നടക്കുന്നു.

പ്രസ്തുത സമ്മേളനത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി അംഗങ്ങൾ അറിയിക്കുന്നു.

# ഓർമ്മയിൽ എന്റെ ഗ്രാമം


ലൂസി കണിയാലി, ചിക്കാഗോ

മനസ്സിനെന്നും കുളിർകാറ്റായ് തഴുകുന്ന
നനുത്ത ഓർമ്മകളിലെന്റെ ഗ്രാമം
പച്ചപുതപ്പിട്ടു മൂടി തളിർത്തും
തരളിതമാക്കിയും ഒരിക്കലെന്നെ
ഒക്കത്തുവച്ചു നടന്നയെൻ കൊച്ചുഗ്രാമം
കൈപ്പുഴയാണെന്റെ പുണ്യഗ്രാമം

കുഞ്ഞിക്കാലുകളോടിയ മുറ്റത്തു ഞാൻ നട്ട
നാലുമണിച്ചെടികളിൽ നിറഞ്ഞ പൂക്കളും
കുറുമൊഴിമുല്ലപ്പൂക്കളും ഞാൻ ചവിട്ടിയ
ഇലഞ്ഞിപ്പൂക്കളും മുത്തമിട്ട റോസാപ്പൂക്കളും
ചാവടിത്തിണ്ണയിലെ ചാരുകസേരയിൽ
എന്നുമെന്റെ മുത്തച്ഛന്റെ ഗന്ധം
മണലുനിറഞ്ഞ മുറ്റത്തെ മഴവെള്ളക്കെട്ടിൽ
തുള്ളിക്കളിച്ചെന്റെ കടലാസുതോണികൾ.

അരിമണികളിൽ എന്റെ വിരലുകളെഴുതിയതും
ശ്രീധർമ്മ ശാസ്ത്രക്ഷേത്രത്തിൽ മുഴങ്ങിയതും ഹരിശ്രീ
അമ്പലക്കുളത്തിൽ കുളിച്ചീറനായ് കയറിയ
വെടിപ്പുള്ള മനസ്സുകളിൽ നിറയുന്നു ഭക്തി
പടിഞ്ഞാറൻ പാടങ്ങളിൽ പച്ചപ്പിൻ ഭംഗി
ആ പുഞ്ചപ്പാടങ്ങളിൽ അച്ഛന്റെ കൈപിടിച്ചു
വരമ്പത്തെ ചെളിയിലകപ്പെടാതെയെന്നെ
ഏറുമാടത്തിന്റെ തണലത്തിരുത്തിയ കരുതലും
ഇന്നും മുഴങ്ങുന്നുവോയെൻ കാതുകളിൽ
തെറതിയുടെ ഞാറ്റുപാട്ടിന്റെ താളം.

തോർത്തുകൊണ്ട് മറച്ച മാറിൽ
തുളുമ്പിയ സ്നേഹത്തിൻ സംഗീതം
ചീരൻപുലയന്റെ കട്ടൻകാപ്പിയും
ചായക്കടയുടെ നന്മയുള്ള ബോണ്ടയും
ഏറുമാടത്തിന്റെ ശാന്തിയും സ്നേഹവും
കുഞ്ഞുമനസ്സിനുണർവായ്, വെളിച്ചമായ്

ഓടിനടക്കുന്നു ഓർമ്മകൾ ദൂരത്ത്
ഓടിക്കയറുന്നു നൂറുപടവുകൾ
ഉച്ചവെയിലിലും ഉച്ചിയിൽ പ്രൗഢമായ്
ഉയർന്നു നിൽക്കുന്നു സെന്റ് ജോർജ് ദേവാലയം
സന്തോഷ നൊമ്പര നിശ്വാസങ്ങളുമായ്
കയറിയിറങ്ങിയ ദേവാലയാങ്കണങ്ങൾ
സിമിത്തേരിപ്പൂക്കളുറങ്ങുന്ന കല്ലറകൾ
കയറ്റുപായ പോറിയ കണങ്കാലുകൾ
രക്തംവാർന്ന ഹൃദയമോഹങ്ങൾ

ഓടിനടന്ന പള്ളിക്കൂടങ്ങൾ
ക്ലാസ്സുമുറികളിൽ എന്നെ ഞാനാക്കിയ അദ്ധ്യാപകശ്രേഷ്ഠർ
നൂറിന്റെ നിറവിൽ ശാന്ത ഗംഭീരനായ്
എന്റെ പ്രിയവിദ്യാലയം
അതുതാനല്ലോ സെന്റ് ജോർജ് ഹൈസ്കൂൾ
ഓർമ്മകളുടെ പൂക്കാലങ്ങളിലെന്നും
എന്റെ പള്ളിക്കൂടമുറ്റത്തെ വാകപ്പൂക്കൾ മാത്രം
കന്യാസ്ത്രീമഠങ്ങളിലെ ചാപ്പലുകളിൽ
ഓടിക്കയറി സ്വകാര്യം പറയാനെന്നും
കാത്തിരുന്നയെന്റെ കാവൽ മാലാഖമാർ

പള്ളിത്താഴെക്കവലയിൽ കേട്ടുവോ
ആരവങ്ങൾ, പെരുന്നാളിൻ ചെണ്ടമേളങ്ങൾ
കാളച്ചന്തയിൽ കാളക്കൂറ്റന്മാരുടെ അമറലുകൾ
വിലപേശി വിൽക്കപ്പെടുന്ന കാളജീവിതങ്ങൾ
കൈപ്പുഴക്കടവിലും വിൽക്കപ്പെടുന്ന മത്സ്യങ്ങൾ
വള്ളങ്ങളിൽ കൂമ്പാരക്കൂട്ടങ്ങളായ് പിടയ്ക്കുന്ന മത്തികൾ
തോണികളെ തള്ളിമാറ്റുന്ന ആഫ്രിക്കൻ പായലുകൾ

എല്ലാവർഷവും എന്റെ ഗ്രാമത്തിലെത്തുന്ന
ചിങ്ങപ്പുലരികളിൽ തുടുക്കുന്ന തുമ്പയും
തുളസിയും കോളാമ്പിപ്പൂക്കളും
തിരുവാതിര കളികളിൽ ചിണുങ്ങുന്ന
പാദസരക്കിലുക്കങ്ങൾ
ഓണപ്പുടവയുടുത്തോടി നടന്ന ബാല്യം
പകിടകളി പന്തുകളി തൂശനിലകളിൽ
പപ്പടം പഴം പായസം എത്ര മധുരം

അതിർത്തി കെട്ടാത്ത സ്വപ്നങ്ങളുമായി നടന്ന
തൊണ്ടുകൾ, ഇടവഴികൾ
പടിഞ്ഞാട്ട് ശാസ്താങ്കൽ, കിഴക്കോട്ട് മണ്ണാറുകുന്ന്
കൈപ്പുഴക്കവലയും ആശുപത്രിക്കവലയും പള്ളിത്താഴെയും
തേനാകരക്കുന്ന് കയറിവന്നാൽ
തിരുഹൃദയം വാഴും കുരിശുപള്ളിയും
ആ തിരുഹൃദയത്തണലിൽ നിന്നു ഞാൻ
കണ്ണെത്താദൂരെനിന്നും വരുന്ന വണ്ടികളെ
എനിക്കു വീണ്ടും മടങ്ങിവരാനായി
ഇനിയും പുലരികളുമായി എന്നെ കാത്തുനിൽക്കും
എന്റെ അമ്മ തന്നെയീ കൊച്ചുഗ്രാമം
കൈപ്പുഴയെന്ന പുണ്യഗ്രാമം.

# കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ: സിഎജി

തിരുവനന്തപുരം: കേരളത്തിന്റെ സമ്പദ്ഘടന കടുത്ത ഞെരുക്കത്തിലെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി) റിപ്പോർട്ട്. ബജറ്റിനു പുറത്തുള്ള കടമെടുപ്പുകൂടി പരിഗണിക്കുമ്പോൾ മൊത്തം ബാധ്യത ആഭ്യന്തര മൊത്ത വരുമാനത്തിന്റെ 37.84 ശതമാനമാണ്. 2023-24 സാമ്പത്തിക വർഷത്തെ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള റിപ്പോർട്ടിലാണ് ഈ നിരീക്ഷണം ഉൾപ്പെടുത്തിയിട്ടുള്ളത്.

ബജറ്റിനു പുറത്തുള്ള കടം ഉൾപ്പെടെയുള്ള ആകെ ബാധ്യതകൾ 2019-20 മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പ്രതിവർഷം ശരാശരി 11.61 ശതമാനം വളർന്നിട്ടുണ്ട്. കടബാധ്യതകൾ ക്രമമായി വർധിച്ചു വരുന്നതായാണ് കാണുന്നത്. കടമെടുക്കുന്ന തുകയിൽ സിംഹഭാഗവും നിത്യനിദാന ചെലവുകൾക്കാണു വിനിയോഗിക്കുന്നത്. കടമെടുത്ത തുകയുടെ 5.18 ശതമാനം മാത്രമാണ് വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചത്. കേരളത്തിന്റെ ആകെ മൂലധന ചെലവ് 13,584.45 കോടി രൂപയായിരുന്നു. ഇത് ആകെ ചെലവിന്റെ 8.52 ശതമാനം മാത്രമാണ്. ശമ്പളം, പെൻഷൻ, പലിശ ഇനത്തിലുള്ള ചെലവ് ആകെ ചെലവിന്റെ 65.01 ശതമാനമായിരുന്നു. തദ്ദേശസ്ഥാപനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടെയുള്ള മറ്റ് ഒഴിവാക്കാനാകാത്ത ചെലവുകൾ കൂടി പരിഗണിച്ചാൽ ആകെ ചെലവിന്റെ 74.83 ശതമാനം വരും. വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങൾക്കു ചെലവഴിക്കാൻ പണമില്ലാത്ത സ്ഥിതി ഇതുവഴി ഉണ്ടാകുകയാണ്.

2023-24 സാമ്പത്തിക വർഷം കേരളം 11.97 ശതമാനം വളർച്ച കൈവരിച്ചു. മൊത്തം ആഭ്യന്തര ഉത്പാദനം തലേവർഷത്തെ 10,23,602 കോടിയിൽ നിന്ന് 11,46,109 കോടിയായി വർധിച്ചു. ദേശീയ വളർച്ചാനിരക്കായ 9.60 ശതമാനത്തേക്കാൾ മെച്ചപ്പെട്ടവളർച്ച കൈവരിക്കാൻ കേരളത്തിനു സാധിച്ചു.

കേരളത്തിന്റെ ആളോഹരി വരുമാനം 3,17,723 രൂപയാണ്. ദേശീയ തലത്തിൽ ഇത് 2,11,725 ആണ്. ദേശീയ ശരാശരിയേക്കാൾ 33.36 ശതമാനം അധികമാണ് കേരളത്തിന്റെ ആളോഹരി വരുമാനം.

# ഒരുദിവസം നിയമസഭയിൽ 11 ബില്ലുകൾ പാസാക്കി

തിരുവനന്തപുരം: ഒരുദിവസം 11 ബില്ലുകൾ പാസാക്കി നിയമസഭ മോശം റെക്കോർഡിട്ടു. 1982-ൽ വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കെ ആറ് ബില്ലുകൾ പാസാക്കിയ ചരിത്രമാണു തിരുത്തിയത്. എംഎൽഎമാർക്കു പഠിക്കാൻ സമയം നൽകി വിശദമായി ചർച്ച ചെയ്യേണ്ട ബില്ലുകളാണ് ദോശ ചുടുംപോലെ പാസാക്കിയെടുത്തത്. പല ബില്ലുകളും കേന്ദ്ര നിയമങ്ങൾക്കു വിരുദ്ധമായതിനാൽ ഗവർണർ ഒപ്പിടാൻ സാധ്യതയില്ല. എന്നാൽ, ഇവ പാസാക്കിയെന്നു തെരഞ്ഞെടുപ്പു പ്രചാരണത്തിൽ അവകാശപ്പെടാൻ സർക്കാരിനു കഴിയും.

10 ബില്ലുകൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും മരമടിയും കാളപൂട്ടും നിയമവിധേയമാക്കാനുള്ള ബിൽ സഭയിലെത്തിയപ്പോഴാണ് അംഗങ്ങൾ അറിഞ്ഞത്. മന്ത്രി പി. രാജീവ് അവതരിപ്പിച്ച ഏക കിടപ്പാടം സംരക്ഷണ ബില്ലിനെതിരെ ഭരണപക്ഷത്തുനിന്നുതന്നെ എതിർപ്പുയർന്നു. നഗരങ്ങളിൽ അഞ്ച് സെന്റിനും ഗ്രാമങ്ങളിൽ 10 സെന്റിനും താഴെ ഭൂമി ഈടു നൽകി വീടുവെച്ചാൽ ജപ്തി തടയാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമം വരുന്നെന്ന് അറിഞ്ഞതോടെ ബാങ്കുകൾ ഇത്തരം ഭൂമിക്കു വായ്പ നൽകുന്നില്ലെന്ന് മൂന്ന് എംഎൽഎമാർ ചൂണ്ടിക്കാട്ടി.

സർഫാസി നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരായതിനാൽ ഈ ബില്ലിൽ ഗവർണർ ഒപ്പിടാൻ സാധ്യത കുറവാണ്. സർക്കാർ അധികാരമേറ്റപ്പോൾത്തന്നെ ഈ ബിൽ പരിഗണിച്ചിരുന്നെങ്കിലും പ്രായോഗികതയിൽ സംശയമുയർന്നതിനാലാണ് പാസാക്കൽ നാലര വർഷത്തോളം വൈകിയത്. കേന്ദ്ര നിയമങ്ങൾക്കു വിരുദ്ധമായതിനാൽ വനം വന്യജീവി സംരക്ഷണ ബില്ലിനും ഗവർണർ അനുമതി നൽകാൻ സാധ്യതയില്ല.

# ഓപ്പറേഷൻ സിന്ദൂറിൽ വലതുകൈ നഷ്ടപ്പെട്ട മലയാളി സൈനികന് വായുസേനാ മെഡൽ

ന്യൂഡൽഹി: വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ്ങിൽനിന്നു വായുസേനാ മെഡൽ ഏറ്റുവാങ്ങി സൈനികൻ വരുൺകുമാർ പറഞ്ഞു. 'എന്നെ ചേർത്തുനിർത്തിയതു സേനയാണ്.' ഓപ്പറേഷൻ സിന്ദൂറിനിടെ വലതുകൈ നഷ്ടപ്പെട്ടു പകരം കൃത്രിമക്കൈ വെക്കേണ്ടിവന്ന വരുൺ മെഡൽ ഏറ്റുവാങ്ങുന്നതിനു സാക്ഷ്യം വഹിക്കാൻ ഭാര്യ അഞ്ജുവും മകൻ വിഹാനും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുമെത്തി.



അപകടഘട്ടത്തിലും അതിനുശേഷവും സൈന്യം ഒപ്പമുണ്ടായിരുന്നുവെന്നു വരുൺ പറഞ്ഞു. മേയ് 10-ന് ജമ്മുവിലെ ഉധംപുർ വ്യോമതാവളത്തിൽ പാകിസ്ഥാൻ നടത്തിയ ആക്രമണത്തിലാണ് ആലപ്പുഴ പുന്നപ്ര പറവൂർ തെക്കേപുരയ്ക്കൽ എസ്. വരുൺ കുമാറിനു (32) ഗുരുതര പരുക്കേറ്റത്. ഒന്നര മാസത്തോളം ഉധംപുരിൽ ചികിത്സ നൽകിയശേഷം പുണെയിലെ പുണെ ആർട്ടിഫിഷ്യൽ ലിംബ് സെന്ററിലെത്തിച്ച് കൃത്രിമക്കൈ ഘടിപ്പിച്ചു. ഓഗസ്റ്റ് 16-നു തിരികെ ഉധംപുരിൽ ജോലിയിൽ പ്രവേശിച്ചു. പുണെ വ്യോമകേന്ദ്രത്തിലേക്കു സ്ഥലംമാറ്റം ലഭിച്ച വരുൺ 13-ന് അവിടെ ജോലിയിൽ പ്രവേശിക്കും. റോബട്ടിക് കൈ ഘടിപ്പിക്കാനുള്ള നടപടികളും ആരംഭിക്കും.

ഹിൻഡനിൽ നടന്ന വ്യോമസേനാ ദിനാഘോഷത്തിൽ, മലയാളിയായ എയർ കമ്മഡോർ സജി ജേക്കബിനു വിശിഷ്ട സേവാ മെഡലും സമ്മാനിച്ചു. കൊല്ലം മൈനാഗപ്പള്ളി നടുവിലേപുത്തൻ വീട്ടിൽ കുടുംബാംഗമാണ്.

# വയനാട് വായ്പ എഴുതിത്തള്ളില്ലെന്ന കേന്ദ്ര നിലപാടിനെതിരെ ഹൈക്കോടതി

കൊച്ചി: വയനാട് ദുരിതബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളില്ലെന്ന കേന്ദ്രസർക്കാർ നിലപാടിനെതിരെ ആഞ്ഞടിച്ച് ഹൈക്കോടതി. വായ്പ എഴുതിത്തള്ളാൻ മനസുണ്ടോയെന്നതാണു പ്രശ്നമെന്ന് കോടതി പറഞ്ഞു.

ദുരിത ബാധിതർക്കെതിരെയുള്ള ജപ്തിനടപടികൾ കോടതി സ്റ്റേ ചെയ്തു. ആരെയാണു കേന്ദ്രം വിഡ്ഢികളാക്കാൻ നോക്കുന്നതെന്നും പൗരന്മാരെ അന്യഗ്രഹജീവികളായി കാണാനാകില്ലെന്നും വാദത്തിനിടെ കോടതി പറഞ്ഞു.

വായ്പകൾ എഴുതിത്തള്ളുന്നതിൽ വിസമ്മതം അറിയിച്ച് കേന്ദ്ര ആഭ്യന്തരവകുപ്പ് അണ്ടർ സെക്രട്ടറി മൃത്യുഞ്ജയ് ത്രിപാഠി കോടതിയിൽ പുതിയ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു.

വയനാട് ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്നായിരുന്നു കേന്ദ്രസർക്കാർ സത്യവാങ്മൂലത്തിൽ പറഞ്ഞത്. കേന്ദ്രത്തിന്റെ അധികാരപരിധിക്കു പുറത്തുള്ള കാര്യമാണെന്നും വിശദീകരിച്ചു. തുടർന്നാണ് ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ അദ്ധ്യക്ഷനായ ബെഞ്ച് കേന്ദ്രത്തിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചത്. ദുരിതബാധിതരുടെ ജപ്തി നടപടികൾ വിലക്കിയ കോടതി ബാങ്കുകളെ ഹർജിയിൽ കക്ഷി ചേർക്കുകയും ചെയ്തു.

കേന്ദ്രസർക്കാരിന് അധികാരമില്ലെന്നു പറയാനാകില്ലെന്ന് കോടതി ആവർത്തിച്ചു. വായ്പ എഴുതിത്തള്ളാൻ മനസുണ്ടോയെന്നതാണു പ്രശ്നം. എഴുതിത്തള്ളാനാകില്ലെന്നു പറയാനാകില്ല. ഭരണഘടനയിൽ വ്യവസ്ഥയുണ്ടെന്ന് നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ഭരണഘടന വായിച്ചിട്ട് വരൂവെന്നും ആരെയാണു വിഡ്ഢികളാക്കാൻ ശ്രമിക്കുന്നതെന്നും ഉദ്യോഗസ്ഥർ ഭരണഘടന വായിച്ചിട്ടില്ലേയെന്നും കോടതി ചോദിച്ചു. സഹായിക്കാൻ തയാറല്ലെങ്കിൽ അത് ജനങ്ങളോടു പറയൂ. കേന്ദ്രസർക്കാരിന്റെ സത്യവാങ്മൂലം അങ്ങേയറ്റം അസ്വസ്ഥപ്പെടുത്തുന്നു. കാരുണ്യമല്ല തേടുന്നതെന്നും കോടതി പറഞ്ഞു.

പണമില്ലെന്നു പറഞ്ഞ് ഒഴിയാനും കേന്ദ്രത്തിനാകില്ലെന്നു പറഞ്ഞ ഡിവിഷൻ ബെഞ്ച്, ആസാമിനും ഗുജറാത്തിനും ഉരുൾപൊട്ടലിന്റെ പേരിൽ ദുരന്തനിവാരണനിധിയിൽനിന്ന് 707 കോടി രൂപ അനുവദിച്ചതിന്റെ പത്രവാർത്തയും വായിച്ചു.

ഈ ദുരന്തങ്ങൾ വയനാടിന്റെ അത്ര ഗുരുതരമായിരുന്നില്ല. അഗ്നിരക്ഷാസംവിധാനങ്ങൾ മെച്ചപ്പെടുത്താൻ മധ്യപ്രദേശ്, ഹരിയാന, രാജസ്ഥാൻ സംസ്ഥാനങ്ങൾക്കായി 903 കോടിയും കേന്ദ്രം അനുവദിച്ചിട്ടുണ്ടെന്നും കോടതി വ്യക്തമാക്കി.






# മുഖ്യമന്ത്രിയുടെ മകന് 2023-ൽ ഇ.ഡി സമൻസ്–രേഖകൾ പുറത്ത്

തിരുവനന്തപുരം: കള്ളപ്പണം വെളുപ്പിക്കൽ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് ഹാജരാകാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൻ വിവേക് കിരണിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) സമൻസ് അയച്ചിരുന്നതായി രേഖകൾ പുറത്തുവന്നു.

നയതന്ത്ര സ്വർണക്കടത്ത് കേസ് അന്വേഷണത്തിനിടെ, വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ ഭവനപദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയ ഇഡി അതിന്റെ ഭാഗമായാണ് സമൻസ് അയച്ചതെന്നാണ് വിവരം. അന്നത്തെ ഇഡി കൊച്ചി അസിസ്റ്റന്റ് ഡയറക്ടർ പി.കെ. ആനന്ദാണ് സമൻസ് അയച്ചത്. 2023 ഫെബ്രുവരി 14-ന് രാവിലെ 10.30-ന് ഇഡിയുടെ കൊച്ചി ഓഫീസിൽ ഹാജരാകണമെന്നായിരുന്നു സമൻസ്. എന്നാൽ, വിവേക് ഹാജരായില്ല. അതേ ഓഫീസിൽ മൂന്നു ദിവസം നീണ്ട ചോദ്യം ചെയ്യലിനൊടുവിൽ അന്നു രാത്രിയിലാണ് മുഖ്യമന്ത്രിയുടെ മുഖ്യ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറെ ഇഡി അറസ്റ്റ് ചെയ്തത്.

മുഖ്യമന്ത്രിയുടെ വിശ്വസ്തനായിരുന്ന ശിവശങ്കറിന്റെ അറസ്റ്റ് വരെ നീണ്ട ലൈഫ് മിഷൻ അന്വേഷണം ഒരു ഘട്ടത്തിൽ ക്ലിഫ് ഹൗസിലേക്കും മുഖ്യമന്ത്രിയുടെ മകനിലേക്കും വരെ എത്തിയതിന്റെ പുറത്തറിയാത്ത വിവരമാണ് സമൻസിലുള്ളത്. സമൻസിൽ ഹാജരാകാതിരുന്ന വിവേകിനെതിരെ ഇഡിയുടെ ഭാഗത്തുനിന്ന് പിന്നീട് എന്തു നടപടിയുണ്ടായി എന്നതും പുറത്തുവന്നിട്ടില്ല. അബുദാബിയിൽ ജോലി ചെയ്യുന്ന വിവേകിന്റെ വിവരങ്ങൾ യുഎഇ അധികൃതരിൽ നിന്ന് ഇഡി തേടിയിരുന്നതായി സൂചനയുണ്ട്. അതിനുശേഷം എന്തു സംഭവിച്ചുവെന്ന് അറിവായിട്ടില്ല.

കെസിസെഡ്ഒ 2023/769 എന്നാണ് വിവേകിനുള്ള സമൻസിന്റെ നമ്പർ, കൊച്ചി സോണൽ ഓഫീസ് എന്നതിനെ സൂചിപ്പിക്കുന്നതാണ് 'കെസിസെഡ്ഒ'. സമൻസിന്റെ ആധികാരികത സംബന്ധിച്ച് ഇഡിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ സംവിധാനമുപയോഗിച്ച് പരിശോധിച്ചപ്പോൾ വിവേക് കിരണിനുള്ള സമൻസ് തന്നെയാണിതെന്നു സ്ഥിരീകരണം ലഭിച്ചു. വെബ്സൈറ്റിൽ 'വെരിഫൈ യുവർ സമൻസ്' എന്ന വിഭാഗത്തിൽ വിവേകിന്റെ പേര് സഹിതം ചേർത്തിട്ടുണ്ട്.

കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിമത്തിലെ 50-ാം വകുപ്പിലെ 2, 3 ഉപവകുപ്പുകൾ പ്രകാരമാണ് വിവേകിന് സമൻസ് അയച്ചത്. രേഖകളും തെളിവുകളും ഹാജരാക്കുന്നതിനു വിളിച്ചുവരുത്താൻ അന്വേഷണ ഉദ്യോഗസ്ഥന് അധികാരം നല്കുന്നതാണ് രണ്ടാം ഉപവകുപ്പ്, ഇതിനെ ജുഡീഷ്യൽ നടപടിക്രമത്തിനു തുല്യമായി കണക്കാക്കുന്നതാണ് മൂന്നാം ഉപവകുപ്പ്.

'വിവേക് കിരൺ സൺ ഓഫ് പിണറായി വിജയൻ, ക്ലിഫ് ഹൗസ് തിരുവനന്തപുരം' എന്ന പേരിൽ അയച്ച സമൻസിൽ അന്വേഷണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ:

'കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിന്റെ പരിധിയിൽ അന്വേഷിക്കുന്ന കേസിൽ വിവേക് കിരണിന്റെ സാന്നിധ്യം അനിവാര്യമാണെന്നു ഞാൻ കരുതുന്നു. 2023 ഫെബ്രുവരി 14-ന് രാവിലെ 10.30-ന് എന്റെ ഓഫീസിൽ ഹാജരാകുക' ആധാർ, പാൻ കാർഡ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, സ്വന്തം പേരിലും കുടുംബാംഗങ്ങളുടെ പേരിലുമുള്ള സ്വത്തുക്കളുടെ വിവരങ്ങൾ എന്നിവയടക്കം ഹാജരാകുമ്പോൾ സമർപ്പിക്കേണ്ട രേഖകളുടെ പട്ടികയും സമൻസിനൊപ്പമുണ്ട്.

## അർബുദരോഗികൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യയാത്ര

തിരുവനന്തപുരം: അർബുദ രോഗികൾക്ക് കെഎസ്ആർടിസി ബസുകളിൽ സമ്പൂർണ സൗജന്യയാത്ര പ്രഖ്യാപിച്ച് മന്ത്രി കെ.ബി. ഗണേഷ്കുമാർ. നിയമസഭയിലാണ് മന്ത്രി ഈ പ്രഖ്യാപനം നടത്തിയത്. സൂപ്പർഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ കെഎസ്ആർടിസി ബസുകളിലും അർബുദ രോഗികൾക്ക് സമ്പൂർണ സൗജന്യ യാത്ര അനുവദിക്കുമെന്ന് കെ.ബി. ഗണേഷ്കുമാർ നിയമസഭയെ അറിയിച്ചു. സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്കും യാത്ര സൗജന്യമായിരിക്കും. കെഎസ്ആർടിസി ഡയറക്ടർ ബോർഡ് തീരുമാനം എടുത്ത് പ്രഖ്യാപനം നടത്തുമെന്നും മന്ത്രി വിവരിച്ചു.

സഭയിലെ പ്രഖ്യാപനത്തിനിടെ ബഹളമുണ്ടാക്കിയ പ്രതിപക്ഷത്തെ മന്ത്രി രൂക്ഷമായി വിമർശിച്ചു. പ്രതിപക്ഷത്തിന് ഇത് വലിയ കാര്യമായിരിക്കില്ല. പ്രഖ്യാപനം നടത്തിയപ്പോൾ പ്രതിപക്ഷം പറയുന്നത് ഷെയിം ഷെയിം എന്നാണ്. പ്രതിപക്ഷത്തിന് ഇത് ഷെയിം ആയിരിക്കും. പക്ഷേ, രോഗികളെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണെന്നും മന്ത്രി പറഞ്ഞു.

## ഷാഫി പറമ്പിലിന് പോലീസ് മർദ്ദനം



കോഴിക്കോട്: പേരാമ്പ്ര സികെജി കോളജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആക്രമണങ്ങളെത്തുടർന്ന് നടന്ന ഹർത്താലിലും സംഘർഷം. പോലീസിന്റെ മർദ്ദനത്തിൽ ഷാഫി പറമ്പിൽ എംപിയടക്കം പത്തോളം യുഡിഎഫ് പ്രവർത്തകർക്കു പരുക്കേറ്റു. ഡിസിസി പ്രസിഡണ്ട് കെ. പ്രവീൺകുമാർ, എൻഎസ്‌യു മുൻ ദേശീയ ജനറൽ സെക്രട്ടറി കെ.എം. അഭിജിത്ത്, കെപിസിസി അംഗം സത്യൻ കടിയങ്ങാട് എന്നിവരും പരുക്കേറ്റവരിൽപ്പെടും.

മൂക്കിൽനിന്നും ചോരയൊഴുകുന്ന നിലയിലായിരുന്നു ഷാഫിയെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഷാഫിയുടെ മൂക്കിന്റെ എല്ലിന് രണ്ട് പൊട്ടലുണ്ട്. കൈയിലിരുന്ന കണ്ണീർവാതകം പൊട്ടി വടകര ഡിവൈഎസ്പി ഹരിപ്രസാദിനും പരുക്കേറ്റു. സംഭവത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിലേക്ക് രാത്രിയിൽ നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി. ലാത്തിച്ചാർജിൽ ഒട്ടേറെപ്പേർക്കു പരുക്കേറ്റു. ഒറ്റപ്പെട്ടുപോയ പ്രവർത്തകരെ പോലീസ് വളഞ്ഞിട്ടു മർദ്ദിച്ചു.

30 വർഷത്തിനുശേഷം സികെജി കോളജിൽ നടന്ന തെരഞ്ഞെടുപ്പിൽ ചെയർമാൻ സ്ഥാനത്തേക്ക് കെ.എസ്‌യു വിജയിച്ചതിനെത്തുടർന്നാണ് പേരാമ്പ്രയിൽ എസ്എഫ്ഐ-കെ.എസ്.യു സംഘർഷം ഉണ്ടായത്.

ഷാഫി പറമ്പിൽ എംപിയെ അതിക്രൂരമായി മർദ്ദിച്ച പോലീസ് നടപടി പ്രതിഷേധാർഹമാണെന്ന് വി.ഡി. സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു. പോലീസ് മനപ്പൂർവം ഷാഫിയെ തെരഞ്ഞുപിടിച്ചു മർദ്ദിക്കുകയായിരുന്നെന്നും സതീശൻ ആരോപിച്ചു. എല്ലാ വിഷയങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കണമെന്ന സർക്കാർ താല്പര്യം മുൻനിർത്തിയാണ് പോലീസ് ക്രൂരമർദ്ദനം അഴിച്ചുവിട്ടത്. ഷാഫി പറമ്പിലിന്റെ ചോര നിലത്തു വീണിട്ടുണ്ടെങ്കിൽ അതിനു പ്രതികാരം ചോദിക്കുക തന്നെ ചെയ്യും. സർക്കാരിന്റെ ശമ്പളം പറ്റുന്ന പോലീസുകാർ എകെജി സെന്ററിൽ നിന്നല്ല ശമ്പളം പറ്റുന്നതെന്ന് ഓർത്താൽ നന്നായിരിക്കുമെന്നും അക്രമങ്ങൾക്ക് നേതൃത്വം നല്കിയ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

കേരളത്തിൽ ആദ്യമായാണോ ഒരു ജനപ്രതിനിധിക്ക് പോലീസിന്റെ അടി കിട്ടുന്നതെന്ന് ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി.കെ. സനോജ് ചോദിച്ചു. തനിക്കും അനുയായികൾക്കും കോൺഗ്രസിനുമെതിരായ പല ആരോപണങ്ങളും വെളുപ്പിച്ചെടുക്കാനുള്ള ഷാഫിയുടെ ഷോയാണ് പേരാമ്പ്രയിൽ കണ്ടതെന്നു സനോജ് ആരോപിച്ചു.

## വാടകഗർഭധാരണം: പ്രായപരിധിക്ക് മുൻകൂർ പ്രാബല്യമില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വാടകഗർഭധാരണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഇതിനുള്ള നടപടികൾ ആരംഭിച്ച ദമ്പതിമാർക്ക് പ്രായപരിധി നിബന്ധനകൾ ബാധകമാകില്ലെന്ന് സുപ്രീംകോടതി.

2022 ജനുവരി 25-നാണ് നിയമം നടപ്പായത്. അതിനുമുൻപ് നടപടികളാരംഭിച്ചവർക്ക് പ്രായപരിധി മാനദണ്ഡങ്ങൾ ബാധകമാവില്ല.

വാടകഗർഭധാരണ നിയമപ്രകാരം ദമ്പതിമാരിലെ സ്ത്രീക്ക് 23-നും 50-നുമിടയിലും പുരുഷന് 26-നും 55-നുമിടയിലുമായിരിക്കണം പ്രായം.



# കെ.സി.എസ് ചിക്കാഗോയുടെ ബിജു തുരുത്തിയിൽ സ്മാരക ബാഡ്മിന്റൺ ടൂർണമെന്റ്

ഷാജി പള്ളിവീട്ടിൽ



ചിക്കാഗോ: കെ.സി.എസ് ചിക്കാഗോ സംഘടിപ്പിച്ച ബിജു തുരുത്തിയിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് കെ.സി.എസ് കായിക ചരിത്രത്തിലെ പങ്കാളിത്തത്തിന്റെയും പ്രേക്ഷക ഇടപെടലിന്റെയും കാര്യത്തിൽ ഒരു ചരിത്ര നാഴികക്കല്ലായി മാറി. ടൂർണമെന്റിൽ 34 കളിക്കാരുടെ രജിസ്ട്രേഷനുകൾ റെക്കോർഡ് ഭേദിച്ചു. ആവേശകരമായ മത്സരങ്ങളും ഊർജ്ജസ്വലമായ സമൂഹ മനോഭാവവും ആസ്വദിച്ച പങ്കാളികൾ, സുഹൃത്തുകൾ, കുടുംബങ്ങൾ എന്നിവരുൾപ്പെടെ ഏകദേശം 150 പേർ ടൂർണമെന്റിൽ പങ്കെടുത്തു.

ജോയ്സ് ആലപ്പാട്ടും സുദീപ് മാക്കിലും ചേർന്നാണ് പരിപാടി വിദഗ്ദ്ധമായി ഏകോപിപ്പിച്ചത്. അവരുടെ സൂക്ഷ്മമായ ആസൂത്രണവും സംഘാടനമികവിനുമൊപ്പം സഞ്ജു പുളിക്കത്തൊട്ടി, ടീന നെടുവാമ്പുഴ എന്നിവരുടെ ഗെയിംഷെഡ്യൂൾ മികവുകൂടിയായപ്പോൾ വളരെ ഭംഗിയായി നടത്തപ്പെട്ട ടൂർണമെന്റ് ചരിത്രത്തിനു വഴിമാറുകയായിരുന്നു. കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല തന്റെ പ്രസ്താവനയിൽ ടൂർണമെന്റ് കെ.സി.എസ് ചരിത്രത്തിലെ അവിസ്മരണീയ വിജയമാക്കിമാറ്റുന്നതിൽ നല്കിയ മികച്ചസംഭാവനകൾക്കും പ്രതിബദ്ധതയ്ക്കും സംഘാടകർക്കും പങ്കാളികൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.

**ടൂർണമെന്റ് വിജയികൾ-15 വയസിൽ താഴെ:** ഒന്നാംസ്ഥാനം ഏബൽ കൊല്ലപ്പള്ളിൽ ആൻഡ് നോയൽ കൊല്ലപ്പള്ളിൽ. രണ്ടാം സ്ഥാനം നിസ മങ്ങാട്ടെ പുളിക്കിയിൽ ആൻഡ് സാന്ദ്ര കുന്നച്ചേരി.

**വനിതകൾ 16-40 കാറ്റഗറി:** ഫസ്റ്റ് ജെസ്ലിൻ ആലപ്പാട്ട്, സെക്കൻഡ്-ജയ്ൻ മൂക്കേട്ട്, തേർഡ്-ഷാനിയമോൾ ചെല്ലക്കണ്ടത്തിൽ. **പുരുഷന്മാർ 16-40 കാറ്റഗറി:** ഫസ്റ്റ് ജൂബിൻ വെട്ടികാട്ട് & ജയ്ബിൻ തകിടിയേൽ, സെക്കൻഡ് മെർവിൻ മൊടിക്കല്ലേൽ & കെൽവിൻ പുത്തൻപുരയ്ക്കൽ.

**വനിതകൾ 41 വയസ്സിനു മുകളിൽ:** ഫസ്റ്റ് ലിയ കുന്നച്ചേരി & നൈന കുന്നത്തുകിഴക്കേതിൽ, സെക്കൻഡ്-മഞ്ജു കൊല്ലപ്പള്ളിൽ & ആൽഫി വാക്കേൽ, തേർഡ്-മെർളിൻ പള്ളിക്കാട്ടിൽ & നിഷിത ചേലമല. **പുരുഷന്മാർ 41 വയസ്സിനു മുകളിൽ:** ഫസ്റ്റ്-നിണൽ മുണ്ടപ്ലാക്കൽ & ജോജോ ഇടയാടിയിൽ, സെക്കൻഡ്-സിറിയക് കൂവക്കാട്ടിൽ & സുദീപ് മാക്കിൽ.

# മതബോധനദിനം ആഘോഷിച്ച് ഡാളസ് ക്രിസ്തുരാജ വിശ്വാസപരിശീലന വിഭാഗം

സിജോയ് പറപ്പള്ളിൽ

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിലെ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ മതബോധനദിനം പ്രത്യേകമായി ആഘോഷിച്ചു. ഇതിന്റെ ഭാഗമായി വിശ്വാസ പരിശീലന അദ്ധ്യാപകരുടെ കാഴ്ച സമർപ്പണം നടത്തപ്പെട്ടു. തുടർന്ന് അർപ്പിക്കപ്പെട്ട വി. കുർബാനയ്ക്ക് ശേഷം അദ്ധ്യാപകരുടെ പ്രത്യേകമായ പ്രതിജ്ഞയും ആശീർവാദ കർമ്മവും നടത്തപ്പെട്ടു. മാലാഖമാരായ കുഞ്ഞുങ്ങളുടെ ചിറകായി മാറാനുള്ള വിളിയാണ് വിശ്വാസ പരിശീലകരുടേത് എന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ ഓർമ്മപ്പെടുത്തി. ആഘോഷങ്ങൾക്ക് വിശ്വാസ പരിശീലന പ്രിൻസിപ്പൽ ജോസഫ് ഇലക്കൊടിക്കൽ നേതൃത്വം നൽകി.








# ഗ്ലാഡ്സൺ വർഗീസിന് ലീഡർഷിപ്പ് അവാർഡ്

ചിക്കാഗോ: വിദ്യാജ്യോതി എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെ 2025-ലെ ലീഡർഷിപ്പ് അവാർഡ് അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസിന് ലഭിച്ചു.

അമേരിക്കയിലും ഇന്ത്യയിലുമുള്ള രണ്ടായിരത്തിലധികം സാധുക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാജ്യോതിയിലൂടെ 2025-ൽ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, ഭക്ഷണം, കംപ്യൂട്ടറുകൾ എന്നിവ വിതരണം ചെയ്തു. ഇല്ലിനോയി മെഡിക്കൽ അസോസിയേഷൻ പ്രസിഡണ്ട് ഡോ. രാധിക ചിൻമ്മൻത്താ, Rush Presbitarian Medical Centre Director ഡോ. ഉമാങ്ങ് പട്ടേൽ, പവർ പ്ലാന്റ് കോർപറേഷൻ സിഇഒ ബ്രിജ് ശർമ്മ എന്നിവർക്കും ഈ വർഷത്തെ ലീഡർഷിപ്പ് അവാർഡുകൾ ലഭിച്ചു. Aurora City Alder women Ms Shweta Baid അവാർഡുകൾ വിതരണം ചെയ്തു.

ഗ്ലാഡ്സൺ വർഗീസ് ഇന്ത്യൻ എൻജിനീയേഴ്സ് അസ്സോസ്സിയേഷൻ പ്രസിഡണ്ട്, GE-യുടെ ഗ്ലോബൽ ഡയറക്ടർ, യുഎസ് ടെക്നോളജീസ് പ്രസിഡണ്ട്, ഗോപിയോ ചിക്കാഗോ മുൻ ചെയർമാൻ, ഫോമാ മുൻ ജനറൽ സെക്രട്ടറി, മലയാളി എൻജിനീയേഴ്സ് അസ്സോസ്സിയേഷൻ മുൻ പ്രസിഡണ്ട്, ഇന്തോ-അമേരിക്കൻ ഡമോക്രാറ്റിക് ഓർഗനൈസേഷൻ മുൻ സെക്രട്ടറി, എക്യുമെനിക്കൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് ചിക്കാഗോയുടെ മുൻ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഇന്ത്യാനയിലുള്ള പ്രശസ്ത പെർഡ്യൂ യൂണിവേഴ്സിറ്റിയിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിംഗിൽ മാസ്റ്റേഴ്സ് ബിരുദവും പെർഡ്യൂ യൂണിവേഴ്സിറ്റിയിൽനിന്ന് ഓപ്പറേഷണൽ മാനേജ്മെന്റ് എംബിഎ ബിരുദവും നേടുകയുണ്ടായി. AAEIO വഴി അദ്ദേഹം വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു.




# പലസ്തീനിയൻ സ്റ്റേറ്റ് അംഗീകാരവും ഇന്ത്യൻ നിലപാടും

ഫിലാഡൽഫിയാ: പ്രമുഖ പാശ്ചാത്യരാജ്യങ്ങളായ ബ്രിട്ടനും കാനഡായും ഓസ്ട്രേലിയായും പോർട്ടുഗീസും പലസ്തീനിയൻ സ്റ്റേറ്റിനെ അംഗീകരിച്ചതിൽ ഇസ്രയേലിന് നേരിയ അതൃപ്തിയുണ്ടെങ്കിലും ലോക സമാധാനത്തിനും സമൃദ്ധിക്കും വൻ നേട്ടമായി രാജ്യതന്ത്രജ്ഞർ ഇതിനെ കാണുന്നു. ഇന്ത്യയും ഇസ്രയേലുമായി നയതന്ത്രപ്രധാനമായ (ഡിപ്ലോമാറ്റിക്ക്) ബന്ധം ഉണ്ടെങ്കിലും പലസ്തീനെ ഒരു സ്വതന്ത്രരാജ്യമായി അംഗീകരിക്കുന്നതിൽ അശേഷം അതൃപ്തി ഇന്ത്യ ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല.

ഇസ്രയേലും ഹമാസും തമ്മിലുള്ള സമാധാന കരാർ ഒപ്പ് വെച്ചെങ്കിലും രഹസ്യവും പരസ്യവുമായ സംഘർഷത്തിന്റെ പ്രതിധ്വനികൾ ഈ നിമിഷംവരെ അശേഷം ശാന്തിയും ശമനവും ഇല്ലാതെ തുടരുന്നു. 2023, ഒക്ടോബർ 7-ന് ഇസ്രയേലിനെ യാതൊരു വിധ മുന്നറിയിപ്പും ഇല്ലാതെ ആക്രമിച്ച് സൈനികരും സിവിലിയൻസും അടക്കം 1995 ജനതയെ വധിച്ചതിന്റെ പ്രതീകമായി 66,288 ഹമാസ് അടക്കമുള്ള പലസ്തീനികളെ ഇസ്രയേൽ യുദ്ധ സന്നാഹങ്ങളോടെ കൊന്നതായും ഇസ്രയേൽ അധികൃതർ പരസ്യമായി പറയുന്നു. ഭീകരമായ ഇസ്രയേൽ ആക്രമണത്തിൽ ഭവന രഹിതരായവരെ താത്കാലിക അഭയസ്ഥാനമായി സ്കൂളുകളിലും ഗവൺമെന്റ് കെട്ടിടങ്ങളിലും പുനരധിവസിപ്പിച്ചതായി യുണൈറ്റഡ് നേഷൻ വക്താവ് ജെയിംസ് എൽഡറിന്റെ വാർത്തക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഹമാസ്-ഇസ്രയേൽ സമാധാന സന്ധിയിൽ ഉൾക്കൊള്ളിക്കുവാൻവേണ്ടി അമേരിക്കൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് അംഗികരിച്ച 20 പോയിന്റ്സ് അടങ്ങുന്ന ഉടമ്പടിയെ ഹമാസ് നേതാക്കൾ അംഗീകരിക്കുകയും തടവിൽ കഴിയുന്ന ഇസ്രയേൽ പൗരസമൂഹത്തെയും മരിച്ചവരുടെ മൃതശരീരങ്ങളും തിരിച്ചയയ്ക്കണമെന്നുള്ള വാഗ്ദാനവും നൽകിയതായി വൈറ്റ് ഹൗസ് ലേഖകൻ ബെൺഡ് ദെബൂസ്മാന്റെ റിപ്പോർട്ടിൽ പറയുന്നു.

1988, നവംബർ 18-ന് ഇൻഡ്യ സകല പിൻതുണയും വാഗ്ദാനം ചെയ്തു പലസ്തീനെ അംഗീകരിക്കുകയും ഡിപ്ലോമേറ്റ് ബന്ധം ശക്തമായി ആരംഭിക്കുകയും ചെയ്തു. പലസ്തീനിയൻ ലിബറേഷൻ ഓർഗനൈസേഷൻ (പി.എൽ.ഒ.)നെ ആദ്യമായി അംഗീക



യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപും
ഇസ്രായേൽ പ്രസിഡന്റ് ബെഞ്ചമിൻ നെതന്യാഹും

രിച്ച നോൺ-മുസ്ലീം രാജ്യമാണ് ഇൻഡ്യ. ഇൻഡ്യയടക്കം 85 ശതമാനം ലോകരാജ്യങ്ങളിൽ സാമ്പത്തിക ശക്തിയും ഉല്പാദനശേഷിയും ഉള്ള ജി-20 എന്നറിയപ്പെടുന്ന 20 രാജ്യങ്ങളിൽ 14 രാജ്യങ്ങളും പലസ്തീനുമായി സുശക്തമായ നയതന്ത്രബന്ധം പുലർത്തുന്നവരാണ്. 2025, സെപ്റ്റംബർ മാസം 193 ലോകരാജ്യങ്ങളിൽ 157 രാഷ്ട്രങ്ങളും പലസ്തീനെ പരമാധികാരമുള്ള സ്വതന്ത്ര രാജ്യമായി അംഗീകരിച്ചു.



കോര ചെറിയാൻ

ഇസ്രയേൽ അടക്കം ഗൾഫ് മേഖലയിൽ ശാശ്വത സമാധാനം വേണമെന്നുള്ള പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അനശ്വരവും ആത്മാർത്ഥവുമായ ആഗ്രഹം സഫലീകൃതമാകുവാൻവേണ്ടി സകല ലോകരാജ്യങ്ങളും വ്യക്തികളും ഏകോചിതമായി പ്രവർത്തിക്കുന്നത് ഇത്തരുണത്തിൽ ഉത്തമമായിരിക്കും. ഇസ്രയേലും ഹമാസും ഐക്യതയോടെ രണ്ടുവർഷ കാലഘട്ടത്തേയ്ക്ക് യുദ്ധസന്നാഹങ്ങൾ അവസാനിപ്പിക്കണമെന്നുള്ള ഉടമ്പടിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചതായി മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമാധാന ദൂതനായുള്ള പ്രസിഡന്റ് ട്രംപിന്റെ ശക്തവും യുക്തവുമായ ഇടപെടൽ അഭിനന്ദനം അർഹിക്കുന്നു.

ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലി റസലൂഷൻ നമ്പർ ഇ.എസ്.- 10/23 സ്പെഷ്യൽ നിശ്ചയാനുസരണം പാലസ്തീനിയന്റെ അംഗത്വ പദവി ഉയർത്തി സകല ലോക യു.എൻ. മെമ്പേഴ്സിനോടൊപ്പം സമ്മേളനങ്ങളിൽ സംബന്ധിക്കുവാനുള്ള അനുമതിയും നൽകി. വോട്ട് അവകാശവും കാലക്രമാണാനുസരണം ലഭിക്കുമെന്ന ശുഭപ്രതീക്ഷ ലോകത്തിലെ ഏറ്റവും വലിയ ജനായത്ത രാജ്യമായ ഇൻഡ്യയെപ്പോലെ 'ചേരിചേര' (നോൺ - അലിഗെന്റ്) നയത്തിൽ നട്ടുറപ്പിച്ച പല രാജ്യങ്ങൾക്കും ഉണ്ട്.






# മെൽബൺ വടംവലി ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്




**ഷിനോയ് മഞ്ഞാങ്കൽ**

മെൽബൺ: പ്രവാസലോകത്തെ ഏറ്റവും വലിയ വടംവലിയായ മെൽബൺ വടംവലിക്ക് തിരിതെളിയുവാൻ ഇനി ദിവസങ്ങൾ മാത്രം. നവംബർ മാസം ഒന്നാം തീയതി മെൽബണിലെ ഡാൻഡിനോങ് സെന്റ് ജോൺസ് റീജിയണൽ കോളജിൽ വെച്ചാണ് ഫിഷിങ് ആൻഡ് അഡ്വെഞ്ചർ ക്ലബ് മെൽബണും (FAAM Club) മെൽബൺ കോട്ടയം ബ്രദേഴ്‌സും (MKB) സംയുക്തമായി സംഘടിപ്പിക്കുന്ന ഹോംഫിൻ ലോൺസ് വൻഡോർ വേ ഇന്റർ നാഷണൽ അണിയിച്ചൊരുക്കുന്ന മെൽബൺ വടംവലി മാമാങ്കം അരങ്ങേറുന്നത്.

ന്യൂസിലാൻഡിൽ നിന്നും മൂന്ന് ടീമുകൾ ഉൾപ്പെടെ ഓഷ്യാനയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 24 ചാമ്പ്യൻ ടീമുകളാണ് ഈ ചരിത്ര വടംവലി മത്സരത്തിൽ പങ്കാളികളാകുന്നത്. ഓസ്‌ട്രേലിയ കണ്ട ഏറ്റവും വലിയ ട്രോഫി, പ്രവാസലോകത്ത് ഏറ്റവും കൂടുതൽ ടീമുകൾ പങ്കെടുക്കുന്ന മത്സരം അങ്ങനെ ഒരുപാട് പ്രത്യേകതകളുമായാണ് മൂന്നാമത് മെൽബൺ വടംവലിക്ക് കാഹളമൂതുവാൻ പോകുന്നത്.

കുട്ടികൾക്കായി വിവിധ വിനോദ പരിപാടികൾ, നാടൻ ഭക്ഷണശാല, തെക്കൻ റെവല്യൂഷന്റെ ബാൻഡ്, ഫ്ളാഷ്മൊബ് തുടങ്ങി ഒട്ടനവധി വൈവിധ്യങ്ങളുമായാണ് ഈ കലാരൂപം കാണികളെ വരവേൽക്കാൻ തയ്യാറായിരിക്കുന്നത്.

മനോജ് മാത്യു വള്ളിത്തോട്ടം ചെയർമാനായും ബിജോ മുളയ്ക്കൽ കൺവീനറായും സിബിൾ മണ്ണാട്ടുപറമ്പിൽ ഓഫീസ് സെക്രട്ടറിയായും തൊമ്മി മലയിൽ ടീം ക്യാപ്റ്റനായും, എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഒരുക്കങ്ങൾ പുരോഗമിക്കുന്നത്. ജോജി സി. ബേബി കുന്നുകാലായിൽ, ബെഞ്ചമിൻ മേച്ചേരിയിൽ, കിരൺ ജോ പതിയിൽ, ജിം ജോസ് ചെറുകര, ഷാജി കൊച്ചുവേലിക്കകം, തമ്പി ചക്കാലയിൽ, ജോൺ പുതിയകുന്നേൽ, ജോയ്സ് കാഞ്ഞിരത്തിങ്കൽ, ജിജോ ബേബി കാക്കനാട്ട്, മെൽവിൻ സജി കുന്നുംപുറം, ഷിനോയ് സ്റ്റീഫൻ മഞ്ഞാങ്കൽ എന്നിവരാണ് മറ്റ് കമ്മിറ്റി അംഗങ്ങൾ.

ചരിത്രമാകുവാൻ പോകുന്ന മെൽബൺ വടംവലി കണ്ട് ആശ്വദിക്കുവാനും ചാമ്പ്യൻ ടീമുകളെ പ്രോത്സാഹിപ്പിക്കുവാനും ഓഷ്യാനയിലെ എല്ലാ വടംവലി പ്രേമികളെയും ഏറ്റവും സ്നേഹപൂർവ്വം ഡാൻഡിനോങ്ങിലേക്ക് സ്വാഗതം ചെയ്തുകൊള്ളുന്നുവെന്ന് സംഘാടകരായ ഫാം ക്ലബും എം.കെ.ബിയും അറിയിച്ചു.

# ഡാളസ് ക്രിസ്തുരാജ ഇടവക ബുള്ളറ്റിൻ പ്രകാശനം ചെയ്തു

**സിജോയ് പറപ്പള്ളിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിന്റെ ആദ്യ വീക്കിലി ബുള്ളറ്റിൻ "ദി കിങ്സ് വോയ്സ്" പ്രകാശനം ചെയ്തു. ഇടവകയുടെ ഒരാഴ്ചത്തെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന ബുള്ളറ്റിൻ യൂത്ത്




മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് പുറത്തിറക്കിയത്. യുവജനങ്ങളുടെ ഈ സംരംഭത്തെ ബുള്ളറ്റിൻ പ്രകാശനം ചെയ്ത് ഫാ. ബിൻസ് ചേത്തലിൽ പ്രശംസിച്ചു. ബുള്ളറ്റിന് ഉചിതമായ പേര് നിർദ്ദേശിച്ച റോൺ അലക്സ് കള്ളിക്കാട്ടിനെ പ്രത്യേകം സമ്മാനം നൽകി ആദരിച്ചു.

# ഐസിഇസിഎച്ച് ഡോ. ഷെയ്സൺ പി. ഔസേഫിനെ ആദരിച്ചു

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ഐസിഇസിഎച്ച്)-ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 27-നു ശനിയാഴ്ച വൈകിട്ട് 7 മണിക്ക് സെന്റ് പീറ്റേഴ്സ് മലങ്കര കാത്തലിക് ചർച്ച് ഹാളിൽ വെച്ചു നടത്തിയ യോഗത്തിൽ ഇന്റർനാഷണൽ ഫിലിം നിർമ്മാതാവും ഫോട്ടോഗ്രാഫറും സേവിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡീനുമായ ഡോ. ഷെയ്സൺ പി. ഔസേഫിനെ ആദരിച്ചു.



ഐസിഇസിഎച്ച് പ്രസിഡണ്ട് റവ.ഫാ. ഡോ. ഐസക് ബി. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്വീകരണ യോഗത്തിൽ മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഉപഹാരം നൽകി.

യോഗത്തിൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക പള്ളി വികാരി റവ. ഫാ. ഡോ. ബെന്നി ഫിലിപ്പ്, റവ.ഫാ. ഡോ. ജോബി മാത്യു, റവ. ഫാ. ജോൺസൺ പുഞ്ചക്കോണം എന്നിവർ പങ്കെടുത്തു.

ഐസിഇസിഎച്ച് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഫാൻസി മോൾ പള്ളാത്ത്മഠം സ്വാഗതവും ട്രഷറർ രാജൻ അങ്ങാടിയിൽ നന്ദിയും പ്രകാശിപ്പിച്ചു.

പിആർഓ ജോൺസൺ ഉമ്മൻ, നൈനാൻ വീട്ടിനാൽ, റെജി കോട്ടയം, ഡോ. അന്ന ഫിലിപ്പ്, സിസ്റ്റർ ശാന്തി എന്നിവർ ആശംസകൾ അറിയിച്ചു.

യോഗാനന്തരം ഷെയ്സൺ പി. ഔസേഫ് നിർമ്മിച്ച സിനിമയായ വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയെ ആസ്പദമാക്കിയുള്ള 'ഫേസ് ഓഫ് ഫേസ് ലെസ്' എന്ന സിനിമ പ്രദർശിപ്പിച്ചു.

2025 നവംബർ മാസം ഹൂസ്റ്റണിൽ ഈ സിനിമ വീണ്ടും പ്രദർശിക്കാനുള്ള ക്രമീകരണം ചെയ്തു വരുന്നു.



# സീറോമലബാർ, കേരള ലത്തീൻ കത്തോലിക്കാ കുടുംബങ്ങൾ നേരിടുന്ന അടിയന്തര ഭീഷണി ആത്മീയമായ ഒളിച്ചോട്ടത്തിന്റെയും അധികാരത്തിന്റെയും പ്രതിസന്ധി

**ജെയ്മോൻ നന്തികാട്ട്**

സീറോമലബാർ സഭയിലും കേരള ലത്തീൻ സഭയിലും പ്രത്യേകിച്ച് 50 വയസ്സിന് മുകളിലുള്ള പ്രവാസി സമൂഹങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മത്സരാധിഷ്ഠിത പ്രാർത്ഥനാ-ധ്യാന കൂട്ടായ്മകൾ വെറുമൊരു ആത്മീയ പ്രവണതയല്ല മറിച്ച്, ദാമ്പത്യ-കുടുംബപരമായ കടമകളിൽ നിന്നുള്ള വിനാശകരമായ ഒളിച്ചോട്ടമാണ്. കുടുംബബന്ധങ്ങളിലെ തകർച്ചയും പ്രവാസത്തിലൂടെ ലഭിച്ച സാമ്പത്തിക സ്വാതന്ത്ര്യവുമാണ് ഈ പ്രസ്ഥാനത്തിന് ഇന്ധനം പകരുന്നത്. ഇത് കത്തോലിക്കാ പ്രബോധനങ്ങൾക്ക് നേരിട്ടുള്ള വെല്ലുവിളിയാണ്. അതിനാൽ അടിയന്തരവും അധികാരപരവുമായ ഇടപെടൽ ആവശ്യപ്പെടുന്നു.

**ദുഷിച്ച വലയം: ഗാർഹിക ആഘാതത്തിൽ നിന്ന് ആത്മീയ ഒളിച്ചോട്ടത്തിലേക്ക്.**

വ്യക്തികളെ 24/7 പ്രാർത്ഥനാ ധ്യാന ഗ്രൂപ്പുകളിലേക്ക് നയിക്കുന്ന, ദാമ്പത്യബന്ധങ്ങളോടും കുടുംബജീവിതത്തോടുമുള്ള ഈ അനാസ്ഥയുടെ വേരുകൾ ആഴത്തിലുള്ള ഗാർഹികവും സാമൂഹികവുമായ ആഘാതങ്ങളിൽ പതിയിരിക്കുന്നു. ഈ ഒളിച്ചോട്ടത്തിനുള്ള ആഗ്രഹത്തിന് കാരണമാകുന്ന ഘടകങ്ങൾ ഇവയാണ്:

* **ദാമ്പത്യ കലഹം**: ഗാർഹിക പീഡനവും നിരന്തരമായ കുടുംബ വഴക്കുകളും.

* **ധാർമ്മിക-സാമൂഹിക പിരിമുറുക്കം:** മദ്യപാനം അല്ലെങ്കിൽ പങ്കാളിയുടെ അധാർമ്മികമായ പെരുമാറ്റം.

* **സാമൂഹിക-സാമ്പത്തിക അസന്തുലിതാവസ്ഥ:** പങ്കാളികൾ തമ്മിലുള്ള വരുമാനത്തിലെ അസന്തുലിതാവസ്ഥ, കാര്യമായ വിദ്യാഭ്യാസപരമായ വ്യത്യാസങ്ങളും അസമത്വങ്ങളും.

ഈ സമ്മർദ്ദങ്ങൾ വൈകാരിക ക്ലേശത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയും വ്യക്തികളെ അവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സജീവമായി വഴികൾ തേടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇവർ ഈ ഗ്രൂപ്പുകളുടെ ബാഹ്യമായ ആശ്വാസത്തിൽ അഭയം തേടുന്നു. ധ്യാനകേന്ദ്രം സപ്പോർട്ട് ഗ്രൂപ്പ്, ജപമാല പ്രാർത്ഥനാ ഗ്രൂപ്പുകൾ, ദൈവത്തിന്റെ അവതാരങ്ങൾ എന്ന് അവകാശപ്പെടുന്നവരുടെ പ്രാർത്ഥനാ ഗ്രൂപ്പുകൾ, മറ്റ് വ്യക്തിഗത പ്രാർത്ഥനാഗ്രൂപ്പുകൾ, അല്ലെങ്കിൽ 'വചന പ്രഘോഷണ' ഗ്രൂപ്പുകൾ എന്നിവയെ വീടിന് നേരെയുള്ള വൈകാരികവും ശാരീരികവുമായ കവചമായി അവർ ഉപയോഗിക്കുന്നു.

പലരും തങ്ങളുടെ വിവാഹിതരായ പങ്കാളികളെ വിലമതിക്കാതെ മറ്റുള്ളവരുടെ പങ്കാളികളിൽ താല്പര്യം കാണിക്കുന്നു എന്നത് അങ്ങേയറ്റം ലജ്ജാകരമാണ്. ഈ അസ്വസ്ഥജനകമായ പ്രവണത ഒരു ചോദ്യമുയർത്തുന്നു: ഇത് വിശ്വാസക്കുറവാണോ, ദാമ്പത്യം ഒരു ഉടമ്പടിയാണെന്നതിനെക്കുറിച്ചുള്ള ധാരണയില്ലായ്മയാണോ, ദൈവഭയമില്ലായ്മയാണോ, അതോ വെറും സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണോ?

**സാമൂഹിക പരിവർത്തനം: സ്ത്രീ ശാക്തീകരണവും ദാമ്പത്യ അകൽച്ചയും.**

സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന പരിവർത്തനം, ഉയർന്ന യോഗ്യതയുള്ള, ജീവിതത്തിൽ മെച്ചപ്പെട്ട കാഴ്ചപ്പാടുള്ള, ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന, വീടിന്റെ നിയന്ത്രണം കൈയാളുന്ന സ്ത്രീകളുടെ ഉദയമാണ്. അധികാരം, പണം, നിയന്ത്രണം എന്നിവ ലഭിച്ചതോടെ തനിക്ക് ഒരു പങ്കാളിയുടെ ആവശ്യമില്ലെന്ന് സ്ത്രീകൾ ചിന്തിച്ചു തുടങ്ങുന്നത് കുടുംബങ്ങളെ അകറ്റിക്കൊണ്ടിരിക്കുന്ന ഒരു ചലനാത്മകതയാണിത്. അതിനാൽ, സഭയുടെ വിശ്വാസം, കുടുംബം, കുടുംബത്തിലെ മൂല്യങ്ങളുടെ പ്രവർത്തനക്ഷമത എന്നിവ ഇത്തരത്തിലുള്ള ഘടകങ്ങളാൽ അപകടത്തിലാകുന്നു.

**ഗാർഹിക സഭയുടെ (ഡൊമിസ്റ്റിക് ചർച്ച്) ഉപേക്ഷിക്കൽ**

ഈ ആത്മീയ ഒളിച്ചോട്ടം പ്രാഥമിക ക്രിസ്തീയ വിളിയുടെ, അതായത് കുടുംബത്തിന്റെ, നേരിട്ടുള്ള അവഗണനയിലേക്ക് നയിക്കുന്നു. ഈ വ്യക്തികൾക്ക് വീട്ടിലെ രാത്രി പ്രാർത്ഥന, പാചകം, വൃത്തിയാക്കൽ, മുറ്റം വൃത്തിയാക്കൽ തുടങ്ങിയ അത്യാവശ്യ കടമകൾക്ക് സമയമില്ല. പകരം, അവർ എപ്പോഴും വീട്ടിൽനിന്ന് പുറത്തിറങ്ങുകയും തങ്ങളുടെ ഗ്രൂപ്പുകളുമായി ഫോണിൽ തിരക്കിട്ട് സ്ഥിരമായി ലഭ്യമല്ലാത്തവരായി തുടരുകയും ചെയ്യുന്നു. ഈ രീതി ഭക്തിയല്ല, ഒളിച്ചോട്ടമാണ്.

കൂടാതെ പല അംഗങ്ങളും പരിശുദ്ധ കത്തോലിക്കാ സഭയുടെ ആചാരങ്ങൾക്കും പ്രബോധനങ്ങൾക്കും വിരുദ്ധവും തികച്ചും പരിഹാസ്യവുമാണെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിവിധ ആരാധനാക്രമങ്ങളോട് (കൾട്ട് പ്രാക്ടീസസ്) അടിമകളാകുന്നു. കത്തോലിക്കാ ഭക്തിയിൽ നിന്ന് അംഗീകാരമില്ലാത്ത, പലപ്പോഴും തീവ്രമായ ആചാരങ്ങളിലേക്കുള്ള ഈ മാറ്റം അവരുടെ വിശ്വാസത്തെ കൂടുതൽ ശിഥിലമാക്കുകയും കുടുംബങ്ങളിലെ ഭിന്നത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.



ലേഖകൻ

**ആഗോള പ്രചാരകം: സ്വാതന്ത്ര്യവും സാമ്പത്തികവും.**

യുഎസ്എയിലും മറ്റ് സ്ഥലങ്ങളിലും ഈ പ്രശ്നം രൂക്ഷമാകുന്നു. അവിടെ അമിതമായ സ്വാതന്ത്ര്യവും ലഭ്യമായ പണവും പങ്കാളികളെ കുടുംബത്തിൽ നിന്ന് അകറ്റിനിർത്തുന്നതിനുള്ള ഒരു പ്രധാന ഉപകരണമായി വർത്തിക്കുന്നു. പ്രവാസത്തിലൂടെ ലഭിച്ച സാമ്പത്തിക സ്വാതന്ത്ര്യം ഒരു കുടുംബത്തെ ഒരുമിച്ചു നിർത്താൻ സാദ്ധ്യതയുള്ള സാമ്പത്തിക പരിമിതികളെ നീക്കം ചെയ്യുന്നു. ഇതു പലപ്പോഴും 'പ്രധാന കഥാപാത്രം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പങ്കാളിയെ ഈ ബാഹ്യ ഗ്രൂപ്പുകൾക്ക് അവരുടെ ദാമ്പത്യ ബന്ധത്തേക്കാൾ മുൻഗണന നല്കാൻ അനുവദിക്കുകയും കുടുംബങ്ങളുടെ കുഴപ്പത്തിലേക്കും നാശത്തിലേക്കും നയിക്കുകയും ചെയ്യുന്നു.

**ആദിപാപം: ഏദൻതോട്ടത്തിന്റെ ഉപമ.**

ഈ ആത്മീയ വ്യവസ്ഥയിലെ പ്രധാന അപകടം ആത്മീയ അഹങ്കാരമെന്ന പാപമാണ്. അത് ആദിമ പ്രലോഭനത്തെ പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നു. വ്യക്തികൾ, പലപ്പോഴും 50 വയസ്സിന് മുകളിലുള്ളവരോ ലൈംഗികബന്ധത്തിലും കുടുംബജീവിതത്തിലും താല്പര്യമില്ലാത്തവരോ ഈ ഔന്നത്യബോധത്തിലേക്ക് ആകർഷിക്കപ്പെടുന്നു.

50 വയസ്സിനുശേഷം കുടുംബജീവിതത്തിൽ താല്പര്യമില്ലായ്മ, ലൈംഗികബന്ധത്തോടുള്ള താല്പര്യക്കുറവ് എന്നിവയാൽ അവർ പുരോഹിതന്മാരെക്കാളും ദൈവശാസ്ത്രജ്ഞന്മാരെക്കാളും വലിയവരും സന്യാസിമാരെക്കാൾ ഹൃദയത്തിൽ ശുദ്ധരുമായ 'സൂപ്പർ ദൈവങ്ങളായി' മാറി.

സ്വയം മഹത്വൽക്കരിക്കുന്ന ഈ ചിന്ത-ദൈവം സ്ഥാപിച്ച ക്രമത്തെ മറികടക്കാനുള്ള ആഗ്രഹം-പുതിയതല്ല.

ലോകത്ത് ദൈവത്തിന്റെ അവതാരങ്ങൾ എപ്പോഴാണ് തുടങ്ങിയത്? അത് ഏദൻ തോട്ടത്തിലാണ് തുടങ്ങിയത്. ദൈവത്തെപ്പോലെയാകാനുള്ള ആഗ്രഹം കാരണമാണ് ആദിമാതാപിതാക്കൾ വിലക്കപ്പെട്ട കനി ഭക്ഷിച്ചത്. അതിനാൽ ഇത് ലോകത്തിനു പുതിയതല്ല.

സ്വയം പ്രഖ്യാപിത 'സൂപ്പർ ദൈവം' എന്ന പദവിയിലേക്കുള്ള ഈ അന്വേഷണം വിലക്കപ്പെട്ട കനിയാണ്. ആദവും ഹവ്വായും ദൈവത്തിന്റെ കല്പനയിൽ നിന്ന് അകന്ന് അറിവും ശക്തിയും തേടിയതുപോലെ, ഈ വ്യക്തികൾ കത്തോലിക്കാ സഭയുടെ കൂദാശാപരമായ ഘടനയിൽ നിന്നും പ്രബോധനങ്ങളിൽ നിന്നും അകന്ന് വിശുദ്ധിയും അധികാരവും തേടുന്നു. അവർ പൗരോഹിത്യത്തിന്റെ നിയമാനുസൃതമായ അധികാരത്തെയും ദാമ്പത്യത്തിന്റെ പവിത്രമായ കടമകളെയും തങ്ങളുടെ സ്വതന്ത്ര ഗ്രൂപ്പുകളുടെ ആശ്വാസം നല്കുന്ന, എന്നാൽ ആത്യന്തികമായി വഞ്ചനാപരമായ അംഗീകാരം കൊണ്ട് പകരം വെക്കുന്നു.

ഈ പ്രഘോഷകരും അവരുടെ അനുയായികളും മിക്കവരും 50 വയസ്സിന് മുമ്പ് എവിടെയായിരുന്നു?

**സഭാധികാരികളോടുള്ള ആഹ്വാനം: അടിയന്തര തിരുത്തൽ നടപടി.**

സീറോമലബാർ സഭയിലെയും കേരള ലത്തീൻ കത്തോലിക്കാ സഭയിലെയും അധികാരികൾ ഈ സാഹചര്യം കുടുംബത്തിന്റെ സമഗ്രതയ്ക്കു, പുരോഹിതരുടെ അധികാരത്തിന്, വിശ്വാസത്തിന്റെ വിശുദ്ധിക്ക് ഒരു വ്യക്തവും നിലവിലുള്ളതുമായ അപകടമായി തിരിച്ചറിയണം. സഭയെ സംരക്ഷിക്കാനും കത്തോലിക്കാ സഭയുടെയും അതിന്റെ പ്രബോധനങ്ങളുടെയും പാരമ്പര്യങ്ങളുടെയും പഠിപ്പിക്കലുകൾ അനുസരിച്ച് അത്മായരുടെ മേൽ നിയന്ത്രണം ഏറ്റെടുക്കാനും ശക്തമായ, സംശയരഹിതമായ പ്രതികരണം ആവശ്യമാണ്.

**തീരുമാനമെടുക്കേണ്ട തിരുത്തൽ നടപടികൾ താഴെപ്പറയുന്നവ ഉൾക്കൊള്ളണം:**

**കാനോനിക അധികാരം ഉറപ്പിക്കുക:** സ്വയം പ്രഖ്യാപിത അത്മായ പ്രഘോഷകരെയും അവരുടെ ഗ്രൂപ്പുകളെയും ഉടൻതന്നെ പ്രാദേശിക മെത്രാന്റെയോ അദ്ദേഹം നിയമിച്ച വൈദികന്റെയോ നേരിട്ടുള്ളതും പരിശോധിക്കപ്പെട്ടതുമായ നിരന്തര നിയന്ത്രണത്തിന് വിധേയമാക്കണം. ഈ മേൽനോട്ടത്തെ ചെറുക്കുന്ന ഗ്രൂപ്പുകളെ ഔപചാരികമായും പരസ്യമായും നിരോധിക്കുകയും നിരാകരിക്കുകയും വേണം.

**ദാമ്പത്യത്തെക്കുറിച്ചുള്ള പുനഃരധിഷ്ഠിത പ്രബോധനം:** വിവാഹിതരായ ഒരാൾക്ക് പരമമായ, ഭക്തിപരമായ പ്രവൃത്തി വിവാഹ കൂദാശയോടുള്ള വിശ്വസ്തതയാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് സഭ കർശനവും വ്യക്തവുമായ അജപാലന ലേഖനങ്ങൾ പുറപ്പെടുവിക്കണം. ഗാർഹിക കടമയിൽ നിന്നുള്ള ആത്മീയ ഒളിച്ചോട്ടം ഒരു പാപമാണ്, അല്ലാതെ പുണ്യമല്ല.

**ആരാധനാക്രമങ്ങളെ (കൾട്ടിക് പ്രാക്ടീസസ്) അപലപിക്കൽ:** ആരാധനാക്രമങ്ങളെയും (കൾട്ട് പ്രാക്ടീസസ്) പരിഹാസ്യമായ ആത്മീയ അവകാശവാദങ്ങളെയും (പുരോഹിതന്മാരേക്കാൾ വലിയവരാണ്) എന്നുള്ളത് കത്തോലിക്കാ പ്രബോധനങ്ങൾക്ക് വിരുദ്ധവും അപകടകരവുമാണെന്ന് പരസ്യമായി അപലപിക്കണം. യഥാർത്ഥ വിശുദ്ധി കണ്ടെത്തുന്നത് വിധേയത്വത്തിലും വിനയത്തിലുമാണ്. അല്ലാതെ സ്വയം ചുമത്തിയ ഔന്നത്യത്തിലല്ല എന്ന് വിശ്വാസികളെ പഠിപ്പിക്കണം.

**ആത്മീയവും ഗാർഹികവുമായ ജീവിതത്തെ സമന്വയിപ്പിക്കൽ:** ഗാർഹിക സഭ എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുന്ന ഔദ്യോഗിക സഭാ പരിപാടികൾ വീട്ടിലെ രാത്രി പ്രാർത്ഥന, പങ്കാളിയുമായുള്ള ആശയവിനിമയം, കുടുംബപരമായ കടമകൾ എന്നിവ വിശുദ്ധയുടെ അവിഭാജ്യ ഘടകങ്ങളാണെന്ന് ഊന്നിപ്പറയണം. ജപമാലയോ വചനപഠനമോ ഉൾപ്പെടെയുള്ള അനാവശ്യമായ ബാഹ്യ ഭക്തിക്ക് ഒരാളുടെ വീടിനെയും കുടുംബത്തെയും ഇടവകയേയും ഉപേക്ഷിക്കുന്നതിനെ ന്യായീകരിക്കാൻ കഴിയില്ല.

**നിത്യരക്ഷയിലേക്കുള്ള പാത**

വർദ്ധിച്ചുവരുന്ന ഈ പ്രതിസന്ധി യഥാർത്ഥ കത്തോലിക്കാ ജീവിതത്തിന്റെ അടിസ്ഥാന സ്തംഭങ്ങളായ ഗാർഹിക സഭയ്ക്കും (കുടുംബത്തിനും) ഇടവകയ്ക്കും വീണ്ടും ഊന്നൽ നല്കേണ്ടതിന്റെ അനിവാര്യത ആവശ്യപ്പെടുന്നു. വിശ്വാസത്തിന്റെ ആദ്യപാഠശാലയായ ഭവനത്തിനുള്ളിലാണ് ആത്മാക്കൾ സത്യത്തിലേക്ക് ശരിയായ രീതിയിൽ നയിക്കപ്പെടുന്നത്. ഈ അടിസ്ഥാന ഘടകങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ പരിശുദ്ധ സിംഹാസനവുമായുള്ള കൂട്ടായ്മയിൽ കത്തോലിക്കാ വിശ്വാസത്തെ ഫലപ്രദമായി സംരക്ഷിക്കാൻ സഭയ്ക്ക് കഴിയും. ഇത് സഭയുടെ പ്രബോധനാധികാരത്തോടുള്ള (മാഗിസ്റ്റീരിയം) വിശ്വാസികളുടെ വിശ്വസ്തതയും വിശുദ്ധ പാരമ്പര്യവും ഉറപ്പാക്കുന്നു. ഇത് കേവലം സാമൂഹിക ക്രമത്തിന്റെ കാര്യമല്ല. മരണാനന്തരം ആത്മാവിന്റെ നിത്യരക്ഷയ്ക്കായി സഭ നിശ്ചയിച്ചിട്ടുള്ള ശരിയായ മാർഗ്ഗമാണിത്. യഥാർത്ഥ ഭക്തി ആവശ്യപ്പെടുന്നത്, ഒരാളുടെ വിളിയുടെ അവസ്ഥയിലുള്ള അനുസരണവും വിശ്വസ്തതയുമാണ്.-ആദ്യം വിവാഹ ഉടമ്പടിയോട്, പിന്നെ പ്രാദേശിക ഇടവകയോട്, ആത്യന്തികമായി സാർവത്രിക സഭയോട്-കാരണം ഈ കൂട്ടായ്മാ ജീവിതമാണ് കൃപയിലേക്കും നിത്യജീവന്റെ അവകാശത്തിലേക്കുമുള്ള ഏറ്റവും ഉറപ്പായ പാത.

നിർണ്ണായകമായി പ്രവർത്തിക്കുന്നതിൽ പരാജയപ്പെട്ടാൽ, ഗാർഹിക കലഹത്താലും സാമ്പത്തിക സ്വാതന്ത്ര്യത്താലും വളർത്തപ്പെടുന്ന ഈ വ്യാജ ആത്മീയതയെ അതിന്റെ വിനാശകരമായ പാത തുടരാൻ അനുവദിക്കും. ഇത് ആഗോളതലത്തിൽ സീറോമലബാർ സമൂഹത്തിന്റെയും കേരള ലത്തീൻ സമൂഹത്തിന്റെയും അടിത്തറയെ ന്യായമായി തകർക്കും.

# ആധാർ മാതൃകയിൽ ബ്രിട്ടനിൽ ഡിജിറ്റൽ കാർഡ് നടപ്പാക്കുന്നു

മുംബൈ: ഇന്ത്യയുടെ 'ആധാർ' മാതൃകയിൽ ഡിജിറ്റൽ ഐഡി സംവിധാനം നടപ്പാക്കാനൊരുങ്ങി ബ്രിട്ടൻ. ഇന്ത്യാ സന്ദർശനത്തിനെത്തിയ യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ ഇൻഫോസിസ് സഹസ്ഥാപകനും യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഎഐഡി) ചെയർമാനുമായ നന്ദൻ നിലേകനിയുമായി ഇതുസംബന്ധിച്ചു ചർച്ച നടത്തി. മുബൈയിൽ വിമാനമിറങ്ങിയ സ്റ്റാർമർ, ആദ്യം കൂടിക്കാഴ്ച നടത്തിയവരിൽ ഒരാളാണ് നിലേകനി.

ഇൻഫോസിസുമായുള്ള വാണിജ്യ ഇടപാടുകളെക്കുറിച്ചല്ല, ആധാർ മാതൃക ബ്രിട്ടനിൽ നടപ്പാക്കുന്നതിനെക്കുറിച്ചായിരുന്നു ചർച്ചയെന്ന് സ്റ്റാർമറിന്റെ വക്താവ് അറിയിച്ചു. പ്രതിപക്ഷ പാർട്ടികൾ ഡിജിറ്റൽ ഐഡി കാർഡ് പദ്ധതിയെ എതിർക്കുമ്പോഴും മുന്നോട്ടുപോകാനാണ് ബ്രിട്ടീഷ് സർക്കാരിന്റെ തീരുമാനം.

ആധാർ പദ്ധതിയുടെ ഇന്ത്യയിലെ വൻ വിജയം ചൂണ്ടിക്കാട്ടിയാണു ബ്രിട്ടീഷ് സർക്കാർ സമാന പരിപാടിയുമായി മുന്നോട്ടുപോകുന്നത്. ഇത് നിരവധി മേഖലകളിൽ ജനങ്ങൾക്കു നേട്ടമുണ്ടാകുമെന്നു പ്രധാനമന്ത്രി പറഞ്ഞിരുന്നു.

# സെ. മേരീസ് മിഷൻലീഗ് യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും സത്യപ്രതിജ്ഞയും നടത്തി

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻലീഗ് (സിഎംഎൽ) യൂണിറ്റിന്റെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും സത്യപ്രതിജ്ഞാ ചടങ്ങും ചിട്ടയായി നടത്തപ്പെട്ടു.

വർഷാന്ത്യ സിഎംഎൽ യോഗത്തിന്റെ ഭാഗമായി നടന്ന ഈ ചടങ്ങിൽ കുട്ടികൾ വലിയ ഉത്സാഹത്തോടെയും ആത്മാർത്ഥതയോടെയും പങ്കെടുത്തു.



പുതിയ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ: പ്രസിഡണ്ട്-ഐസക് മറ്റത്തിൽ, വൈസ് പ്രസിഡണ്ട്-അബിഗെയിൽ കണ്ണച്ചാംപറമ്പിൽ, സെക്രട്ടറി-ഷോബിൻ കണ്ണമ്പള്ളി, ജോ. സെക്രട്ടറി-എലിസബത്ത് ഷിബു പണിക്കപ്പറമ്പിൽ, ട്രഷറർ-ജോഷ കിഴവല്ലിൽ, ജോ. ട്രഷറർ-ഡേവിഡ് കളപ്പുരയ്ക്കൽ. ഇതോടൊപ്പം തന്നെ 12 ഉപ ഗ്രൂപ്പുകളിലെ ലീഡറെയും അസി. ലീഡറെയും തെരഞ്ഞെടുത്തു.

ഇക്കഴിഞ്ഞ വർഷത്തെ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളായ ഡാനിയൽ വളർത്താറ്, ഇസബെൽ താന്നിച്ചുവട്ടിൽ എന്നിവർ പുതിയ സിഎംഎൽ ഭാരവാഹികളെ ഒക്ടോബർ 5-ന് ഞായറാഴ്ച കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക സമൂഹത്തിനു പരിചയപ്പെടുത്തി.

സത്യപ്രതിജ്ഞാ ചടങ്ങ് ചിക്കാഗോ സെന്റ് മേരീസ് സിഎംഎൽ ആത്മീയ ഡയറക്ടർ ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ നയിച്ചു. അദ്ദേഹം പുതിയ ഭാരവാഹികളെ അഭിനന്ദിക്കുകയും അവരുടെ നേതൃത്വത്തിൽ മിഷൻ ലീഗ് ആത്മീയമായി വളരാൻ എല്ലാ പിന്തുണയും നല്കുമെന്ന് ഉറപ്പുനല്കുകയും ചെയ്തു. സത്യപ്രതിജ്ഞയ്ക്കുശേഷം പുതിയ പ്രസിഡണ്ട് ഐസക് മറ്റത്തിൽ ലഘുപ്രസംഗം നടത്തി. പുതിയ എക്സിക്യൂട്ടീവിന്റെ ഭാഗമായതിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് എല്ലാ അംഗങ്ങളുടെയും സഹകരണം തേടി. യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരോടും ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുമെന്ന് പറയുകയുണ്ടായി.




ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ വികാരി ഫാ. സിജു മുടക്കോടിയും അസി. വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിലും ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

സിഎംഎൽ യൂണിറ്റ് ഡയറക്ടർമാരായ ജോജോ ആനാലിൽ, സൂര്യ കരിക്കുളം, ബിബി നെടുംതുരുത്തി പുത്തൻപുരയിൽ, മതബോധന സ്കൂൾ ഡയറക്ടർമാരായ സജി പൂത്തൃക്കയിൽ, മനീഷ് കൈമൂലയിൽ എന്നിവർ ചേർന്ന് ഇടവകയിലെ വിവിധ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു.

# ട്രൂലൈറ്റ് ക്രിസ്ത്യൻ അസംബ്ലി സൗത്ത് ഹൂസ്റ്റണിലെ പുതിയ ദേവാലയം പൂർത്തിയായി

**ജോൺസൺ മാത്യു**

റോഷാരൺ-ടെക്സസ്: ട്രൂലൈറ്റ് ക്രിസ്ത്യൻ അസംബ്ലി 5115 എഫ്എം 521, റോഷാരൺ ടെക്സസിൽ സ്ഥിതി ചെയ്യുന്ന സൗത്ത് ഹൂസ്റ്റണിലെ പുതിയ ദേവാലയ നിർമ്മാണം വിജയകരമായി പൂർത്തിയായതായി സന്തോഷത്തോടെ അറിയിക്കുന്നു. ഒക്ടോബർ 5-ന് സീനിയർ പാസ്റ്റർ ഡോ. കെ.ജി. ജോസ് പുതിയ സഭാഗൃഹത്തിൽ നടന്ന ആദ്യ ആരാധനാശുശ്രൂഷ നയിച്ചു. സഭാംഗങ്ങൾ ഹൃദ



യത്തിൽ നിന്നുള്ള നന്ദി പ്രകടിപ്പിച്ചു. പുതിയ ദേവാലയം മനുഷ്യർ രക്ഷിതാവായ യേശുക്രിസ്തുവിനെ നേരിട്ട് അനുഭവിക്കുകയും തലമുറകൾക്ക് പ്രോത്സാഹനം, പ്രത്യാശ, സഹവാസം എന്നിവ നേടുകയും ചെയ്യുന്ന ഒരു വിശുദ്ധ കേന്ദ്രമായി മാറുമെന്ന് സഭാനേതൃത്വവും പുതിയആരാധനാലയം ആർകൊള നഗരത്തിനും പരിസരസമൂഹത്തിനും സ്ഥിരമായൊരു സമ്പത്തായി മാറുകയും ഐക്യം, സേവനം, ആത്മീയ വളർച്ച എന്നിവ വളർത്തുകയും ചെയ്യുമെന്നും വ്യക്തമാക്കി.

# താമ്പാ സേക്രഡ് ഹാർട്ട് പള്ളിയിൽ മതബോധന ഞായറാഴ്ച ആചരണം

**സിജോയ് പറപ്പള്ളിൽ**


താമ്പാ: താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ മതബോധന ഞായറാഴ്ച സമുചിതമായി ആചരിച്ചു. അന്നേദിവസം വിശ്വാസപരിശീലന അദ്ധ്യാപകരെ ആദരിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. വി. കുർബാനയ്ക്ക് ഫാ. ജോസഫ് ഓലിക്കര കാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ, സൺഡേ സ്കൂൾ പ്രിൻസിപ്പൽ സാലി കുളങ്ങര, വൈസ് പ്രിൻസിപ്പൽ സിജോയ് പറപ്പള്ളിൽ, അദ്ധ്യാപക പ്രതിനിധി അഞ്ചലിക് തോമസ് പാറയിൽ, മാതാപിതാക്കളുടെ പ്രതിനിധി രാജി പുതുപ്പറമ്പിൽ, വിദ്യാർത്ഥി പ്രതിനിധി ഡിലൻ മുടീക്കുന്നേൽ എന്നിവർ സംസാരിച്ചു. വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.



കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# മിസ്സൂറി സിറ്റി മേയറായി റോബിൻ ഇലക്കാട്ട് മൂന്നാം തവണയും ജനവിധി തേടുന്നു





ജോസ് കണിയാലി



**മി**സ്സൂറി സിറ്റി മേയറായി മൂന്നാം തവണയും റോബിൻ ഇലക്കാട്ട് ജനവിധി തേടുന്നു. നവംബർ നാലിനാണ് തെരഞ്ഞെടുപ്പ്. ഇതിനോടകം തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ബഹുദൂരം പിന്നിട്ട റോബിൻ ഇലക്കാട്ട് രണ്ട് ടേമിലായി മിസ്സൂറി സിറ്റിയുടെ മുഖചരായ മാറ്റിയ മേയർ കൂടിയാണ്. പക്ഷേ, മിസ്സൂറി സിറ്റിക്ക് മേയർ തെരഞ്ഞെടുപ്പാണെങ്കിലും അമേരിക്കൻ മലയാളി സമൂഹത്തിന് ഇത് മേജർ തെരഞ്ഞെടുപ്പാണ്. റോബിൻ ഇലക്കാട്ടിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഔദ്യോഗിക കിക്കോഫ് തുടങ്ങിയത് മുതൽ മിസ്സൂറി സിറ്റി തെരഞ്ഞെടുപ്പ് ചൂടിലാണ്. ഒരു നഗരത്തിന്റെ വികസനത്തിനൊപ്പം ആത്മവിശ്വാസത്തോടെ രണ്ട് ടേമിൽ മുന്നേറിയ നമ്മുടെ പ്രിയപ്പെട്ട മേയർ റോബിൻ ഇലക്കാട്ട്, കേരളത്തിന്റെ മണ്ണിൽ നിന്നും പഠിച്ച രാഷ്ട്രീയ പാഠമാണ് അദ്ദേഹം മിസ്സൂറിയിലും പരീക്ഷിക്കുന്നത്.

കേരളത്തിലെ എംപിമാരും എംഎൽഎമാരും ജനങ്ങളോട് അടുത്തു നിൽക്കുന്നതുപോലെ ഒരു സംവിധാനം അമേരിക്കയിൽ ഇല്ല. എന്നാൽ റോബിൻ ഇലക്കാട്ട് തന്റെ പ്രചാരണത്തിന് നാട്ടിലെ രീതി കൊണ്ടുവന്നത് അമേരിക്കൻ ജനതയ്ക്ക് കൗതുകമായി. ജനകീയനായ ഒരു മേയറായി മാറാൻ കഴിഞ്ഞ രണ്ട് ടേമുകളിൽ അദ്ദേഹത്തിന് സാധിച്ചു. കഴിഞ്ഞ രണ്ട് ടേമിലും മിസ്സൂറിയിലെ ജനങ്ങൾക്ക് ഒരു ഫോൺ കോളിനപ്പുറത്ത് ഒരു ജനകീയനായ മേയർ ഉണ്ടെന്ന് മനസ്സിലാക്കി കൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

മേയറായതിന് ശേഷം അദ്ദേഹം നടപ്പിൽ വരുത്തിയ പദ്ധതികൾക്ക് കണക്കില്ല. പ്രത്യേകിച്ച് പൊതുജന സുരക്ഷ, നികുതി ഇളവുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു. പുതിയ ബിസിനസ് സംരംഭങ്ങൾ സിറ്റിയിൽ വരാൻ നികുതിയിളവ് ഉൾപ്പെടെയുള്ളവ കൊണ്ട് സാധിച്ചു. പ്രോപ്പർട്ടി ടാക്സ് കുറയ്ക്കുകയും, മുതിർന്നവർക്കും വികലാംഗർക്കും പ്രത്യേക നികുതിയിളവ് നൽകിയത് സിറ്റിയുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമായിരുന്നു. ജനങ്ങളുടെ മേൽ അമിതമായ നികുതിഭാരം അടിച്ചേൽപ്പിക്കാതെ സുസ്ഥിരമായ ഒരു ഭരണ സംവിധാനമാണ് റോബിൻ ഇലക്കാട്ട് നടപ്പിലാക്കിയത്. സിറ്റി സ്റ്റാഫിന്റേയും കൗൺസിലിന്റേയും സഹകരണത്തോടെ കഴിഞ്ഞ രണ്ട് വർഷമായി സ്കൂൾ, നഗര ഇവന്റുകൾ സംഘടിപ്പിക്കപ്പെട്ടു. പൊതുജനവുമായി കൂടുതൽ ഇടപെഴകുവാനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കുവാനും സാധിച്ചു. ഒരു യുണൈറ്റഡ് സിറ്റിയായി മിസ്സൂറി സിറ്റിയെ ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുള്ള അംഗീകാരം കൂടിയാണ് രണ്ട് ടേമിൽ തനിക്ക് വിജയിക്കാനായതെന്ന് റോബിൻ ഇലക്കാട്ട് കേരളാ എക്സ് പ്രസ്സിനോട് പറഞ്ഞു.

കഴിഞ്ഞ രണ്ടു ടേമുകളിൽ നടപ്പിലാക്കിയ പദ്ധതികളായിരുന്നു അദ്ദേഹത്തിന്റെ മുതൽക്കൂട്ട്. ഇനിയുള്ള പ്രവർത്തനങ്ങൾ മുൻ കാല വികസനത്തിന്റെ ബാക്കിയാണെന്ന് അദ്ദേഹം അടിവരയിടുന്നു. അമേരിക്കയിലെ ഏറ്റവും നല്ല നഗരമായി മിസ്സൂറിയെ വളർത്തിയെടുക്കുവാൻ സാധിച്ചതിൽ തനിക്ക് അഭിമാനമുണ്ടെന്ന് റോബിൻ ഇലക്കാട്ട് പറഞ്ഞു. മലയാളികൾക്ക് മാത്രമല്ല ഈ വിജയത്തിൽ അഭിമാനമുള്ളത്. അമേരിക്കൻ ജനതയും ഏഷ്യൻ സമൂഹവും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. ഇത്തവണയും ഉണ്ടാവും. റോബിൻ ഇലക്കാട്ട് ഏവർക്കും മാതൃകയായ ഒരു നേതാവായി ഇനിയും മുന്നേറാൻ മലയാളി സമൂഹത്തിന് അദ്ദേഹത്തിനൊപ്പം നിൽക്കാം. പ്രവർത്തിക്കാം. അമ്മ ഏലിയാമ്മയുടെ അദൃശ്യ സാന്നിദ്ധ്യവും, പിതാവ് ഫിലിപ്പ് ഇലക്കാട്ട്, ഭാര്യ ടീന, മക്കൾ ലിയയും, കെയ്റ്റിലിനും എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയുമായി ഒപ്പമുള്ളത് ഒരു ജന നേതാവിന്റെ വിജയം തന്നെയാണ്. അതാണ് മൂന്നാം ടേമിലേക്ക് ഒരു സിറ്റിയെ നയിക്കാനിറങ്ങുമ്പോൾ അദ്ദേഹത്തിന്റെ ശക്തി.



















# മലയാളത്തിന്റെ മോഹൻലാലിന് ഹൃദയത്തിൽ നിന്നൊരു സലാം





**അനിൽ പെണ്ണുക്കര**

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

അദ്ദേഹം നൃത്തം പഠിച്ചിട്ടില്ല, പക്ഷേ, കമലദളം എന്ന ചിത്രത്തിൽ അദ്ദേഹം നൃത്തം ചെയ്തു. അദ്ദേഹം കഥകളി പഠിച്ചിട്ടില്ല, പക്ഷേ, വാനപ്രസ്ഥം എന്ന ചിത്രത്തിൽ  അതും ചെയ്തു. അദ്ദേഹം പാട്ട് പഠിച്ചിട്ടില്ല, പക്ഷേ, ഇന്നും അദ്ദേഹം പാടിയ പാട്ടുകൾ ഹൃദയങ്ങളിൽ നിലനിൽക്കുന്നു. അതാണ് മോഹൻലാൽ. ആക്ഷനും കട്ടിനും ഇടയിൽ കഥാപാത്രമായി ജീവിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും ഫ്ളെക്സിബിൾ ആയിട്ടുള്ള നടൻ. അതുകൊണ്ട് തന്നെ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം മോഹൻലാലിന് ലഭിക്കാൻ എന്തുകൊണ്ട് ഇത്രമേൽ താമസം വന്നു എന്നത് മാത്രമാണ് മലയാളികളുടെ സംശയം.

ഫാൽക്കേ അവാർഡ് ലഭിച്ചതിന്റെ സന്തോഷത്തിൽ കേരളം മോഹൻലാൽ എന്ന പ്രതിഭയ്ക്കു നൽകിയ മലയാളത്തിന്റെ 'ലാലേട്ടന്' ജന്മനാടിന്റെ 'ലാൽ സലാം' എന്ന സ്വീകരണ പരിപാടി തലസ്ഥാനം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ മഹോത്സവമായിരുന്നു. ഇന്ത്യൻ സിനിമയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ മലയാളത്തിന്റെ പ്രിയതാരം മോഹൻലാലിനെ ആദരിക്കാൻ തലസ്ഥാന നഗരി ഒരുക്കിയ സ്വീകരണത്തെ ജനങ്ങൾ സ്വീകരിച്ചത് ഹൃദയം കൊണ്ടാണ്.

മലയാളികളുടെ സ്വന്തം 'ലാലേട്ടൻ' എന്ന വികാരം തിരതല്ലിയ ആ സന്ധ്യ, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിച്ചു. കേരള സർക്കാർ സംഘടിപ്പിച്ച 'മലയാളം വാനോളം, ലാൽ സലാം' എന്ന ഈ ആദരിക്കൽ ചടങ്ങ്, ഒരു നടനോടുള്ള സ്നേഹവും ബഹുമാനവും എത്രത്തോളം വലുതാണെന്ന് വിളിച്ചോതുന്ന ചരിത്രനിമിഷമായി. ആദരവിന്റെ തിളക്കത്തിൽ സെൻട്രൽ സ്റ്റേഡിയം പുരസ്കാര നിറവിൽ നിൽക്കുന്ന മോഹൻലാലിനെ വരവേൽക്കാൻ, തലസ്ഥാന നഗരിയിലെ സിനിമാ പ്രേമികൾ മാത്രമല്ല, കേരളത്തിന്റെ നാനാ ഭാഗത്തുനിന്നുള്ളവരും സെൻട്രൽ സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തിയിരുന്നു.

കേരള സർക്കാരിന് വേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ മോഹൻലാലിനെ പൊന്നാട അണിയിച്ച് ആദരിച്ചു. ചലച്ചിത്ര ലോകത്ത് അദ്ദേഹം നൽകിയ സമഗ്ര സംഭാവനകളെ പ്രകീർത്തിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രശസ്തി പത്രം സമർപ്പിച്ചു. കവി പ്രഭാവർമ്മ മോഹൻലാലിന് വേണ്ടി എഴുതിയ കാവ്യപത്രം ചടങ്ങിന് കൂടുതൽ വൈകാരികമായ മാറ്റ് നൽകി. മലയാള സിനിമയുടെ ചരിത്രത്തിലെ സുവർണ നേട്ടമാണ് മോഹൻലാലിന്റേതെന്നും, അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ മലയാളിയുടെ വൈകാരിക ജീവിതത്തിന്റെ ദൃശ്യപരമായ അനുഭവരേഖയാണെന്നും മുഖ്യമന്ത്രി പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

ചലച്ചിത്ര – രാഷ്ട്രീയ – സാംസ്കാരിക മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ ചടങ്ങിന് സാക്ഷ്യം വഹിക്കാനെത്തിയിരുന്നു. സിനിമയിലെ മുതിർന്ന താരങ്ങളും യുവതാരങ്ങളും മഹാനടനെ ആദരിക്കാൻ ഒരുമിച്ചുകൂടി. നടൻ മധു അടക്കമുള്ള പ്രമുഖർ മോഹൻലാലിനെ വാഴ്ത്തി സംസാരിച്ചു. കൂടാതെ, ചലച്ചിത്ര ലോകത്ത് മോഹൻലാലിന്റെ നേട്ടം രണ്ടാമത്തെ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, മലയാള സിനിമയുടെ അന്താരാഷ്ട്ര തലത്തിലുള്ള വളർച്ചയെക്കുറിച്ചും ചർച്ചകൾ നടന്നു.

ആദരിക്കൽ ചടങ്ങിനെ അവിസ്മരണീയമാക്കിയത് മോഹൻലാലിനായുള്ള കലാസമർപ്പണമായിരുന്നു. 'രാഗം മോഹനം' എന്ന നൃത്ത സംഗീത പരിപാടി ഉൾപ്പെടെ നിരവധി കലാവിരുന്നുകൾ അരങ്ങേറി. കഥകളി ആചാര്യൻ കലാമണ്ഡലം സുബ്രഹ്മണ്യന്റെ 'തിരനോട്ടം' മോഹൻലാലിന്റെ സിനിമാ ജീവിതത്തിന് നൽകിയ ആദരവായിരുന്നു. സംഗീത സമർപ്പണത്തിൽ എം. ജി. ശ്രീകുമാർ, സുജാത മോഹൻ, കെ. എസ്. ചിത്ര (വീഡിയോ സന്ദേശത്തിലൂടെ) തുടങ്ങി പ്രമുഖ ഗായകരും ഗായികമാരും പങ്കെടുത്തു. മോഹൻലാൽ ചിത്രങ്ങളിലെ എക്കാലത്തെയും ഹിറ്റ് ഗാനങ്ങൾ സ്റ്റേഡിയത്തിൽ തരംഗമായി മാറി.

സ്വീകരണത്തിന് മറുപടി പറഞ്ഞ മോഹൻലാൽ, തനിക്ക് ലഭിച്ച എല്ലാ പുരസ്കാരങ്ങളും മലയാളികൾക്ക് സമർപ്പിക്കുന്നു എന്ന് വികാരഭരിതനായി പറഞ്ഞു. 'കാഴ്ചക്കാരില്ലെങ്കിൽ കലാകാരന്മാർ ഇല്ല, എനിക്ക് ഈ സ്വീകരണം നൽകുന്നത് എന്നെ ഞാനാക്കി മാറ്റിയ കേരളവും മലയാളികളും അവർ തെരഞ്ഞെടുത്ത സർക്കാരുമാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു. തിരുവനന്തപുരത്താണ് താൻ ജനിച്ച് വളർന്നതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ഓരോ മലയാളിയുടെ ഹൃദയത്തെയും സ്പർശിക്കുന്നതായിരുന്നു."എനിക്ക് ഈ സ്വീകരണം നൽകുന്നത് എന്നെ ഞാനാക്കി മാറ്റിയ കേരളവും മലയാളികളും അവർ തെരഞ്ഞെടുത്ത സർക്കാരുമാണ്. ദില്ലിയിൽ വെച്ച് അതിവിഷ്ടമായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം വാങ്ങിയ നിമിഷത്തേക്കാൾ ഏറെ വൈകാരികഭാരത്തോടെയാണ് ഞാൻ നിങ്ങൾക്ക് മുന്നിൽ നിൽക്കുന്നത്. ജീവിതത്തിന്റെ സങ്കീർണതകൾ ഒന്നുമറിയാതെ എന്റെ അമ്മയ്ക്കും അച്ഛനും ഒപ്പം ജീവിച്ച ഇടമാണ് ഈ മണ്ണ്. ഇക്കാരണങ്ങൾ കൊണ്ടെല്ലാം ഞാൻ അനുഭവിക്കുന്ന വൈകാരികഭാരത്തെ മറച്ചുപിടിക്കാൻ കാലങ്ങളായി ഞാൻ ആർജ്ജിച്ച അഭിനയശേഷിക്ക് സാധിക്കുന്നില്ല. എനിക്ക് ലഭിച്ച എല്ലാ പുരസ്കാരങ്ങളും മലയാളിക്കും മലയാളത്തിനും കേരളത്തിന് ആകെയും ലഭിച്ചവയാണ് എന്ന് ഞാൻ കരുതുന്നു. ഏതു കലാകാരനും ലഭിക്കുന്ന പുരസ്കാരങ്ങൾ ഏറ്റുവാങ്ങുന്നത് അയാളുടെ കരങ്ങൾ ആണെങ്കിലും അത് എത്തിച്ചേരുന്നത് അയാളെ സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിച്ച സമൂഹത്തിലേക്കാണ്.'

ഇതിലും കൂടുതൽ എങ്ങനെ...

ഒരു ജനതയുടെ 'ആൾട്ടർ ഈഗോ' ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം മോഹൻലാലിന് ലഭിച്ചത്, അരനൂറ്റാണ്ടോളം മലയാളിയുടെ സിനിമാ അനുഭവത്തിൽ അദ്ദേഹം ചെലുത്തിയ സ്വാധീനത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്. ലാലേട്ടൻ എന്നത് ഒരു നടൻ മാത്രമല്ല, മലയാളിയുടെ അപര വ്യക്തിത്വം ആണെന്ന നിരീക്ഷണം ഈ സ്വീകരണത്തിൽ കൂടുതൽ ശരിയായി തോന്നി. നടപ്പിലും ഇരിപ്പിലും മോഹൻലാൽ കഥാപാത്രങ്ങൾ മലയാളികളുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിയത് ഈ ജനകീയ ആദരവിന് അടിവരയിടുന്നു.

കേരളത്തിന്റെ ചരിത്രത്തിൽ അടയാളപ്പെടുത്തിയ ഒരു സാംസ്കാരിക ഉത്സവം തന്നെയാണ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ അരങ്ങേറിയ 'ലാൽ സലാം'. മലയാള സിനിമയുടെ ചരിത്രത്തിലെ സുവർണ നേട്ടം ദേശീയ തലത്തിൽ ആഘോഷിക്കപ്പെടുന്നു എന്ന് ഉറപ്പിച്ച ഈ സ്വീകരണം, മോഹൻലാൽ എന്ന നടനോടുള്ള സ്നേഹം മാത്രമല്ല, മലയാള സിനിമയുടെ കലാമൂല്യത്തോടുള്ള കേരളത്തിന്റെ അഭിമാനം കൂടിയാണ് പ്രതിഫലിപ്പിച്ചത്. ആദരവിന്റെ ആ സന്ധ്യ മലയാളികൾക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമായി നിലനിൽക്കും.









മോഹൻലാലിനെ സംസ്ഥാന സർക്കാർ ആദരിക്കുന്ന ചടങ്ങിൽ കഥകളി ആചാര്യൻ കലാമണ്ഡലം ബാലസുബ്രഹ്മണ്യനെ മോഹൻലാൽ കാൽതൊട്ട് വണങ്ങുന്നു. വാനപ്രസ്ഥമടക്കമുള്ള സിനിമകൾക്കായി മോഹൻലാലിനെ കഥകളി അഭ്യസിപ്പിച്ച ഗുരുകൂടിയാണ് ബാലസുബ്രഹ്മണ്യൻ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം



# തപോമയിയുടെ അച്ഛന് ആശംസകൾ

ഒക്ടോബർ 5 ഞായറാഴ്ച്ച. രാവിലെ ഉണർന്നപ്പോഴേ വളരെ സന്തോഷം നൽകിയ ആ വാർത്ത കണ്ടു.

വയലാർ അവാർഡ് ഇ. സന്തോഷ് കുമാറിന്റെ 'തപോമയിയുടെ അച്ഛൻ' എന്ന നോവലിന്. പ്രിയ എഴുത്തുകാരനും, അടുത്ത സുഹൃത്തുമായ അദ്ദേഹത്തിന്റെ ഏറ്റവും പുതിയ കൃതിയ്ക്ക് അർഹമായ അംഗീകാരം തന്നെ എന്ന് മനസ്സുരുവിട്ടു.

അനിതരസാധാരണമായ ഒരു നോവൽ തന്നെയാണ് തപോമയിയുടെ അച്ഛൻ. കൊൽക്കത്തയിലും ഡൽഹിയിലും ആയി പരന്നു കിടക്കുന്ന ഭൂമിക. നോവലിസ്റ്റിന്റെ തന്നെ പിൻകുറിപ്പ് കടമെടുത്താൽ, അഭയാർത്ഥികളെ കുറിച്ച് കേൾക്കുമ്പോഴൊക്കെ വേരുറയ്ക്കാത്ത ജലസസ്യങ്ങൾ പോലെയാണ് അവർ എന്നു തോന്നാറുണ്ട്. മണ്ണിൽ തൊടാത്ത വേരുകൾ കൊണ്ട് അവ വെള്ളത്തിൽ നിലയൂന്നുന്നു. ഒന്നിനും ഒരുറപ്പുമില്ല. ഏതു നിമിഷവും ഇനിയും ഒഴുകിപ്പോകുമോ എന്ന ഉൾഭയം. ഭാവിയെപ്പറ്റിയുള്ള ഭയാശങ്കകളിൽ നിന്ന് ഒരു നിമിഷം പോലും മോചനം ഇല്ലാത്ത ജീവിതം.

സ്നേഹത്തിനു വേണ്ടിയുള്ള മഹാപ്രയാണത്തിലാണത്രേ എല്ലാ മനുഷ്യരും. ആ നിലയ്ക്ക് ഓരോരുത്തരും ഓരോ തരത്തിൽ അഭയാർത്ഥികളാണ്.


മനുഷ്യജീവിതം എത്രമേൽ വിചിത്രമാണ്? ഇനിയും വായിച്ചെടുക്കപ്പെടാനാവാത്ത ഒരു ഗൂഢലിപിസഞ്ചയം പോലെ അത്രതന്നെ ദുരൂഹവും.

തപോമയി എന്ന പേര്



രാജീവ് പഴുവിൽ

ആദ്യമായി കേട്ടപ്പോൾ ഒരു പെൺകുട്ടിയുടെ ചിത്രമാണ് മനസ്സിൽ ഉയർന്നുവന്നത്. എന്നാൽ ആദ്യ പേജിൽ തന്നെ അത് തപോമയി ബറുവ എന്ന പുരുഷനാണെന്ന് വായിച്ചറിഞ്ഞു. അയാളിലൂടെ, അസാധാരണ കഥാപാത്രമായ ഗോപാൽ ബറുവയുടെയും, അഭയാർത്ഥി ക്യാമ്പുകളിലെ നിരവധി മനുഷ്യരുടെ ജീവിത സമസ്യകളുടെയും ലോകത്തിലേക്ക്.






രാജീവ് പഴുവിലും ഇ. സന്തോഷ്കുമാറും

കഴിഞ്ഞവർഷം ന്യൂയോർക്കിൽ 'ലാന' സാഹിത്യ സമ്മേളനത്തിൽ വച്ചാണ് സന്തോഷിനെ ആദ്യമായി കാണാൻ അവസരം ലഭിച്ചത്. പിന്നീട് നാട്ടിൽ തൃശ്ശൂർ വച്ച് കാണാൻ സാധിക്കുമോ എന്ന് ചോദിക്കേണ്ട താമസം, 'തീർച്ചയായും' എന്ന മറുപടി കിട്ടി. പോകുന്ന വഴിക്ക് കറന്റ് ബുക്ക്സിൽ നിന്ന് 'തപോമയിയുടെ അച്ഛൻ' വാങ്ങി, അദ്ദേഹത്തിൽ നിന്ന് നേരിട്ട് കൈയൊപ്പിട്ട് വാങ്ങുകയും ചെയ്തു. ആളാകട്ടെ 'ജ്ഞാനഭാരം' എന്ന പുസ്തകം കയ്യൊപ്പോടെ എനിക്ക് സമ്മാനിക്കുകയും ചെയ്തു.

തപോമയി വായിച്ച് തുടങ്ങി രണ്ടാം അധ്യായത്തിൽ ഉണ്ടായിരുന്ന ചിഹ്ന ലിപിയിലെ സന്ദേശത്തെപ്പറ്റി ഒന്നു രണ്ടു കാര്യങ്ങൾ കഥാകാരനുമായി ചർച്ച ചെയ്തിരുന്നു. വളരെ താല്പര്യത്തോടെയും സന്തോഷത്തോടെയും ആണ് സന്തോഷ് അതിനു മറുപടി തന്നത്.

എന്റെ അനുഭവത്തിൽ, ഒരു സാധാരണക്കാരനെ പോലെ പരിചയപ്പെടുന്ന ആരോടും ബഹുമാനത്തോടെ അടുത്തിടപഴകുന്ന സവിശേഷമായ വ്യക്തിത്വത്തിന് ഉടമയാണ് കൃതഹസ്തനായ ഈ എഴുത്തുകാരൻ.

അഭിനന്ദനങ്ങൾ നേരുന്നതോടൊപ്പം, ഇനിയും മികച്ച കൃതികൾ അദ്ദേഹത്തിൽ നിന്ന് മലയാളത്തിന് ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിനിക്കഥ



ഷാജു കുളത്തുവയൽ

# ഉപദേശം



സ്ഥിരം കുടിയനായ ഒരുവനോട് പോലീസ് ഓഫീസർ ഉപദേശിക്കുകയായിരുന്നു

"ഇങ്ങനെ ദിവസവും മദ്യപിച്ച് നശിക്കരുത് ആ പണംകൊണ്ട് ഭാര്യയേയും മക്കളെയും ഒക്കെ നോക്കി നന്നായി ജീവിക്കണമെന്ന്"

ഇതുകേട്ട കുടിയൻ പോലീസ് ഓഫീസറോട് തിരിച്ച് ഒരു ചോദ്യം ചോദിച്ചു.

"സാറിന് എല്ലാ മാസവും ഒന്നാം തീയതി ശമ്പളം വേണോ?! സാറിന്റെ ഭാര്യയേയും മക്കളേയും ഒക്കെ നന്നായി നോക്കണോ?!"

അതുകേട്ട പോലീസ് ഓഫീസർക്ക് പെട്ടെന്ന് ദേഷ്യം വന്നുവെങ്കിലും അത് പുറത്തു കാണിക്കാതെ അദ്ദേഹം പറഞ്ഞു.

"പിന്നെ ശമ്പളം വേണം അതിനല്ലേ രാവന്നോ പകലെന്നോ ഇല്ലാതെ ജോലി ചെയ്യുന്നത്."

ഇതു കേട്ടപ്പോൾ കുടിയൻ പറഞ്ഞു


"ഞങ്ങളെപ്പോലെ ഉള്ളവർ സ്ഥിരമായി കുടിക്കുന്നത് കൊണ്ടാണ് സാറിനെ പോലെയുള്ളവർക്ക് കൃത്യമായി ശമ്പളം കിട്ടുന്നതും കുടുംബം നോക്കാൻ കഴിയുന്നതും അതുകൊണ്ട് വെറുതെ ഞങ്ങളെ ഉപദേശിച്ചു നന്നാക്കി സാറിന്റെ കഞ്ഞികുടി മുട്ടിക്കണോ?! കുടുംബത്തെ പട്ടിണിയിലാക്കണോ?"

ഇതുകേട്ട ഓഫീസറുടെ നാവിന്റെ തുമ്പത്ത് വിളയാടിയ വികട സരസ്വതിയെ വിഴുങ്ങി അത് ശരിയാണല്ലോ എന്ന് ഒരു നിമിഷം ചിന്തിച്ച് പോയി അപ്പോൾ. എന്ത് പറയണമെന്ന് അറിയാതെ ഒന്ന് പരുങ്ങിയിട്ട്, "ശരി ശരി നീ പോ, സ്ഥലം വിട്ടോ" എന്ന് പറഞ്ഞു തൽക്കാലം അവിടെ നിന്നും തടി തപ്പി.

# Indian Consulate Highlights Alarming Heart Disease Risk in Indians; New Book Offers Hope and Prevention Strategies

Chicago: The Indian Consulate in Chicago marked World Heart Day on October 7 with a landmark conference addressing the growing epidemic of heart disease among Indians—an issue that continues to claim lives at younger ages and lower body weights than in most other populations worldwide.

Delivering the keynote address, Dr. Enas A. Enas, a trailblazing cardiologist and founder of the CADI Research Foundation, presented a compelling account of why Indians remain uniquely vulnerable to coronary artery disease (CAD). Drawing on more than five decades of research, he highlighted the paradox that Indians suffer heart attacks earlier and more severely—often despite having cholesterol and body weights considered normal by international standards.




"Thirty percent of all heart disease deaths under age 50 occur in India, though the nation represents only 18 percent of the global population," Dr. Enas emphasized. "In contrast, just two percent occur in the United States."

The conference, held as part of the Consulate's observance of World Heart Day, drew physicians, community leaders, and public health advocates from across the Midwest. The Consul General of India, Mr. Somnath Ghosh, opened the event with remarks underscoring the importance of preventive health and awareness among the Indian diaspora. He was joined by distinguished speakers Dr. Vemuri S. Murthy, an expert in resuscitation science and community health, and Dr. Bellur S. Prabhakar, Professor Emeritus at the University of Illinois at Chicago. Both echoed the urgent need to address cardiovascular disease in Indian populations through education, early screening, and policy initiatives.

All three speakers paid tribute to Dr. Enas's pioneering work, noting that his warnings—once met with skepticism—are now recognized globally. "What was dismissed 40 years ago as alarmist is now accepted as scientific fact," said Dr. Murthy. "Dr. Enas has changed how we understand heart disease in Indians."

In his presentation, Dr. Enas outlined several "risk enhancers" that go beyond traditional factors such as smoking, obesity, and high blood pressure. Chief among them is lipoprotein(a), a genetically determined cholesterol particle that is significantly more potent and dangerous than LDL cholesterol. Elevated levels of Lp(a) are found in about 25% of Indians, compared with 20% of Whites and 10% of Chinese. According to Dr. Enas, elevated Lp(a) doubles the risk of heart attack and quadruples it when combined with diabetes or high LDL cholesterol.

"We can't change our genes," he said, "but we can act early—through screening, lifestyle, and treatment—to prevent early heart attacks and deaths. Awareness is our first line of defense."

### A Book that Builds on a Lifelong Mission

The conference also coincided with the upcoming release of Dr. Enas's new book, Treatise on Heart Disease in Indians, coauthored with Dr. Basil Varkey, Professor Emeritus at the Medical College of Wisconsin. The book, to be released later this month in London, England, is the first comprehensive volume dedicated to understanding and combating the world's highest rates of premature and severe coronary artery disease among Indians and South Asians.

Dr. Enas is recognized globally for his pioneering research linking heart disease in Indians to metabolicand genetic factors, particularly elevated Lp(a). Over his illustrious career, he has authored more than 100 scientific papers, delivered over 1,000 lectures worldwide, and received numerous awards, including the Most Distinguished Physician Award from the American Association of Physicians of Indian Origin (AAPI).

His co-author, and editor of the book Dr. Basil Varkey, is a prolific writer, accomplished editor, and award-winning medical educator. A Distinguished Service Awardee of the Medical College of Wisconsin and past Governor of the American College of Chest Physicians, Dr. Varkey brings decades of clinical experience, research and teaching excellence to the collaboration.

### Key Insights from the Book

Designed for both medical professionals and the general public, Treatise on Heart Disease in Indians combines cutting-edge science with practical strategies for prevention and treatment. The book explores why heart attacks occur 10 to 15 years earlier in Indians and provides evidence-based recommendations for reducing risk through lifestyle, early detection, and medical management.

**Among its most important insights:**

* Global Progress vs. Indian Stagnation: While countries such as the U.S., U.K., and Finland have cut heart disease deaths by up to 79%, Indians continue to face escalating rates. Prevention, early detection, and control of risk factors remain critical gaps.

* The Indian Paradox: Indians face double the risk of heart disease despite equal or lower levels of cholesterol,blood pressure and obesity. A threefold higher prevalence of diabetes and genetic factors such as elevated Lp(a) are major drivers of this disparity.

* Earlier and More Severe Disease: Indians often develop heart attacks 10–15 years earlier than Western counterparts, with multiple blockages even at normal body weights and cholesterol levels.

* The Power of Early Detection: New tools like the coronary artery calcium (CAC) "Heart Scan" can detect silent disease and predict risk more accurately than traditional stress tests or angiography, decades before a heart attack.

* The Prime Importance of Prevention: The American Heart Association's "Life's Essential 8" framework—maintaining a healthy diet, regular exercise, adequate sleep, optimal weight, controlled blood pressure and cholesterol, limited blood sugar, and avoiding tobacco—can change the trajectory of heart disease and reduce premature deaths. In India, however, control of diabetes (20%), blood pressure (15%), and cholesterol (5–10%) remains very poor, compared with the WHO-recommended target of 50%.

### A Call to Action

Dr. Enas noted that while obesity has doubled in many countries, nations such as Finland and the United States have simultaneously reduced death rates from heart disease by nearly 80%. "In these countries, heart attacks have been postponed by 20 to 30 years—so that most occur after retirement rather than during the most productive working years," he explained. "That's the kind of shift we must aim for among Indians worldwide."




Dr. Enas speaking Indian Consulate

The message emerging from both the conference and the forthcoming book is clear: heart disease in Indians is not an inescapable fate, but a preventable condition. By identifying high-risk individuals early, promoting a healthy diet and other lifestyles, and implementing community-wide prevention programs, millions of premature deaths could be avoided.

As the event concluded, Consul General Somnath Ghosh thanked Dr. Enas and his colleagues for their lifelong commitment to advancing cardiovascular health among Indians and the broader South Asian community. "This is not just a medical issue—it's a matter of public health, family well-being, and national productivity," Mr. Ghosh said. "Through knowledge and collaboration, we can change the trajectory of this epidemic."

The Chicago conference and the release of Treatise on Heart Disease in Indians together mark a pivotal moment in the global understanding of cardiovascular risk in Indians—transforming decades of research into a powerful call to action.

"Heart disease in Indians is early, aggressive, and deadly," said Dr. Enas. "But it is also largely preventable. The time to act is now."

For additional information, please visit www.cadiresearch.org. The forthcoming volume, Treatise on Heart Disease in Indians, will be available globally through Amazon upon its release in November 2025.

## ടൈംസ് റാങ്കിങ്: കേരളത്തിൽ എംജി സർവകലാശാല മുന്നിൽ

കോട്ടയം: ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിങ്ങിൽ കേരളത്തിൽ മുന്നിൽ എംജി സർവകലാശാല. ലോകത്തിലെ 115 രാജ്യങ്ങളിലായി 2,191 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തിയ റാങ്കിങ്ങിലാണ് എംജിയുടെ നേട്ടം. പഠനസാഹചര്യം, ഗവേഷണ അന്തരീക്ഷവും നിലവാരവും, രാജ്യാന്തര സഹകരണം, പേറ്റന്റുകളും വ്യവസായ മേഖലയുമായുള്ള സഹകരണവും തുടങ്ങിയവ പരിഗണിച്ചാണ് അംഗീകാരം.

# റൈറ്റ് റവ. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പയ്ക്ക് സ്വീകരണം നല്കി

ന്യൂയോർക്ക്: യോങ്കേഴ്സ് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് ഇടവക വികാരിയായി സേവനമനുഷ്ഠിച്ചതിനു ശേഷം മാർത്തോമ്മാ സഭയിലെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ട റൈറ്റ് റവ. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പ തിരുമേനിക്ക് ന്യൂയോർക്ക് യോങ്കേഴ്സ് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് കെന്നഡി എയർപോർട്ടിൽ സ്വീകരണം നല്കി.

**സണ്ണി കല്ലൂപ്പാറ**




ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ചിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന സ്വീകരണച്ചടങ്ങിൽ ഇടവക വികാരി റവ. ജോൺ ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു.

മറുപടി പ്രസംഗത്തിലൂടെ അഭിവന്ദ്യ എപ്പിസ്കോപ്പ തിരുമേനി കൃതജ്ഞത അറിയിച്ചു. സെന്റ് തോമസ് ചർച്ചിന്റെ ക്വയർ പാടിയ സ്വാഗതഗാനം ശ്രദ്ധേയമായിരുന്നു. റവ. പി.എം. തോമസ് ആശംസാപ്രസംഗം നടത്തി.

ചർച്ചിന്റെ സ്നേഹോപഹാരം ചർച്ച് ട്രസ്റ്റി ബിജു പി. വർഗീസ് അഭിവന്ദ്യ തിരുമേനിക്ക് സമർപ്പിച്ചു. ചർച്ച് സെക്രട്ടറി സുനിൽ എം. വറുഗീസ് സ്വാഗതവും ചർച്ച് അക്കൗണ്ടന്റ് ഉല്ലാസ് പി. താന്നിക്കൽ നന്ദിയും രേഖപ്പെടുത്തി. റവ. റ്റി.കെ. ജോൺ സമാപനപ്രാർത്ഥനയും നടത്തി.




# ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനോദ്ഘാടനവും വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളും

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനവും വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു. വിശുദ്ധ കുർബാനയെത്തുടർന്ന് മിഷൻലീഗ് അംഗങ്ങളും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും പ്രദക്ഷിണമായി ദേവാലയത്തിലെത്തി. ചെമ്മഞ്ഞക്കൊടികളും പുഷ്പങ്ങളുമേന്തിയ കുഞ്ഞുമിഷനറി




മാർക്ക് ഇടവക വികാരി റവ.ഫാ. ഏബ്രഹാം കളരിക്കൽ മിഷൻ ലീഗിലേക്ക് സ്വാഗതമരുളി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അദ്ദേഹം അനുമോദിച്ചു. സഭയുടെ മിഷൻ ചൈതന്യം കുഞ്ഞുങ്ങൾക്ക് പകർന്നു നല്കാൻ പരിശ്രമിക്കുന്ന മിഷൻലീഗ് കോ-ഓർഡിനേറ്റർമാരെയും അദ്ദേഹം അഭിനന്ദിച്ചു. ക്രമീകരണങ്ങൾക്ക് ഡിആർഇ കൊളീൻ കീഴങ്ങാട്ട്, മിഷൻ ലീഗ് ഡയറക്ടർ ആൻസി ചേലക്കൽ എന്നിവർ നേതൃത്വം നല്കി.

# സീറോമലബാർ യുഎസ്എ കൺവൻഷൻ

(3-ാം പേജിൽനിന്നും)

സഭയുടെ അമരക്കാരനായ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിന്റെ പ്രാർത്ഥനയും ശക്തമായ നേതൃത്വവും ഈ കൺവൻഷന്റെ വിജയത്തിലേക്ക് നയിക്കുന്നു. ജൂബിലി ജനറൽ കൺവീനർമാരായി റവ.ഫാ. ജോൺ മേലേപ്പുറവും റവ.ഫാ. തോമസ് മുളവനാലും രൂപത തലത്തിൽ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കി പ്രവർത്തിച്ചുവരുന്നു.

മക്കോർമിക് പ്ലെയ്സിൽ നടക്കുന്ന കൺവൻഷന്റെ മുഖ്യകൺവീനർ റവ. ഫാ. തോമസ് കടുകപ്പിള്ളിയും ജോയിന്റ് കൺവീനർമാർ റവ.ഫാ. ജോയൽ പയസും റവ.ഫാ. യൂജിൻ ജോസഫുമാണ്. കൺവൻഷന്റെ യൂത്ത് കൺവീനറായി റവ.ഫാ. മെൽവിൻ പോൾ പ്രവർത്തിക്കുന്നു. ജോസഫ് ചാമക്കാല (ജൂബിലി ചെയർമാൻ), ആൻഡ്രൂ പി. തോമസ് (ഫിനാൻസ്), ജോണി വടക്കുംചേരി (ഫെസിലിറ്റി), ബിജി സി. മാണി (പ്രോഗ്രാം), സജി വർഗീസ് (പബ്ലിക് റിലേഷൻസ്) എന്നിവരടങ്ങുന്ന കോർ കമ്മിറ്റി കൺവൻഷനു വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു. കൺവൻഷന്റെ സെക്രട്ടറി ബീന വള്ളിക്കളം വളരെ സജീവമായി ഇവരോടൊപ്പം പ്രവർത്തിക്കുന്നു. ഇരുനൂറ്റമ്പതോളം അംഗങ്ങളടങ്ങുന്ന മുപ്പതോളം കമ്മിറ്റികൾ ഈ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

ചിക്കാഗോയുടെ ഹൃദയഭാഗത്തും കൺവൻഷൻ സെന്ററിനു സമീപവുമുള്ള വളരെ സൗകര്യങ്ങളുള്ള ഹോട്ടലുകളാണ് പങ്കെടുക്കുന്നവർക്ക് താമസത്തിനായി ഒരുക്കിയിരിക്കുന്നത്. കേരളത്തിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത സീറോമലബാർ സഭാവിശ്വാസികൾ നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ വിത്ത് ഈ നാട്ടിലും വിതച്ചു. അത് ഒത്തിരി ചില്ലകളുള്ള മരമായി വളർന്നിരിക്കുന്നു. ഓരോരുത്തർക്കും അഭിമാനിക്കാനും ഒത്തൊരുമയോടെ സന്തോഷിക്കാനുമുള്ള അപൂർവ്വാവസരമാണിത്. ആയതിനാൽ എല്ലാവരും എത്രയും വേഗം രജിസ്റ്റർ ചെയ്ത് പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

# എയർ ഇന്ത്യ വിമാനങ്ങളുടെ തകരാർ: എല്ലാ ബോയിങ് 787 വിമാനങ്ങളും നിലത്തിറക്കണമെന്ന് പൈലറ്റുമാർ

ന്യൂഡൽഹി: എയർ ഇന്ത്യ വിമാനങ്ങളിലെ ഇലക്ട്രോണിക്സ് തകരാറുകൾ സംബന്ധിച്ച റിപ്പോർട്ടുകളെത്തുടർന്ന് എല്ലാ ബോയിങ് 787 വിമാനങ്ങളും നിലത്തിറക്കണമെന്ന ആവശ്യമുന്നയിച്ച് ഫെഡറേഷൻ ഓഫ് ഇന്ത്യൻ പൈലറ്റ്സ്. സിസ്റ്റങ്ങളിലെ തകരാർ കാരണം എയർ ഇന്ത്യയുടെ വിയന്ന-ഡൽഹി സർവീസ് ഈയിടെ ദുബായിലേക്ക് തിരിച്ചുവിട്ട സാഹചര്യത്തിലാണ് ആവശ്യം. ബർമിങ്ഹാമിൽ ലാൻഡ് ചെയ്യുന്നതിനിടെ എഐ 117 വിമാനത്തിലുണ്ടായ തകരാറും ഫെഡറേഷൻ ചൂണ്ടിക്കാട്ടിയിരുന്നു. എയർലൈൻ പൈലറ്റുമാരെ പ്രതിനിധീകരിക്കുന്ന സമിതിയാണ് ഫെഡറേഷൻ ഓഫ് ഇന്ത്യൻ പൈലറ്റ്സ്.

ഓട്ടോപൈലറ്റ്, ഫ്ളൈറ്റ് കൺട്രോൾ എന്നിവയുൾപ്പെടെ ഒന്നിലധികം സിസ്റ്റങ്ങളാണ് ഒൻപതിന് വിയന്ന-ഡൽഹി സർവീസായ എഐ 154-ൽ തകരാറിലായത്. ഇതേത്തുടർന്ന് വിമാനം ദുബായിലേക്ക് വഴിതിരിച്ചു വിടുകയായിരുന്നു. ഇതടക്കമുള്ള രണ്ടു സംഭവവും എയർ ഇന്ത്യയുടെ മോശം സേവനക്ഷമതയുടെ സൂചകങ്ങളാണെന്ന് പൈലറ്റുമാർ ആരോപിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള എഐഇഎസ്ഇഎല്ലിൽനിന്ന് പുതുതായി നിയമിക്കപ്പെട്ട എഞ്ചിനീയർമാരാണ് തങ്ങളെ കുറ്റപ്പെടുത്തുന്നതെന്നും അവർ പറഞ്ഞു.

അതേസമയം, ഒരു വിമാനത്തിലെ വൈദ്യുതിതകരാർ ആരോപണം എയർ ഇന്ത്യ വ്യക്തമായി നിഷേധിച്ചു. മറ്റൊന്നുണ്ടായത് സിസ്റ്റം തകരാറോ പൈലറ്റുകളുടെ നടപടിയോ മൂലമല്ലെന്നും അവർ വ്യക്തമാക്കി.

സാങ്കേതികത്തകരാർ മൂലം വഴിതിരിച്ചുവിട്ട വിമാനം ദുബായിൽ സുരക്ഷിതമായി ഇറക്കി. കാലതാമസത്തെക്കുറിച്ച് യാത്രക്കാരെ അറിയിച്ചിരുന്നു. കുഴപ്പങ്ങളില്ലാതെ അതേ വിമാനം ഡൽഹിയിലെത്തുകയും ചെയ്തു.

എഐ 117 സംഭവത്തിലും വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്തു. അതിന്റെ എല്ലാ ഇലക്ട്രിക്കൽ, ഹൈഡ്രോളിക് പാരാമീറ്ററുകളും സാധാരണ നിലയിലാണ്. എയർ ഇന്ത്യയിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയാണ് ഏറ്റവും പ്രധാനമെന്നും വക്താവ് പറഞ്ഞു.

എഐ 117 സംഭവം ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനെ അറിയിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതായും എയർലൈൻ അറിയിച്ചു. അതിനുശേഷം സർവീസിന് അനുമതി നൽകിയിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

ജൂൺ 12-ന് 260 പേരുടെ മരണത്തിനിടയാക്കിയ അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ചു പരാമർശിക്കുന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ പൈലറ്റ്സിന്റെ കത്തിനെത്തുടർന്നായിരുന്നു പ്രതികരണം.

# ചെറുപുഷ്പ മിഷൻലീഗ് വാർഷികാഘോഷങ്ങൾ അവിസ്മരണീയമായി

ടെക്സസ്: വടക്കെ അമേരിക്കയിലെ ചെറുപുഷ്പ മിഷൻലീഗിന്റെ (സിഎംഎൽ) മൂന്നാം വാർഷികാഘോഷങ്ങൾക്ക് അവിസ്മരണീയമായ സമാപ്തി. ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയുടെ രജത ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഈ ആഘോഷപരിപാടികൾക്ക് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്. ടെക്സസ് സംസ്ഥാനത്തുള്ള കൊപ്പേൽ സെന്റ് അൽഫോൻസാ സീറോമലബാർ കത്തോലിക്കാ ഇടവക പരിപാടികൾക്ക് ആതിഥേയത്വം വഹിച്ചു.



മിഷൻലീഗിന്റെ പ്രവർത്തനത്തിലൂടെ നല്ല പ്രേഷിതരായി മാറുവാൻ ഏവർക്കും സാധിക്കട്ടെയെന്ന് ചിക്കാഗോ രൂപതാ ബിഷപ് മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. മിഷൻ ലീഗിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരുസഭയിലെ വിവിധ വിശുദ്ധരെ കൂടുതൽ അടുത്തറിയണമെന്നും അവരുടെ ജീവിതമാതൃക ഏവർക്കും പ്രചോദനമാകുമെന്നും ബിഷപ് ഓർമ്മിപ്പിച്ചു.

ചെറുപുഷ്പ മിഷൻലീഗ് ചിക്കാഗോ രൂപതാ പ്രസിഡണ്ട് സിജോയ് സിറിയക് പറപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് അനുഗ്രഹപ്രഭാഷണവും മിഷൻലീഗ് അന്തർദ്ദേശീയ ഡയറക്ടർ ഫാ. ജെയിംസ് പുന്നപ്ലാക്കിൽ മുഖ്യപ്രഭാഷണവും നടത്തി. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് ദാനവേലിൽ, ജനറൽ സെക്രട്ടറി ടിസൺ തോമസ്, അസി. ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, കൊപ്പേൽ ഇടവക വികാരി ഫാ. മാത്യൂസ് മുഞ്ഞനാട്ട്, കൊപ്പേൽ യൂണിറ്റ് പ്രസിഡണ്ട് ലില്ലിയൺ സംഗീത്, കോ-ഓർഡിനേറ്റർമാരായ ആൻ റ്റോമി, റോസ്മേരി ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

അന്നേദിവസം രാവിലെ 9.45-ന് ബിഷപ് മാർ ജോയി ആലപ്പാട്ട് മിഷൻലീഗ് രൂപതാ പ്രസിഡണ്ട് സിജോയ് പറപ്പള്ളിൽ എന്നിവർ ചേർന്ന് പതാക ഉയർത്തിയതോടു കൂടി പരിപാടികൾക്ക് തുടക്കമായി. മിഷൻലീഗ് അംഗങ്ങൾക്കായി നടന്ന സെമിനാറിൽ രൂപതാ ജോ. ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയ എംഎസ്എംഐ, ഫാ. ഡായി കുന്നത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള യുവജന ടീം ക്ലാസുകൾ നയിച്ചു. തുടർന്നു നടന്ന വിശുദ്ധ കുർബാനയിൽ ചിക്കാഗോ രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തും വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും സഹകാർമ്മികരായി.

മിഷൻലീഗിന്റെ വാർഷികത്തിന്റെ ഭാഗമായി ഉച്ചകഴിഞ്ഞു നടന്ന വർണശബളമായ പ്രേഷിതറാലി ആവേശഭരിതമായി. ടെക്സസ്, ഒക്കലഹോമ സംസ്ഥാനങ്ങളിലെ വിവിധ ഇടവകകളിൽ നിന്നുള്ള കുട്ടികളും മുതിർന്നവരുമടക്കം ആയിരത്തോളം പേർ തങ്ങളുടെ ഇടവകകളുടെ ബാനറുകൾക്കു പിന്നിൽ അണിനിരന്നു. ഏറ്റവും മുന്നിലായി മിഷൻലീഗ് രൂപതാ ഭാരവാഹികളും ബിഷപ്പുമാരും റാലി നയിച്ചു. മിഷൻലീഗിന്റെ ചെമ്മഞ്ഞ പതാകകളുമേന്തി സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങളുമായി നീങ്ങിയ റാലി കുട്ടികളെയും മുതിർന്നവരെയും ഒരേപോലെ ആവേശഭരിതരാക്കി. വിവിധ വിശുദ്ധരുടെ വേഷങ്ങളണിഞ്ഞ കുട്ടികളും ഫ്ലോട്ടുകളും വാദ്യമേളങ്ങളും റാലിക്ക് കൊഴുപ്പേകി.

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി. ഏബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ കേരളത്തിലെ ഭരണങ്ങാനത്ത് ആരംഭിച്ച മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻലീഗ്. 1947 ഒക്ടോബർ മൂന്നിന് ബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്ത ഈ സംഘടന വർഷങ്ങൾക്കു മുൻപുതന്നെ അമേരിക്കയിലെ വിവിധ ഇടവകകളിലും പ്രവർത്തനമാരംഭിച്ചു.

**സിജോയ് പറപ്പള്ളിൽ**

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മൂന്നു വർഷം മുൻപാണ് ചിക്കാഗോ രൂപതയിൽ സംഘടന ഉദ്ഘാടനം ചെയ്യുന്നത്.

ചിക്കാഗോ രൂപതയിലെ എല്ലാ ഇടവകകളിലും മിഷനുകളിലും സംഘടനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വൈവിധ്യമാർന്ന വിവിധ പരിപാടികൾ യൂണിറ്റ് തലത്തിലും രൂപതാ തലത്തിലും സംഘടിപ്പിച്ചുവരുന്നു.




# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്റർ ഏദദിന സെമിനാർ

ന്യൂയോർക്ക്: 'ബഹുസ്വര സമൂഹത്തിൽ സുവിശേഷം പങ്കിടൽ' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം



ന്യൂയോർക്ക് ചാപ്റ്റർ ഏകദിന സെമിനാർ നടത്തി. ന്യൂയോർക്ക് ശാലേം പെന്തെക്കോസ്തൽ ടാബർനാക്കിൾ സഭയിൽ വെച്ച് നടത്തപ്പെട്ട സെമിനാറിൽ ചാപ്റ്റർ സെക്രട്ടറി ഇവാഞ്ചലിസ്റ്റ് സാം മേമന അദ്ധ്യക്ഷത വഹിച്ചു.

സത്യത്തിന്റെ മത്സരാത്മകമായ അവകാശവാദങ്ങളുടെ ലോകത്ത് വേദവചന സത്യങ്ങളിൽ വേരൂന്നിയതും നമുക്ക് ബോദ്ധ്യമായതുമായ യേശുക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ വിശ്വാസിസമൂഹം തയ്യാറാകണമെന്ന് ലണ്ടനിലെ നോർത്ത് ഹാംപ്ടണിൽ നിന്നുള്ള പാസ്റ്റർ വർഗീസ് എം. സാമുവൽ പ്രസ്താവിച്ചു. ഏകദിന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

**നിബു വെള്ളവന്താനം**

ബഹുസ്വര സമൂഹത്തിൽ സുവിശേഷം പങ്കിടൽ എന്ന വിഷയത്തിൽ ഉപന്യാസ മത്സരം ആരംഭിക്കുമെന്ന് കെ.പി.ഡബ്ല്യു.എഫ്. പ്രഖ്യാപിച്ചു. ഇംഗ്ലീഷിലോ മലയാളത്തിലോ 500 വാക്കുകളുള്ള ഒരു ഉപന്യാസം സമർപ്പിക്കാൻ പങ്കെടുക്കുന്നവരെ ക്ഷണിക്കുന്നു. മത്സരത്തിൽ താല്പര്യമുള്ള എല്ലാ എഴുത്തുകാർക്കും പ്രായഭേദമെന്യേ പങ്കെടുക്കാമെന്ന് ചാപ്റ്റർ പ്രസിഡണ്ട് റവ.ഡോ. ജോമോൻ ജോർജ് അറിയിച്ചു. എൻട്രികൾ 2025 നവംബർ 30-നകം kpwfchapter@gmail.com എന്ന ഇ-മെയിൽ വഴി സമർപ്പിക്കണം. രണ്ട് ഭാഷാ വിഭാഗങ്ങളിലും അവാർഡുകൾ വെവ്വേറെ നല്കപ്പെടും. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് പ്രത്യേക പുരസ്കാരം നല്കും.



റവ. എബി തോമസ് (വൈസ് പ്രസിഡണ്ട്), ബ്രദർ സാം മേമന (സെക്രട്ടറി), ഡോ. റോജൻ സാം (ജോയിന്റ് സെക്രട്ടറി), ബ്രദർ ജോസ് ബേബി (ട്രഷറർ), സൂസൻ ജെയിംസ് (വനിതാ കോ-ഓർഡിനേറ്റർ), സ്റ്റെയ്സി മത്തായി (യൂത്ത് കോ-ഓർഡിനേറ്റർ) എന്നിവരാണ് കെ.പി.ഡബ്ല്യു.എഫ് ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹികൾ.

നോർത്ത് അമേരിക്കയിലുള്ള മലയാളി പെന്തെക്കോസ്ത് എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ രൂപംകൊണ്ട കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ ഭാരവാഹികളായി രാജൻ ആര്യപ്പള്ളി (പ്രസിഡണ്ട്), സാം മാത്യു (വൈസ് പ്രസിഡണ്ട്), നിബു വെള്ളവന്താനം (ജനറൽ സെക്രട്ടറി), റവ. എബിൻ അലക്സ് (ജോ. സെക്രട്ടറി), ഡോ. ജോളി ജോസഫ് (ട്രഷറർ), ഡോ. ഷൈനി സാം (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവർ പ്രവർത്തിച്ചുവരുന്നു.

# കേരള സെന്റർ ഏഴ് ഇന്ത്യൻ അമേരിക്കൻ മലയാളികളെ ആദരിക്കുന്നു

ചിക്കാഗോ: സമൂഹനന്മയ്ക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രതിഭ തെളിയിച്ചവരുമായ ഏഴ് ഇന്ത്യൻ അമേരിക്കൻ മലയാളികളെ കേരള സെന്റർ അവാർഡ് നല്കി ആദരിക്കുന്നതിനായി തെരഞ്ഞെടുത്തു.

ഒക്ടോബർ 25-ന് ശനിയാഴ്ച 5.30-ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന മുപ്പത്തിമൂന്നാമത് വാർഷിക അവാർഡ്ദാന ചടങ്ങിൽ

**ജോസ് കാടാപുറം**

വെച്ച് ഇവരെ ആദരിക്കുന്നതാണ്. അമേരിക്കയിലെയും കേരളത്തിലെയും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കന്മാർ ഈ അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കും.

പ്രഗത്ഭരും സമൂഹനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരുമായ അമേരിക്കൻ മലയാളികളെ കേരള സെന്റർ 1992 മുതൽ ആദരിച്ചുവരുന്നു. എല്ലാ വർഷവും അവാർഡ് നോമിനികളെ ക്ഷണിക്കുകയും അവരിൽനിന്ന് ഓരോ കാറ്റഗറിയിലെ ഏറ്റവും യോഗ്യരായവരെ അവാർഡ് കമ്മിറ്റി എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടവരും കഴിഞ്ഞവർഷങ്ങളിലെപ്പോലെ പ്രതിഭാ സമ്പന്നർ തന്നെയാണ്. കേരള സെന്റർ ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി മെംബറുമായ ഡോ. തോമസ് ഏബ്രഹാം പ്രസ്താവിച്ചു.

സ്വന്തം പ്രവർത്തന രംഗത്ത് പ്രതിഭ തെളിയിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുകയും സമൂഹപുരോഗതിക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന അമേരിക്കൻ മലയാളികളെ ആദരിക്കുന്നതിൽ കേരള സെന്ററിനു വളരെ സന്തോഷമുണ്ടെന്നും അവരുടെ മാതൃക മറ്റുള്ളവർക്ക് ഒരു പ്രചോദനമാണെന്നും ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ തന്റെ പ്രസ്താവനയിൽ പറഞ്ഞു.

കഴിഞ്ഞ മുപ്പത്തിരണ്ടു വർഷങ്ങളിൽ കേരള സെന്റർ ആദരിച്ച 190-ഓളം അമേരിക്കൻ മലയാളികൾ കൂടുതൽ ഉയരങ്ങളിലെത്തുവാൻ ശ്രമിക്കുന്നതിലും സേവനത്തിന്റെ പാതയിലൂടെ മുന്നോട്ടു പോകുന്നതിലും വളരെ സന്തോഷമുണ്ടെന്ന് പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ തന്റെ പ്രസ്താവനയിൽ പറഞ്ഞു.

വർക്കിഏബ്രഹാം, ഡെയ്സി പി. സ്റ്റീഫൻ, മേരിലിൻ ജോർജ് എന്നിവരായിരുന്നു മറ്റു കമ്മിറ്റി അംഗങ്ങൾ.

ഡോ. സുരേഷ്കുമാറാണ് ഈ വർഷത്തെ കീനോട്ട്സ്പീക്കർ. (He is a 5 x INC 500 rankedserial entrepreneur, professor of entrepreneurship at New Jersey Institute of Technology, ex-President of TIE-NewJersey, member NJ-India commission and author ofAmazon #1 Bestselling novel, The Girl in Scarlet Hijab.)

അവാർഡ്ദാന ചടങ്ങിനോടനുബന്ധിച്ച് വൈവിധ്യമാർന്ന കലാപരിപാടികളും അത്താഴവിരുന്നും ഉണ്ടായിരിക്കും. ഈ പുരസ്കാര ചടങ്ങിൽ പങ്കെടുക്കാൻ നിങ്ങൾ ഓരോരുത്തരെയും കേരള സെന്റർ ക്ഷണിക്കുന്നു.

നിങ്ങളുടെ സീറ്റ് റിസർവ് ചെയ്യുവാൻ കേരള സെന്ററുമായി ബന്ധപ്പെടുക. ഫോൺ 516 358 2000. e-mail: kc@keralacenterny.com.

കൂടുതൽ വിവരങ്ങൾക്ക്: അലക്സ് കെ. എസ്തപ്പാൻ 516 503 9387, രാജു തോമസ് 516 434 0669, ജി. മത്തായി 516 816 4915.

**ഈ വർഷം ആദരിക്കപ്പെടുന്നവരും അവരുടെ പ്രവർത്തന മേഖലയും:** ഇൻസ്പെക്ടർ ഷിബു മധു-ഗവൺമെന്റ് & പബ്ലിക് സർവീസ്, കോശി ഒ. തോമസ്-കമ്യൂണിറ്റി സർവീസ്, പ്രിസില്ല സാമുവൽ-നേഴ്സിംഗ്, ദിയ മാത്യൂസ്-ലീഗൽ സർവീസ്, ജയൻ വർഗീസ്-പ്രവാസി മലയാളസാഹിത്യം, നന്ദിനി മേനോൻ-എഡ്യൂക്കേഷൻ, ജൊഹാറത്ത്കുട്ടി-എൻജിനീയറിംഗ്.



ഡോ. സുരേഷ്കുമാർ



ദിയ മാത്യൂസ്



ഷിബു മധു



ജൊഹാരത്ത്കുട്ടി



നന്ദിനി മേനോൻ



കോശി തോമസ്



പ്രിസില്ല സാമുവൽ



ജയൻ വർഗീസ്


# ബ്രിട്ടീഷ് സർവകലാശാലകൾ ഇന്ത്യയിൽ കാമ്പസുകൾ ആരംഭിക്കുമെന്ന് മോദി



ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം.

മുംബൈ: ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്ഭവനിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-പസഫിക്, പശ്ചിമേഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലെ പ്രാദേശിക വിഷയങ്ങൾ ഉൾപ്പെടെയുള്ളവ സ്റ്റാർമറുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗജന്യ വ്യാപാര കരാർ സാധ്യമായതിന് പിന്നാലെയുള്ള സ്റ്റാർമറുടെ സന്ദർശനം ഇന്ത്യ-യുകെ ബന്ധത്തിൽ പുതിയ ഊർജത്തെ പ്രതിഫലിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒൻപത് ബ്രിട്ടീഷ് സർവകലാശാലകൾ ഇന്ത്യയിൽ കാമ്പസുകൾ ആരംഭിക്കുമെന്നും പ്രധാനമന്ത്രി മോദി അറിയിച്ചു. ഉഭയകക്ഷി വിദ്യാഭ്യാസ സഹകരണത്തിൽ നിർണായക സംഭവമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സതാംപ്ടൺ സർവകലാശാലയുടെ ഗുരുഗ്രാമിലെ കാമ്പസ് ഇതിനകം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സതാംപ്ടനെ കൂടാതെ ലിവർപൂൾ, യോർക്ക്, അബെർഡീൻ, ബ്രിസ്റ്റോൾ എന്നീ സർവകലാശാലകൾ ഇന്ത്യയിൽ കാമ്പസുകൾ ആരംഭിക്കാനൊരുങ്ങുന്നുവെന്ന് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇതിൽ ബ്രിസ്റ്റോൾ സർവകലാശാലയുടെ മുംബൈ കാമ്പസ് 2026-ൽ പ്രവർത്തനം ആരംഭിക്കും. ലിവർപൂൾ സർവകലാശാല ബംഗളൂരുവിലും യോർക്ക്, അബെർഡീൻ സർവകലാശാലകൾ മുംബൈയിലും കാമ്പസുകൾ ആരംഭിക്കുമെന്നാണ് സൂചന. തന്റെ ഇന്ത്യാസന്ദർശനം ഉഭയകക്ഷി വ്യാപാരകരാറിനെ ഊട്ടിയുറപ്പിക്കാനുള്ളതാണെന്ന് സ്റ്റാർമർ പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന്റെ നിർണായക ഘടകമാണ് കരാറെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# കോട്ടയം അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷം വർണ്ണാഭമായി

ജീമോൻ ജോർജ്



ഫിലാഡൽഫിയ: വടക്കെ അമേരിക്കയിലെ ചരിത്ര സ്മരണകളുറങ്ങുന്ന സാഹോദരിക നഗരത്തിന്റെ തിരുമുറ്റത്ത് വെച്ച് പ്രമുഖ ചാരിറ്റി സംഘടനയായ കോട്ടയം അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ പ്രവർത്തന മികവുകൊണ്ടും സംഘാടനപാടവം കൊണ്ടും മറ്റൊരു പൊൻതൂവൽ കൂടി ചാർത്തുകയുണ്ടായി.

തിരി തെളിച്ചു പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് മൗനപ്രാർത്ഥനയോടു കൂടി ആരംഭിച്ചു. ചാരിറ്റി പ്രവർത്തനങ്ങൾ മുൻനിർത്തി മറ്റു സംഘടനകൾക്കു പോലും മാതൃ




കയായി സമൂഹത്തിൽ സജീവമായിരിക്കുന്ന കോട്ടയം അസോസിയേഷന്റെ പ്രവർത്തനങ്ങളെ വിവിധ ഇടങ്ങളിലെ സാമൂഹിക സാംസ്കാരിക നേതാക്കന്മാർ വളരെയധികം ശ്ലാഘിച്ചു സംസാരിക്കുകയുണ്ടായി. മിയ ബോബ് അമേരിക്കൻ ദേശീയഗാനവും ഇംഗിത ബോബ് ഇന്ത്യൻ ദേശീയഗാനവും ആലപിക്കുകയുണ്ടായി. സമൂഹത്തിൽ ഉണ്ടാകുന്ന ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന സംഘടനകളെ മാത്രമേ ജനങ്ങൾ അംഗീകരിക്കുകയുള്ളൂ എന്നും അതിലുപരിയായി മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന സംഘടനകൾ മാത്രമേ സമൂഹത്തിൽ നിലനിൽക്കുകയുള്ളൂവെന്നും സംഘടനകളുടെ സമൂഹത്തിലെ പ്രവർത്തനങ്ങളാണ് ജനങ്ങൾ അംഗീകരിക്കുന്നതെന്നും അല്ലാത്ത സംഘടനകൾ സമൂഹത്തിൽ തിരസ്കരിക്കപ്പെടുമെന്നും ശക്തമായ നവമാധ്യമങ്ങളുടെ കടന്നുവരവോടു കൂടി സംഘടനാ പ്രവർത്തനങ്ങൾ വളരെയധികം സുതാര്യമായെന്നും സണ്ണി കിഴക്കേമുറി (പ്രസിഡണ്ട്, കോട്ടയം അസോസിയേഷൻ) അദ്ധ്യക്ഷപ്രസംഗത്തിൽ പറയുകയുണ്ടായി.

വ്യത്യസ്തവും നൂതനവുമായ പുതിയ പാതയിലൂടെ സഞ്ചരിച്ചു ചാരിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്ന കോട്ടയം അസോസിയേഷന്റെ പ്രവർത്തന പന്ഥാവിലെ നാഴികക്കല്ലായ ഈ അസുലഭ വേളയിൽ ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് നടത്തുന്ന ഈ സിൽവർ ജൂബിലി ആഘോഷം വേറിട്ടൊരനുഭവമാക്കി മാറ്റു



വാൻ തക്കവണ്ണം സാധിച്ചു എന്ന് ജോബി ജോർജ് (കൺവീനർ സിൽവർ ജൂബിലി) പറയുകയുണ്ടായി.

സിൽവർ ജൂബിലിയുടെ മുഖ്യാതിഥിയായി എത്തിയ പ്രഫ. സാം പനംകുന്നേൽ സാമൂഹിക പ്രസക്തിയുള്ള ചെറുകഥയിലൂടെ കോട്ടയം പട്ടണവുമായിട്ടുള്ള തന്റെ കഴിഞ്ഞകാല ബന്ധങ്ങളെക്കുറിച്ച് പരാമർശിക്കുകയും കൂടാതെ കോട്ടയം എന്ന ദേശത്തിന് കോട്ടയം എന്ന പേര് ലഭിച്ചതിനെക്കുറിച്ചു ചരിത്രമികവോടു കൂടി അവതരിപ്പിക്കുകയും സംഘടനയുടെ ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ച് വളരെയധികം ശ്ലാഘിച്ചു സംസാരിക്കുകയും തുടർന്നുള്ള എല്ലാ ചാരിറ്റി പ്രവർത്തനങ്ങൾക്കും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

കഴിഞ്ഞ കാലങ്ങളിൽ കോട്ടയം അസോസിയേഷൻ നടത്തിയ ആരോഗ്യ-വിദ്യാഭ്യാസ-ഭവന മേഖലകളിലെ ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ചും കൂടാതെ അമേരിക്കയിലും കേരളത്തിലുമായി നടത്തിവരുന്ന ചാരിറ്റി പ്രവർത്തനങ്ങൾ കൂടുതലായി വിപുലീകരിക്കുവാനുള്ള ആലോചനയിലുമാണെന്ന് ചാരിറ്റി പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായസഹകരണങ്ങൾ നല്കിവരുന്ന വ്യാപാരസ്ഥാപനങ്ങളെയും വ്യക്തികളെയും ഈയവസരത്തിൽ നന്ദിയോടുകൂടി ഓർക്കുന്നുവെന്നും സാജൻ വർഗീസ് (കോ-ഓർഡിനേറ്റർ ചാരിറ്റി) അറിയിക്കുകയുണ്ടായി. കോട്ടയം അസോസിയേഷന്റെ മുഖ്യ പങ്കാളികളായ വനിതാ ഫോറമിനെ പ്രതിനിധീകരിച്ച് സാറാ ഐപ് (പ്രസിഡണ്ട് വനിതാ ഫോറം) തദവസരത്തിൽ ആശംസകളർപ്പിക്കുകയുണ്ടായി.

കോട്ടയം അസോസിയേഷന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് എക്കാലത്തും ഓർമ്മകളിൽ സൂക്ഷിക്കത്തക്കവിധം ഒരുക്കിയിട്ടുള്ള സ്മരണികയുടെ പ്രകാശനം സഞ്ജു സ്കറിയ (ചീഫ് എഡിറ്റർ സുവനീർ) മുതിർന്ന കമ്മിറ്റി അംഗവും മുൻ പ്രസിഡണ്ടുമായ ജോസഫ് മാണിക്ക് ആദ്യപ്രതി നല്കിക്കൊണ്ട് നിർവഹിക്കുകയും ഈ വർഷത്തെ കോട്ടയം അസോസിയേഷന്റെ ചാരിറ്റി എക്സെല്ലൻസ് അവാർഡ് നൈനാൻ ചാക്കോയ്ക്ക് നല്കി ആദരിക്കുകയും പിന്നീട് സംഘടനയുടെ ആരംഭ കാലഘട്ടം മുതൽ നടത്തിയ പ്രവർത്തനങ്ങൾക്ക് സാബു ജേക്കബ്, ജോൺ പി. വർക്കി എന്നിവരെ പ്രത്യേക പുരസ്കാരങ്ങൾ നല്കി ആദരിക്കുകയും തുടർന്ന് മലയാള ചലച്ചിത്ര സിനിമാ ലോകത്ത് അഭിനയവും ഒപ്പം ചലച്ചിത്ര നിർമ്മാണവും നടത്തിവരുന്ന കമ്മിറ്റി അംഗവുമായ ജീമോൻ ജോർജിനെ പ്രത്യേകം ആദരിക്കുകയുണ്ടായി. തുടർന്ന് സ്പോൺസേഴ്സിനെ ആദരിക്കൽ ചടങ്ങും നടത്തുകയുണ്ടായി. ബിനു മാത്യു (ചെയർമാൻ ട്രൈസ്റ്റേറ്റ് കേരളാ ഫോറം) ജോൺ പണിക്കർ (പ്രസിഡണ്ട് പമ്പ മലയാളി അസോസിയേഷൻ), ലിജോ ജോർജ് (സെക്രട്ടറി മാപ്പ്), ഫിലിപ്പോസ് ചെറിയാൻ (ഫ്രണ്ട്സ് ഓഫ് തിരുവല്ല), അഭിലാഷ് ജോൺ (പ്രസിഡണ്ട് സിമിയോ) തുടങ്ങിയവരും ആശംസകൾ അർപ്പിക്കുകയുണ്ടായി. സാബു ജേക്കബ് (ജനറൽ സെക്രട്ടറി) എല്ലാവർക്കും നന്ദി പറയുകയും ജീമോൻ ജോർജ്, കുര്യൻ രാജൻ എന്നിവർ എംസിമാരായി പ്രവർത്തിക്കുകയുണ്ടായി.

തുടർന്ന് ബെന്നി കൊട്ടാരത്തിൽ, സാബു പാമ്പാടി എന്നിവരുടെ നേതൃത്വത്തിൽ കലാസന്ധ്യയും അരങ്ങേറുകയുണ്ടായി. വളരെയധികം വ്യത്യസ്തവും ശ്രുതിമധുരവുമായ ഗാനാലാപനത്തിലും നൃത്തങ്ങളിലൂടെയും കാണികളുടെ മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റിയ ഡി.എച്ച്.ഒ ക്രിയേറ്റീവിന്റെ കലാപരിപാടികൾ ഏറെ ആസ്വാദ്യജനകമായിരുന്നു.

പ്രവാസികളായി ജീവിക്കുന്ന നമ്മുടെയിടയിൽ കോട്ടയവും സമീപ പ്രദേശങ്ങളിലുമുള്ള ധാരാളം വ്യക്തികൾ പങ്കെടുക്കുകയും അതിലൂടെ പലരെയും പരിചയപ്പെടുകയും സൗഹൃദങ്ങൾ പുതുക്കുവാൻ സാധിക്കുകയും ചെയ്യുകയുണ്ടായി എന്നും സിൽവർ ജൂബിലി ആഘോഷവേളയിൽ പങ്കെടുത്ത ധാരാളം ആളുകൾ അഭിപ്രായപ്പെടുകയും ഭാവിയിലും ഇതുപോലുള്ള കൂട്ടായ്മകൾക്ക് നേതൃത്വം കൊടുത്ത് നടത്തണമെന്ന് പങ്കെടുത്തവർ ഒന്നടങ്കം ആവശ്യപ്പെടുകയുണ്ടായി.

ഈ സിൽവർ ജൂബിലി ആഘോഷ മഹാമഹത്തിനു ജോൺ മാത്യു, ജെയിംസ് അന്ത്രയോസ്, ജെയ്സൺ വർഗീസ്, മാത്യു ഐപ്, ഏബ്രഹാം ജോസഫ്, വർഗീസ് വർഗീസ്, രാജു കുരുവിള, വർക്കി പൈലോ, സെറിൻ ചെറിയാൻ കുരുവിള എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും വിമൻസ് ഫോറത്തിന്റെ സഹകരണത്തിലുമായി ധാരാളം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സിൽവർ ജൂബിലി ബാങ്ക്വറ്റ് നൈറ്റ് ഒരു വൻ വിജയമാക്കിത്തീർക്കുവാൻ സാധിച്ച ചാരിതാർത്ഥ്യത്തോടു കൂടി ആഘോഷത്തിന് തിരശ്ശീല വീഴുകയുണ്ടായി.

# തിരുവനന്തപുരം ആർസിസിയിൽ കാൻസർ മരുന്ന് മാറി നൽകി

തിരുവനന്തപുരം: തലച്ചോറിനെ ബാധിച്ച കാൻസറിനു ചികിത്സയിലുള്ളവർക്കു ശ്വാസകോശ കാൻസർ ബാധിതർക്കുള്ള കീമോതെറാപ്പി ഗുളികകൾ മാറി നൽകി. റീജനൽ കാൻസർ സെന്ററിലാണ് സംഭവം. മരുന്നിന്റെ പാക്കിങ്ങിൽ കമ്പനിക്കു വന്ന പിഴവാണ് ഇതിനിടയാക്കിയത്. 2130 കുപ്പികളിൽ 2125 കുപ്പികളും വിതരണം ചെയ്തതിനു ശേഷമാണ് പിഴവ് കണ്ടുപിടിച്ചത്. എത്ര രോഗികൾക്കു ഇതു നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമായിട്ടില്ല.

ഗുജറാത്തിലെ ഗ്ലോബെല ഫാർമ നിർമിച്ച ടെമൊസോളോമൈഡ്-100 എന്ന ഗുളികയുടെ അഞ്ച് എണ്ണം വരുന്ന കുപ്പിയുടെ പാക്കിങ്ങിലാണ് പിഴവ് സംഭവിച്ചത്. ടെമൊസോളോമൈഡ്-100 എന്ന പേരുള്ള പേപ്പർ ബോക്സിൽ എറ്റോപോസൈഡ്-50 എന്ന ഗുളികയുടെ കുപ്പിയാണ് വിതരണം ചെയ്തത്. കുപ്പിക്കു പുറത്തും എറ്റോപൊസൈഡ് -50 എന്ന പേരായിരുന്നു. എട്ട് ഗുളികയായിരുന്നു ഓരോ കുപ്പിയിലും ഉണ്ടായിരുന്നത്. ശ്വാസകോശ കാൻസറിനും വൃഷണത്തെ ബാധിക്കുന്ന ചില കാൻസറിനുമുള്ള കീമോതെറാപ്പി ഗുളികയാണ് എറ്റോപോസൈഡ്. ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിലും ബോക്സിനുള്ളിൽ ഈ ഗുളികയാണെന്നു സ്ഥിരീകരിച്ചു.

ഗുളിക മാറിപ്പോയ സംഭവം ജീവനക്കാർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആർസിസിയിൽ ആഭ്യന്തര അന്വേഷണം ആരംഭിക്കുകയും ഡ്രഗ് കൺട്രോളറെ അറിയിക്കുകയുമായിരുന്നു.

വ്യാജമരുന്നു വിറ്റതിനുള്ള വകുപ്പ് അനുസരിച്ച് ഗ്ലോബെല ഫാർമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത സംസ്ഥാന ഡ്രഗ് കൺട്രോളർ ബാക്കിവന്ന ഗുളികകളും ആർസിസിയുടെ വിശദീകരണവും ഉൾപ്പെടെ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒരു കുപ്പി ഗുളികയ്ക്ക് 7500 രൂപയാണ് ഗ്ലോബെല ഫാർമയ്ക്ക് ആർസിസി നൽകിയത്.

# THE SHRINKING MIDDLE CLASS, TRADE WARS, AND THE INDIA–U.S. PARADOX

George Abraham

There is an ongoing discussion these days about whether the Indian diaspora has remained silent on tariffs and other U.S. policies that have hurt India. The Trump administration's imposition of nearly 50% tariffs on most Indian goods imported to the United States has had a devastating effect on sectors such as textiles, shrimp, and cut diamonds. The recent $100,000 fee on new H1B visa issuance has only added fuel to the controversy.

Although domestic political considerations may have driven these tariff policies, their application worldwide appeared to be without clear policy standards, often arbitrary, abrupt, and inconsistently justified. Economist Jeffrey Sachs has argued that many of the tariffs imposed by the Trump administration exceeded the president's lawful authority, calling them "delusional" and unlikely to reduce either trade or budget deficits in any meaningful way.

Nevertheless, tariffs are here to stay, and nations around the world, whether they like it or not, must learn to navigate them. Export-driven economies, including America's closest allies, have been hit hard. The European Union, Japan, and South Korea reluctantly reached trade deals with Washington despite deep dissatisfaction, reflecting the leverage the U.S. still commands in global commerce.

India, too, had an early opportunity to negotiate a similar agreement that might have averted the present predicament, but instead chose to walk a diplomatic tightrope. Understandably, India had to protect its farmers and guard against U.S. agricultural imports that could undermine its rural economy. Yet, in every negotiation, there must be give and take, and perhaps India underestimated the Trump administration's resolve to reshape global trade on what it viewed as a more level playing field.

More than anything else, the situation exposes the shortcomings of the Modi–Jaishankar statecraft, which has failed to advance India's interests on the world stage. The recent Indo–Pak conflict revealed a sobering truth: in times of crisis, India stands largely alone. Despite global condemnation of the terrorist attack in Pahalgam, Kashmir, only Israel offered unequivocal support, while most nations maintained diplomatic silence.

India's ambiguous stance within BRICS, a group that includes Brazil, Russia, India, China, and South Africa, may also complicate its strategic relationship with the United States. Although New Delhi insists it does not seek to undermine the U.S. dollar, Washington remains wary of BRICS-level financial initiatives led by China and Russia that aim to reduce dependence on the dollar. India advocates gradual



George Abraham

reforms, such as local currency settlements, without challenging the dollar's dominance, yet the rhetoric emerging from BRICS summits continues to unsettle U.S. financial circles. This ambiguity in India's stance within BRICS, balancing its relationship with the U.S. and its aspirations for a more multipolar world, poses a challenge for its foreign policy.

Today, around 58–60% of global foreign exchange reserves remain denominated in U.S. dollars, compared to less than 3% in Chinese yuan. The dollar's dominance is rooted in America's economic scale, deep capital markets, and the global trust in its institutions: a legacy of the Bretton Woods system. Yet beneath that veneer of stability, the U.S. faces sobering economic realities. As of September 2025, the national debt has soared to $37.85 trillion, while the 2024 trade deficit stood at $918.4 billion. Mounting interest payments consume an ever-larger share of the federal budget, limiting investments in infrastructure, education, and defense. Persistent deficit spending fuels inflation and erodes living standards, raising questions about long-term fiscal sustainability.

The Indian diaspora in the United States, a testament to human resilience, has long sought opportunity and a higher standard of living and has largely achieved it through hard work and discipline. Naturalized citizens of Indian origin have pledged allegiance to their adopted homeland, yet their emotional ties to India remain strong. They send back nearly one-third of India's total remittances each year, a lifeline for millions.

However, unlike Non-Resident Indians in the Gulf, these immigrants are not looking back. Their U.S.-born children rarely share the same depth of attachment to their ancestral land. Their primary concern is the economic stability of America. When multinational corporations exploit the H1B visa system to import low-wage labor at the expense of local graduates, disillusionment grows. The unemployment rate among computer science graduates, at 6.1%, underscores this frustration. In the 1970s and 1980s, U.S. tech companies routinely trained domestic graduates, even those without engineering degrees; today, they depend on lottery-based recruitment abroad.

India, too, must think creatively and adapt to the changing global trade dynamics. For decades, its high tariff walls were justified to protect domestic industries under the Five-Year Plans envisioned by Jawaharlal Nehru. That strategy worked: India built everything from safety pins to airplanes, became self-reliant, and transformed from a food-deficient to a food-exporting nation. How, then, can we fault others for pursuing similar protectionist policies today? It's time for India to rethink its strategies and find a balance between protectionism and global trade.

Meanwhile, America's Midwest has become a rust belt of ghost towns —a haunting monument to its industrial past. Rows of shuttered factories, silent assembly lines, and empty main streets mark the decline of the middle class that once anchored American stability. Economic gains now accrue largely to the wealthy, while younger generations struggle for the security once taken for granted. The resulting sense of insecurity fuels populist anger on both the left and the right, deepening divisions and eroding the democratic center that long kept the nation balanced.

Amidst these challenges, the United States and India still share many commonalities. Both are large, pluralistic democracies rooted in constitutional principles and the rule of law. Both share a restless entrepreneurial spirit and a belief in the power of innovation. These shared values form the foundation for a relationship that transcends transactional politics. Let both nations build on this strategic partnership and friendship, overcome temporary differences, and work together to reach a trade agreement that is not just quick, but also fair and equitable, reflecting the principles of justice and fairness in international relations.

# സെ. മേരീസ് ദേവാലയത്തിൽ മിഷൻലീഗ് കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു

ചിക്കാഗോ: ചെറുപുഷ്പ മിഷൻലീഗ് (സിഎംഎൽ) ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ




മിഷൻലീഗ് കുട്ടികൾക്കായി 'ഫെയ്ത്ത് ആൻഡ് മിഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി ആത്മീയസമൃദ്ധമായ സെമിനാർ സംഘടിപ്പിച്ചു.

വിശ്വാസജീവിതത്തിന്റെ ആഴവും ദൗത്യബോധത്തിന്റെ പ്രാധാന്യവും വിശദീകരിച്ചുകൊണ്ടുള്ള പ്രഭാഷണം ഡീക്കൻ മൈക്കൽ ജെയിംസ് നയിച്ചു.

വിശ്വാസം ഒരു ജീവിതശൈലിയാക്കുന്നതിനുള്ള പ്രചോദനമായി ഈ സെമിനാർ പങ്കെടുത്ത കുട്ടികൾക്ക് ആത്മീയ ഉണർവായിത്തീർന്നു.

ന്യൂയോർക്കിൽ ജനിച്ച്, ന്യൂജേഴ്സിയിൽ വളർന്ന ഡീക്കൻ മൈക്കൽ കോളജ് പഠനം കഴിഞ്ഞ് ഒരു വർഷം കെമിസ്റ്റായി ജോലി ചെയ്ത ശേഷമാണ് സെമിനാരിയിൽ പ്രവേശിച്ചത്.

നിലവിൽ ഇല്ലിനോയിലെ മണ്ടലൈൻ സെമിനാരിയിൽ അവസാന വർഷ പഠനം പൂർത്തിയാക്കുകയാണ്.

ദൈവചിത്തപ്രകാരം ഈ ജൂൺ മാസത്തിൽ അദ്ദേഹം സീറോമലബാർ രൂപതയ്ക്ക് പുരോഹിതനായി അഭിഷേകം ചെയ്യപ്പെടും.

ആസ്രിയൽ വാളതാറ്റ് കുട്ടികൾക്കായി ഡീക്കൻ മൈക്കലിനെ പരിചയപ്പെടുത്തി സ്വാഗതം ചെയ്തു.

പ്രഭാഷണത്തിനുശേഷം കുട്ടികൾക്ക് പ്രചോദനമായി ആത്മീയ സന്ദേശം നല്കിയതിലും സമയം കണ്ടെത്തി പങ്കെടുത്തതിലും സിഎംഎൽ യൂണിറ്റ് ഡയറക്ടർ ജോജോ ആനാലിൽ ഡീക്കൻ മൈക്കലിന് ഹൃദ്യമായ നന്ദിയും അഭിനന്ദനവും അറിയിച്ചു.

മിഷൻലീഗ് കുട്ടികളുടെ ആത്മീയ വളർച്ചയും വിശ്വാസബോധ വികസനവും ലക്ഷ്യമാക്കി സംഘടിപ്പിച്ച ഈ പരിപാടി കുട്ടികൾക്ക് സഭാദൗത്യ ജീവിതത്തോടുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സഹായകമായി.



# അപ്പു എന്നെ അനുഗ്രഹിക്കണം

**രാജു മൈലപ്ര**

അങ്ങനെ ഒരു തിരുവോണം കൂടി കഴിഞ്ഞു. മഹാബലി തമ്പുരാൻ തന്റെ പ്രജകളെ സന്ദർശിച്ച ശേഷം സസുഖം പാതാളത്തിൽ തിരിച്ചെത്തി.

ഏതായാലും സന്ദർശനം കഴിഞ്ഞയുടൻ തന്നെ 'ആഗോള അയ്യപ്പ സംഗമ'ത്തിലൊന്നും പങ്കെടുക്കുവാൻ നിൽക്കാതെ തിരിച്ചുപോയതു നന്നായി. അല്ലെങ്കിൽ ഇന്നത്തെ ഒരു 'ഇതു' വെച്ച് നോക്കുകയാണെങ്കിൽ, സന്നിധാനത്തെ സ്വർണ്ണപ്പാളികൾ അടിച്ചു മാറ്റിയെന്ന 'മോഷണക്കുറ്റം' തമ്പുരാന്റെ തലയിൽ കെട്ടിവെച്ചേനേ! പരാതിയില്ലെങ്കിലും പ്രതികളെ തപ്പി നടക്കുന്ന ഒരു പോലീസ് സംവിധാനമാണ് നമുക്കുള്ളത്. ഏതായാലും ഉറക്കമുണരുമ്പോൾ തലയിലെ തങ്കക്കിരീടം ഒന്നു പരിശോധിക്കുന്നത് നല്ലതാണ്. സ്വർണ്ണം ചെമ്പാക്കി മാറ്റുന്ന ജാലവിദ്യക്കാരാണ് ഇന്ന് അധികാരം കൈയാളുന്നത്.

അമേരിക്കയിലെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ സമംഗളം പര്യവസാനിച്ചു എന്നു വേണം കരുതുവാൻ. പരിപാടികളെല്ലാം ഒന്നിനൊന്നു മെച്ചപ്പെട്ടതായിരുന്നു. എത്രയധികം കലാകാരന്മാരും കലാകാരികളുമാണ് മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ചത്. അഭിനന്ദനങ്ങൾ!

നമ്മുടെ ആഘോഷങ്ങൾ അതിരുകടന്ന് തെരുവുകളിലേക്കും വ്യാപിക്കുന്നത് അഭികാമ്യമാണോ എന്നത് ആലോചിക്കേണ്ട വിഷയമാണ്. താലപ്പൊലിയുടെയും താളമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ മഹാബലിത്തമ്പുരാനെ പബ്ലിക് റോഡുകളിലൂടെ ആനയിക്കേണ്ട ആവശ്യമുണ്ടോ? അധികാരികളുടെ അനുവാദത്തോടെയാണ് ഇതു നടത്തുന്നതെന്ന് അറിയാം. പക്ഷേ, പൊതുജനത്തിനു അസൗകര്യമുണ്ടാക്കുന്ന ഇത്തരം പരിപാടികൾക്കെതിരെ അവർ പ്രതികരിച്ചാൽ ഇന്നത്തെ അന്തരീക്ഷത്തിൽ അത് ഇന്ത്യക്കാർക്ക് ബുദ്ധിമുട്ടാകും.

മഹാബലിയായി ഈ ഭൂമിയിൽ ഏറ്റവുമധികം തവണ വേഷമിട്ടിട്ടുള്ളത് എന്റെ നല്ല സുഹൃത്ത് അപ്പുവാണ് (അപ്പുക്കുട്ടൻ പിള്ള). അപ്പു അണിഞ്ഞൊരുങ്ങി വരുമ്പോൾ ആകപ്പാടെ ഒരു ആനച്ചന്തമുണ്ട്. 'അപ്പു എന്നെ അനുഗ്രഹിക്കണം.'

ഈ വർഷം അമേരിക്കയിൽ ഏറ്റവുമധികം ഓണാഘോഷങ്ങളിൽ പങ്കെടുത്തത് ഫൊക്കാനയുടെ അനിഷേദ്ധ്യ നേതാവും എന്റെ സ്നേഹിതനുമായ പോൾ കറുകപ്പള്ളിയാണ്. ഇത് എന്റെ ഒരു നിരീക്ഷണമാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ഇവിടെ ആഘോഷിക്കുന്നത് എന്തിനാണെന്ന് ഒരു പിടിയും കിട്ടുന്നില്ല. മറ്റു രാജ്യക്കാർ ഇന്ത്യയിൽ വന്ന് അവരുടെ എന്തെങ്കിലും ദേശീയ പരിപാടികൾ നടത്താറുണ്ടോ?

രാവിലെ കുറെ അച്ചായന്മാർ മുണ്ടും ജുബ്ബയും കഴുത്തിലൊരു കോൺഗ്രസ് ഷാളുമണിഞ്ഞ് ഏതെങ്കിലുമൊരു പാർക്കിന്റെ മൂലയിൽ കൂടുന്നു. കൂട്ടിനു സാരിയണിഞ്ഞ കുറേ തരുണീമണികളുമുണ്ട്. കുറച്ചു കഴിയുമ്പോൾ ഒരു ബാനറിൽ തൂങ്ങിക്കിടന്ന് നേതാക്കന്മാർ മുന്നിൽ. ചെണ്ടയടിയും മുത്തുക്കുടകളുമായി അഞ്ചെട്ടെണ്ണം പിന്നാലെ.. 'ഭാരത മാതാ കീ ജെയ്' എന്ന് ഇടയ്ക്കിടെ മുദ്രാവാക്യം മുഴക്കുന്നുണ്ട്.

'താങ്ക്സ് ഗിവിംഗ് ഡേ' പരേഡും 'റോസസ് ഡേ' പരേഡും മറ്റും വർണ്ണശബളമായി, ചിട്ടയോടു കൂടി നടത്തുന്ന നാട്ടിലാണ്, നമ്മളീ നായ്ക്കോലം കെട്ടുന്നതെന്ന് ഓർക്കണം.

ഇനി മറ്റു ചിലർക്ക് ഗാന്ധിജിയുടെയും പട്ടേലിന്റെയും വീരപ്പന്റെയും മറ്റും പ്രതിമകൾ മുക്കിനും മൂലയിലും സ്ഥാപിക്കാതെ ഉറക്കം വരില്ല. ആരെങ്കിലുമൊക്കെ ഈ പ്രതിമകൾ അലങ്കോലപ്പെടുത്തുമ്പോൾ വെറുതേ കിടന്നു മോങ്ങുന്നു!



അപ്പുക്കുട്ടൻ പിള്ള മഹാബലിയുടെ വേഷത്തിൽ.

ജനമനസ്സുകളിൽ ജീവിക്കുന്ന മഹാത്മാ ഗാന്ധിയെ ആദരിക്കുവാൻ എന്തിനൊരു കളിമൺ പ്രതിമ?

ലോകത്തിന്റെ പല കോണുകളിൽ ഇന്ത്യക്കാർക്കെതിരെയുള്ള അധിക്ഷേപ സ്വരങ്ങൾ ഉയരുന്നുണ്ട്. ചിലയിടങ്ങളിൽ കൈയാങ്കളിയും നടന്നതായി വാർത്തകളുണ്ട്.

വൃത്തിയുടെ കാര്യത്തിൽ നമ്മൾ നമ്പർ വൺ ആണെന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. സത്യത്തിൽ ശുചിത്വ പരിപാലനത്തിൽ (hygiene) നമ്മൾ എത്രയോ പിന്നിലാണെന്ന് മറ്റു രാജ്യങ്ങൾ സന്ദർശിക്കുമ്പോഴാണ് മനസ്സിലാകുന്നത്.

Deodarant, Mouthwash, Perfume/Cologue തുടങ്ങിയവ നനയ്ക്കാതെയും കുളിക്കാതെയും നടക്കുന്ന സായിപ്പൻമാർക്കുള്ള ഉല്പന്നങ്ങളാണെന്നാണ് പല ഇന്ത്യക്കാരുടെയും ധാരണം.

അമേരിക്കൻ പരിപാടികളിൽ, പ്രത്യേകിച്ച് നമ്മുടെ കുട്ടികളുടെ വിദ്യാലയങ്ങളിൽ പങ്കെടുക്കുമ്പോൾ മസാലയുടെയും മത്തി വറുത്തതിന്റെയും മണം തങ്ങി നിൽക്കുന്ന വസ്ത്രങ്ങൾ ധരിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

പൊതു ഇടങ്ങളിലെ ടോയ്‌ലറ്റ് ഉപയോഗിച്ചശേഷം അതു വേണ്ട രീതിയിൽ വൃത്തിയാക്കപ്പെടാതെയാണ് പലരും സ്ഥലം വിടുന്നത്. 'Toilet Cloggers' എന്നൊരു പേരും അടുത്തകാലത്ത് നമുക്കു പതിച്ചു നല്കിയിട്ടുണ്ട്.

വിവാഹസൽക്കാരത്തിനും മറ്റും ഒരിക്കൽ വാടകയ്ക്കു കൊടുത്ത ഹാളുകൾ പിന്നീട് ഇന്ത്യക്കാർക്ക് നല്കാത്തതും നമ്മൾ അവിടെ കാണിക്കുന്ന ശുചിത്വമില്ലായ്മ കൊണ്ടാണ്.

Expiry date കഴിഞ്ഞിട്ടും ഇവിടെ ജീവിക്കുന്ന നമ്മളിൽ പലരേയും ഒരു പക്ഷേ ഇതൊന്നും ബാധിക്കില്ല, പക്ഷേ, നമ്മുടെ അനന്തര തലമുറ നമ്മുടെ അശ്രദ്ധ മൂലം പരിഹസിക്കപ്പെടുവാൻ ഇടവരുത്തരുത്.

എത്ര തൂത്താലും തുടച്ചാലും, തലമുറകൾ കഴിഞ്ഞാലും 'ഇന്ത്യൻ മുഖഛായ' അവരുടെ മുഖത്തുനിന്നും മായിക്കാനാവില്ല. അവരുടെ ശാപം നമ്മളെ പിന്തുടരുവാൻ ഇടവരുത്തരുത്.



ലേഖകൻ

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ഒരു 'കാലാവസ്ഥാ വ്യതിയാനമാണ്' അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ള സത്യം നമ്മൾ ഉൾക്കൊള്ളണം.

ഭയം വേണ്ടാ, ജാഗ്രത മതി

'അപ്പു എന്നെ അനുഗ്രഹിക്കണം'

(ഇതൊരു സ്വയം വിമർശനമാണ്. മറ്റാരെയും ഉദ്ദേശിച്ച് എഴുതിയതല്ല).

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.78 |
| യൂറോ | 103.22 |
| സ്റ്റെർലിംഗ്പൗണ്ട് | 118.65 |
| സ്വിസ് ഫ്രാങ്ക് | 110.94 |
| സിംഗപ്പൂർ ഡോളർ | 68.48 |
| കനേഡിയൻ ഡോളർ | 63.44 |
| ഒമാൻ റിയാൽ | 230.90 |
| ബഹ്റൈൻ ദിനാർ | 235.46 |
| സൗദി റിയാൽ | 23.67 |
| യു.എ.ഇ. ദിർഹം | 24.17 |
| കുവൈത്ത് ദിനാർ | 289.45 |

# സൈബർ സുരക്ഷ പഠിപ്പിക്കാൻ സ്കൂളുകളിലേക്ക് പോലീസ്

കൊച്ചി: ഇന്റർനെറ്റ് ആസക്തിയിൽനിന്ന് വിദ്യാർത്ഥികളെ മോചിപ്പിക്കുന്നതിനും സൈബർ ഇടത്ത് പാലിക്കേണ്ട സുരക്ഷാപാഠങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി കേരള പോലീസിന്റെ സൈബർ സുരക്ഷാ പദ്ധതി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്പിസി) പ്രവർത്തിക്കുന്ന ആയിരത്തിലധികം സ്കൂളുകളിൽ സൈബർ ടാസ്ക് ഫോഴ്സ് രൂപവത്കരിച്ചുകൊണ്ടാണ് പദ്ധതി തുടങ്ങുക. ഓരോ അക്കാദമിക് വർഷത്തിലും നിശ്ചിത സമയങ്ങളിൽ വിവിധ പരിപാടികളുടെ പ്രവർത്തനം നടക്കും. ഇതിനായി സൈബർ ടാസ്ക് ഫോഴ്സ് കലണ്ടറുകളും തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ബോധവത്കരണം, സാങ്കേതിക പരിശീലനം, കൗൺസലിങ് എന്നിവയുണ്ടാകും. തുടർന്ന് പദ്ധതിയുടെ ഫലങ്ങൾ വിലയിരുത്തി മികച്ച പ്രകടനം നടത്തിയ സ്കൂളുകളെ കണ്ടെത്തും.






BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

# ഇന്ത്യയിലെ ആദ്യ റോബോട്ടിക് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരം

ന്യൂഡൽഹി: ഇന്ത്യയിലെ ആദ്യത്തെ റോബോട്ടിക് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു ഡൽഹി എയിംസിൽ 45-കാരൻ വിധേയനായി. ഡാവിഞ്ചി റോബോട്ടിക് പ്ലാറ്റ്ഫോമാണ് ഇതിനായി ഉപയോഗിച്ചത്. അധികം രക്തം ചിന്താതെ, ത്രീഡി വിഷലൈസേഷന്റെ സഹായത്തോടെ കൂടുതൽ വൈദഗ്ധ്യവും കൃത്യതയും സമന്വയിപ്പിച്ചാണ് ശസ്ത്രക്രിയ പൂർത്തിയാക്കിയതെന്ന് ചീഫ് ട്രാൻസ്പ്ലാന്റ് സർജൻ ഡോ. വീരേന്ദ്ര ബൻസാൽ പറഞ്ഞു. ഇതിലൂടെ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് അതിവേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാനും അനാവശ്യ സങ്കീർണതകൾ ഒഴിവാക്കാനും സാധിക്കും.

സെപ്റ്റംബർ മൂന്നിന് നടന്ന ശസ്ത്രക്രിയ നാല് മണിക്കൂറോളം നീണ്ടുനിന്നുവെന്നും പത്തു ദിവസത്തിന് ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തെന്നും ഡോക്ടർമാർ അറിയിച്ചു. അന്തിമ ഘട്ടത്തിലെത്തിയ വൃക്കതകരാറുകൾ ഇന്ത്യയെങ്ങും വർദ്ധിക്കുമ്പോൾ കൃത്യതയിലൂന്നിയ ഇത്തരം സാങ്കേതികവിദ്യകൾ അനിവാര്യമാണെന്നാണ് വിദഗ്ധാഭിപ്രായം.

# ബിഹാറിൽ ബിജെപിയും ജെഡി–യുവും 101 വീതം സീറ്റിൽ മത്സരിക്കും

ന്യൂഡൽഹി: ബിഹാറിൽ എൻഡിഎ മുന്നണിയിൽ സീറ്റ് വിഭജനം പൂർത്തിയായി. ബിജെപിയും ജെഡി-യുവും 101 വീതം സീറ്റുകളിൽ മത്സരിക്കും. കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ ആണ് ഇതറിയിച്ചത്. 243 സീറ്റുകളാണ് ബിഹാറിലുള്ളത്. കേന്ദ്രമന്ത്രി ചിരാഗ് പാസ്വാന്റെ ലോക് ജനശക്തി പാർട്ടിക്ക് 29 സീറ്റ് നല്കി. കേന്ദ്രമന്ത്രി ജീതൻ റാം മാൻജിയുടെ ഹിന്ദുസ്ഥാൻ അവാം മോർച്ച (സെക്കുലർ), ഉപേന്ദ്ര കുഷ്വാഹയുടെ രാഷ്ട്രീയ ലോക് മോർച്ച പാർട്ടികൾ ആറു വീതം സീറ്റുകളിൽ മത്സരിക്കും. ജീതൻ റാം മാൻജി 15 സീറ്റ് ആവശ്യപ്പെട്ടെങ്കിലും ബിജെപി നേതൃത്വം വഴങ്ങിയില്ല. 2020-ൽ എച്ച്എഎമ്മിന് ഏഴു സീറ്റ് മത്സരിക്കാൻ ലഭിച്ചിരുന്നു. 2020-ൽ ജെഡി-യു 115 സീറ്റുകളിലും ബിജെപി 110 സീറ്റുകളിലുമാണു മത്സരിച്ചത്. ബിജെപിയേക്കാൾ കൂടുതൽ സീറ്റുകൾ ജെഡി-യുവിനു ലഭിക്കാത്തത് ആദ്യ സംഭവമാണ്.

# ചൂരൽമല – മുണ്ടക്കൈ: മുഴുവൻ തുകയും വേണമെന്ന് മുഖ്യമന്ത്രി

ന്യൂഡൽഹി: കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, ചൂരൽമല-മുണ്ടക്കൈ പുനരധിവാസം തുടങ്ങിയ വിഷയങ്ങളിൽ അടിയന്തര ഇടപെടൽ അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി.

ചൂരൽമല-മുണ്ടക്കൈ പുനരധിവാസത്തിനായി 2,221.03 കോടി രൂപ മുഴുവനായും അനുവദിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. 260 കോടി മാത്രമാണ് കേന്ദ്രം അനുവദിച്ചിരുന്നത്. ധനസഹായം വായ്പയായല്ല നൽകേണ്ടതെന്നും അദ്ദേഹം ആവർത്തിച്ചു. കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ ഒഴിവാക്കണമെന്നും കുടിശികയായ നെല്ല് സംഭരണ സബ്സിഡി ഉടൻ അനുവദിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

മുൻപത്തേതിനെക്കാൾ അനുകൂലമായ പ്രതികരണമാണ് പ്രധാനമന്ത്രിയിൽ നിന്നുണ്ടായതെന്നു മുഖ്യമന്ത്രി പറഞ്ഞു.

കോഴിക്കോട് കിനാലൂരിൽ കേരള സർക്കാർ കണ്ടെത്തിയ സ്ഥലത്ത് എയിംസ് സ്ഥാപിക്കുന്നതിനുള്ള അനുമതി ത്വരിതപ്പെടുത്തണമെന്ന് പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടു. എയിംസ് കേരളത്തിൽ അനുവദിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് ഉടൻ പുറത്തിറക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡയോടും ആവശ്യപ്പെട്ടു.

എയിംസ് മറ്റേതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുമെന്ന വാദങ്ങൾ പരിഗണിക്കേണ്ടതില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിന്റെ തീരദേശ സുരക്ഷയ്ക്കായി പ്രത്യേക മറൈൻ റിസർവ് ബറ്റാലിയന് അനുമതി നൽകുമെന്ന് കേന്ദ്രം ഉറപ്പുനൽകിയതായി മുഖ്യമന്ത്രി പറഞ്ഞു.

ഇതിനായി പ്രത്യേക ഇന്ത്യൻ റിസർവ് ബറ്റാലിയൻ സ്ഥാപിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായുള്ള കൂടിക്കാഴ്ചയിൽ ഉറപ്പു ലഭിച്ചു.



പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു പിണറായി വിജയൻ ഭൈരവൻ തെയ്യത്തിന്റെ ശിൽപം സമ്മാനിക്കുന്നു.

# ദേവസ്വം ബോർഡും പ്രതിസ്ഥാനത്ത്

(ഒന്നാം പേജിൽ നിന്നും)

അതിനിടെ, ശബരിമല സ്വർണക്കൊള്ളയിൽ അന്വേഷണം ഉണ്ണികൃഷ്ണൻ പോറ്റിയുടെ പ്രധാന സഹായിയും ഹൈദരാബാദ് സ്വദേശിയുമായ നാഗേഷിലേക്കും. ശബരിമലയിലെ യഥാർത്ഥ ദ്വാരപാലക ശില്പപാളികൾ ഇയാൾ കൈവശപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തിരിക്കാമെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ സംശയം. ശബരിമലയിലെ ദ്വാരപാലക ശില്പ പാളികളിൽ നിന്നുമാത്രം ഉണ്ണികൃഷ്ണൻ പോറ്റി അടിച്ചുമാറ്റിയത് ഇരുന്നൂറ് പവനിലേറെ സ്വർണം എന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രാഥമിക നിഗമനം.

ദ്വാരപാലക ശില്പങ്ങളിലെ സ്വർണത്തകിട് കടത്തിയ കേസിൽ ഉണ്ണികൃഷ്ണൻ പോറ്റിയാണ് ഒന്നാംപ്രതി. കട്ടിളപ്പാളിക്കേസിൽ ഇയാളുടെ കൂട്ടാളി കല്പേഷാണ് രണ്ടാം പ്രതി. ആദ്യ കേസിൽ പ്രതികളായ ദേവസ്വം ഉദ്യോഗസ്ഥർ ഈ കേസിലും പ്രതികളാണ്. ഈ കേസിൽ അന്നത്തെ ദേവസ്വം കമ്മീഷണറെയും മൂന്നാം പ്രതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശബരിമലയിലെ സ്വർണം കൊള്ളയടിച്ച സംഭവത്തിൽ ഒൻപത് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് വീഴ്ചയെന്ന് വിജിലൻസ് റിപ്പോർട്ടുണ്ട്. ഇവരിൽ രണ്ടു പേർ മാത്രമാണ് നിലവിൽ സർവീസിലുള്ളത്. അന്നത്തെ തിരുവാഭരണം കമ്മീഷണർ കെ.എസ്. ബൈജുവാണ് നാലാം പ്രതി. എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ഡി. സുധീഷ്കുമാറാണ് അഞ്ചാം പ്രതി. ആറാംപ്രതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, ഏഴാം പ്രതി അസി. എഞ്ചിനീയർ കെ. സുനിൽകുമാർ. എഫ്ഐആറിൽ ഉദ്യോഗസ്ഥരുടെ പേരുപറയാതെ പദവിമാത്രമാണ് പറഞ്ഞിട്ടുള്ളത്.

പ്രതികൾ സ്വാർത്ഥലാഭത്തിനുവേണ്ടി അമൂല്യ ഉരുപ്പടികൾ കടത്തിയെന്നാണ് കേസ്. സ്വർണം പൂശിയ ചെമ്പ് പാളികൾ എന്നത് ഒഴിവാക്കി രേഖകളിൽ വെറും ചെമ്പുപാളികൾ എന്നു മാത്രം എഴുതി കൈമാറിയതിനുപിന്നിൽ ഗൂഢാലോചനയുണ്ട്. 2019 മാർച്ച് 19-ന് ദേവസ്വം കമ്മീഷണറുടെ ശിപാർശയിൽ സ്വർണം പൂശിയ കാര്യം അദ്ദേഹംതന്നെ മറച്ചുവെച്ചുകൊണ്ട് ഇവ കൈമാറിയെന്നാണ് കണ്ടെത്തൽ.

42.100 കിലോഗ്രാം വരുന്ന ചെമ്പുപാളികൾ 2019 മേയ് 18-ന്, നാല് മുതൽ ഏഴുവരെയുള്ള പ്രതികൾ ഇളക്കിയെടുത്ത് ദേവസ്വം ഭരണസമിതിയുടെ അനുമതിയോടെ ഒന്നാം പ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറി. ഇവ ചെന്നൈ സ്മാർട്ട് ക്രിയേഷൻ എന്ന സ്ഥാപനത്തിലെത്തിച്ച് 409 ഗ്രാം സ്വർണം രണ്ടാംപ്രതി കല്പേഷിൽ നിന്നും ഉണ്ണികൃഷ്ണൻപോറ്റി കൈക്കലാക്കിയെന്ന് എഫ്ഐആറിൽ പറയുന്നു. ഇത് സംഘടിത ഗൂഢാലോചനയായിരുന്നു. ദേവസ്വം ബോർഡിനെ വഞ്ചിച്ചെന്നാണ് കുറ്റം. അന്വേഷണസംഘം ഉടനെ ഇവരെ ചോദ്യം ചെയ്യും.

ശബരിമലയിലെ സ്വർണം നഷ്ടപ്പെട്ടത് ദ്വാരപാലക ശില്പങ്ങളിൽ മാത്രം ഒതുങ്ങില്ലെന്നു ഹൈക്കോടതി. ശ്രീകോവിലിന്റെ കട്ടിളയിൽ പൊതിഞ്ഞ സ്വർണം കൈകാര്യം ചെയ്തതിലും ക്രമക്കേടുണ്ടായി. ഭാരതീയ ന്യായസംഹിത പ്രകാരമുള്ള ക്രിമിനൽ കുറ്റങ്ങളാണിതെന്ന് അഭിപ്രായപ്പെട്ട കോടതി, ആറാഴ്ചയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നല്കണമെന്ന് പ്രത്യേക അന്വേഷണ സംഘത്തിനു നിർദേശം നല്കി.

കട്ടിളപ്പാളികളിലും ദ്വാരപാലക ശില്പങ്ങളിലും സ്വർണ പൂശിയതിനുശേഷം ബാക്കിയുണ്ടായിരുന്ന 474.9 ഗ്രാം സ്വർണം ഉണ്ണികൃഷ്ണൻ പോറ്റി ദേവസ്വം ബോർഡിന് കൈമാറിയതിനു രേഖയില്ലെന്നു കോടതി പറഞ്ഞു. ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായി. മോഷണം, ക്രമക്കേട്, വിശ്വാസവഞ്ചന എന്നിവ നടത്തിയവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നു ജസ്റ്റിസ് രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശം നല്കി.

ശ്രീകോവിലിന്റെ കട്ടിളയുടെ ചെമ്പുപാളികൾ സംബന്ധിച്ചു നിർണായക വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ദേവസ്വം ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ (എസ്പി) കോടതിയെ അറിയിച്ചു. ഇതിൽ അന്വേഷണം നടത്താൻ ആവശ്യപ്പെട്ട കോടതി പ്രത്യേക കേസ് രജിസ്റ്റർ ചെയ്യണമോയെന്നത് അന്വേഷണ സംഘത്തിനു തീരുമാനിക്കാമെന്ന് പറഞ്ഞു.

അന്വേഷണം പൂർത്തിയാകുന്നതുവരെ പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും വിവരം നല്കരുതെന്ന് എസ്ഐടിയോട് നിർദ്ദേശിച്ച കോടതി രണ്ടാഴ്ച കൂടുമ്പോൾ തൽസ്ഥിതി റിപ്പോർട്ട് നല്കണമെന്നും ആവശ്യപ്പെട്ടു.

ദേവസ്വം വിജിലൻസ് അന്വേഷണ റിപ്പോർട്ട് തനിക്ക് ലഭിച്ചാലുടൻ അത് എസ്ഐടിക്ക് കൈമാറുമെന്നും ഹൈക്കോടതി ഉത്തരവനുസരിച്ച് അന്വേഷണം മുന്നോട്ടു പോകുമെന്നും സംസ്ഥാന പോലീസ് മേധാവി റാവാഡ എ. ചന്ദ്രശേഖർ പറഞ്ഞു.

# രക്ഷാപ്രവർത്തനത്തിനിടെ കിണറിന്റെ കൈവരി ഇടിഞ്ഞുവീണു മൂന്നു പേർക്കു ദാരുണാന്ത്യം

കൊട്ടാരക്കര: നെടുവത്തൂരിൽ കിണറ്റിൽ ചാടിയ യുവതിയെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിനിടെ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥൻ ഉൾപ്പെടെ മൂന്ന് പേർ മരിച്ചു. കൊട്ടാരക്കര ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റ് അംഗമായ ആറ്റിങ്ങൽ സ്വദേശി സോണി എസ്. കുമാർ (36), കിണറ്റിൽ ചാടിയ നെടുവത്തൂർ സ്വദേശിനി അർച്ചന (33), സുഹൃത്ത് ശിവകൃഷ്ണൻ (22) എന്നിവരാണ് മരിച്ചത്. രക്ഷാപ്രവർത്തനത്തിനിടെ 80 അടി താഴ്ചയുള്ള കിണറിന്റെകൈവരി ഇടിഞ്ഞുവീണതാണ് അപകടത്തിന് കാരണമായത്. മരിച്ച അർച്ചന മൂന്ന് കുട്ടികളുടെ അമ്മയാണ്.

ഒക്ടോബർ 13-ന് പുലർച്ചെ 12.15 -ഓടെയാണ് അപകടവിവരം കൊട്ടാരക്കര ഫയർഫോഴ്സിന് ലഭിക്കുന്നത്. ഫയർഫോഴ്സ് സംഘമെത്തുമ്പോൾ അർച്ചനയുടെ രണ്ട് മക്കൾ വഴിയിൽ നിൽപ്പുണ്ടായിരുന്നു. അമ്മ കിണറ്റിൽ കിടക്കുകയാണെന്ന് കുട്ടികളാണ് അറിയിച്ചത്.

തുടർന്ന്, ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റ് അംഗമായ സോണി റോപ്പ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് കിണറ്റിലേക്ക് ഇറങ്ങി. യുവതിയെ മുകളിലേക്ക് കയറ്റാൻ ശ്രമിക്കുന്നതിനിടെ കിണറിന്റെ കൈവരി ഇടിഞ്ഞുവീഴുകയായിരുന്നു. ഈ സമയത്ത് കിണറിന്റെ അരികിൽ നിൽക്കുകയായിരുന്ന അർച്ചനയുടെ സുഹൃത്ത് ശിവകൃഷ്ണനും കിണറ്റിലേക്ക് വീഴുകയായിരുന്നു.

# അഴിമതിയാരോപണം

(3-ാം പേജിൽനിന്നും)

പാട്ടത്തിന് നൽകുകയും ചെയ്തിരുന്നു. ഈ കേസിലാണ് ലാലുവും കുടുംബവും അഴിമതി നടത്തിയതെന്ന് സിബിഐ കുറ്റപത്രത്തിൽ പറയുന്നു.

ടെൻഡർ നടപടികളിൽ കൃത്രിമം കാണിച്ചതായും സുജാത ഹോട്ടലുകളെ സഹായിക്കുന്നതിനായി വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തിയതായും സിബിഐ കുറ്റപത്രത്തിൽ പറയുന്നുണ്ട്. ഐആർസിടിസിയുടെ അന്നത്തെ ഗ്രൂപ്പ് ജനറൽ മാനേജർമാരായ വി.കെ. അസ്താന, ആർ.കെ. ഗോയൽ, സുജാത ഹോട്ടൽസിന്റെ ഡയറക്ടർമാരും ചാണക്യ ഹോട്ടൽ ഉടമകളുമായ വിജയ് കൊച്ചാർ, വിനയ് കൊച്ചാർ എന്നിവരുടെ പേരും കുറ്റപത്രത്തിൽ ഉണ്ട്.

# SEEKING BRIDEGROOM

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and

Visit Our Website:
www.keralaexpress.com for Matrimonial

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

# SEEKING BRIDEGROOM CONTD.....

raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

## ജോൺ ചാക്കോ

**വാലാച്ചിറ:** ഐക്കരപ്പറമ്പിൽ ജോൺ ചാക്കോ (ജോണി -67) അന്തരിച്ചു. ഭാര്യ മുട്ടുചിറ പുത്തൻപുരയ്ക്കൽ സെലിൻ ജോൺ. മക്കൾ: ഷൈൻ ജോൺ (യുഎസ്), പൊന്നമ്പിളി. മരുമക്കൾ: ടിന്റു ഷൈൻ (യുഎസ്), ജോമൽ ജോർജ് (മാലി).

**ചങ്ങനാശേരി:** പാലസ്വാലി (റൂബിനഗർ) കാക്കാംതോട്ടിൽ എസ്.ബി. കോളജ് റിട്ട. പ്രഫ. ജോസഫ് ഏബ്രഹാം (ജോസുകുട്ടി-79) അന്തരിച്ചു

## മോളി ജോസ്



**ഡാളസ്/മുംബൈ:** ജോസ് തോമസിന്റെ പത്നി മോളി ജോസ് (66) മുംബൈയിൽ അന്തരിച്ചു. ഏകമകൾ: സ്റ്റിൻസി ആഗേൽ. ഡാളസിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകൻ റെജി വർഗീസ് (ചാമുണ്ട ഓട്ടോമൊബൈൽസ്, ഡാളസ്, ടെക്സസ്), ജോയ് വർഗീസ് (ചാമുണ്ട ഓട്ടോമൊബൈൽസ് ബോറിവില്ലി, ബോംബെ), സാലി സോമൻ എന്നിവർ സഹോദരങ്ങളാണ്.

**അയർക്കുന്നം:** വെട്ടുവേലിലായ തെക്കേടത്ത് (കൊടിഞ്ഞാമറ്റം) ടി.ടി. ജോസഫ് (കൊച്ചൗത-101) അന്തരിച്ചു.

**വാകത്താനം:** വള്ളിക്കാട്ട് പുന്നൂസ് പുന്നൂസിന്റെ ഭാര്യ സാറാമ്മ പുന്നൂസ് (കുഞ്ഞുമോൾ-70) അന്തരിച്ചു.

## ചിന്നമ്മ ചാക്കോ

**ഇരവിമംഗലം:** കുഴികണ്ടത്തിൽ ചിന്നമ്മ ചാക്കോ (85) അന്തരിച്ചു. കല്ലറ പള്ളിപ്പുറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാക്കോ. മക്കൾ: കെ.സി. ബാബു (മാതാ കേറ്ററിങ്), കെ.സി. പെണ്ണമ്മ, കെ.സി. ആൻസി, കെ.സി. എൽസി, ഷിബു ജെയിംസ്, ഷിജി ജെയിംസ് (എല്ലാവരും യുഎസ്). മരുമക്കൾ: ലൈസാമ്മ ബാബു പുത്തൻപറമ്പിൽ നട്ടാശേരി, കെ.പി. തോമസ് കോട്ടമുറിക്കൽ കുടമാളൂർ, ജോയി വാലേൽ കിടങ്ങൂർ, സാബു പാലക്കാട്ട് പാറമ്പുഴ, പുഷ്പ ഷിബു മുടക്കാലിൽ ഉഴവൂർ, ജിജു ജോസഫ് മുകളേൽ നീണ്ടൂർ (എല്ലാവരും യുഎസ്).

**തെക്കുംഭാഗം:** കുളത്തിങ്കൽ പരേതനായ സെബാസ്റ്റ്യന്റെയും ആലീസിന്റെയും മകൻ അനീഷ് സെബാസ്റ്റ്യൻ (40) അന്തരിച്ചു.

**കുറവിലങ്ങാട്:** നസ്രത്തുഹിൽ വെട്ടുകാട്ടിൽ ആനീസ് ജേക്കബ് (70) അന്തരിച്ചു.

## പ്രഫ. വി.ജെ. ജോസഫ്

**ആലപ്പുഴ:** ചെങ്ങന്നൂർ എസ്.എൻ. കോളജ് റിട്ട.പ്രിൻസിപ്പൽ പഴവീട് വെങ്ങാഴിയിൽ പ്രഫ. വി.ജെ. ജോസഫ് (83) അന്തരിച്ചു. ഭാര്യ കരിങ്ങാച്ചിറ പാലക്കാട്ടിൽ ഇച്ചിക്കോട്ടിൽ പമല ജോസഫ്. മകൻ: റോഷൻ ജോസഫ് (യുഎസ്). മരുമകൾ: സ്മിത റോഷൻ ചിറേമാലിൽ വേലുപ്പറമ്പിൽ (നെടുമ്പ്രം).

**മാലം:** തെക്കേക്കര താഴത്തേടത്ത് പരേതനായ ഉലഹന്നാൻ വർഗീസിന്റെ ഭാര്യ മറിയാമ്മ വർഗീസ് (95) അന്തരിച്ചു.

**കോട്ടയം:** താഴത്തങ്ങാടി ചെങ്ങളവൻ സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ ജെയിംസ് ഫിലിപ്പ് (ജിമ്മി-71) അന്തരിച്ചു.

**കോട്ടയം:** എജ്യൂക്കേഷണൽ ഡിപ്പാർട്ടുമെന്റ് റിട്ട. സീനിയർ സൂപ്രണ്ട് തിരുനക്കര പുതിയതൃക്കോവിൽ സംഗീത സുധയിൽ എസ്. സുബ്രഹ്മണ്യ അയ്യർ (88) അന്തരിച്ചു.

**പുതുപ്പള്ളി:** പ്ലാംപറമ്പിൽ കെ.എം. ഫിലിപ്പിന്റെ ഭാര്യ സാറാമ്മ ഫിലിപ്പ് (കുഞ്ഞൂഞ്ഞമ്മ -63) അന്തരിച്ചു.

**ഇല്ലിവളവ്:** പറപ്പള്ളിൽ പത്താഴക്കുഴിയിൽ പരേതനായ ചാക്കോ ചാക്കോയുടെ ഭാര്യ ശോശാമ്മ ചാക്കോ (100) അന്തരിച്ചു.

## ആലീസ് മാത്യു

**തീക്കോയി:** പുതനപ്രക്കുന്നേൽ ആലീസ് മാത്യു (69) അന്തരിച്ചു. പ്രവിത്താനംകുടമറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പി.എം. മാത്യു. മക്കൾ: ഡെല്ല ജോർജ് (ഓസ്ട്രേലിയ), ടീന മാത്യു (യുഎസ്), ആൽബർട്ട് മാത്യു (ഓസ്ട്രേലിയ). മരുമക്കൾ: ബിജു ജോർജ് വരിക്കക്കുഴിയിൽ പാദുവ (ഓസ്ട്രേലിയ), വിനിൽ വർഗീസ് വലയംപറമ്പിൽ ചങ്ങനാശേരി (യുഎസ്), റിങ്കു സൂസൻ ജോൺ കാക്കനാട്ട് തിടനാട് (ഓസ്ട്രേലിയ).

## കെ.ജെ. ചെറിയാൻ



**കടുത്തുരുത്തി:** വലിയപള്ളി ഇടവകാംഗം കണിയാംപറമ്പിൽ കെ.ജെ. ചെറിയാൻ (85) അന്തരിച്ചു. ഭാര്യ വത്സമ്മ കല്ലിശ്ശേരി കുരിശുമ്മൂട്ടിൽ കുടുംബാംഗം. മക്കൾ: ജിജി കൊച്ചുമാലത്തുശ്ശേരിൽ, ജെസ്സി പുല്ലാനപ്പള്ളി, ജെറി, ജിക്കു. മരുമക്കൾ: ജോർജുകുട്ടി കൊച്ചുമാലത്തുശ്ശേരിൽ, സജി പുല്ലാനപ്പള്ളി, ജയ അറയ്ക്കൽ, വിനീത കണിയാർകുഴിയിൽ.

## കെ.ഡി. ദേവസ്യ

**കോടിക്കുളം:** ലീഗൽ മെട്രോളജി റിട്ട. അസിസ്റ്റന്റ് കൺട്രോളർ കളപ്പുരയ്ക്കൽ കെ.ഡി. ദേവസ്യ (78) അന്തരിച്ചു. ഭാര്യ കോടിക്കുളം ഇടശ്ശേരിൽ (തോയലിൽ) കുടുംബാംഗമായ മേരി സെബാസ്റ്റ്യൻ. മക്കൾ: ജോബി സെബാസ്റ്റ്യൻ (യുഎസ്), സുമി സന്തോഷ് (സെ. മേരീസ് എൽപിഎസ് കോടിക്കുളം). മരുമക്കൾ: കോടിക്കുളം കാപ്പിൽ ദീപ ജോബി (യുഎസ്), കോടിക്കുളം പൊട്ടനാനിക്കൽ സന്തോഷ് ജോർജ് (മാനേജർ പോപ്പുലർ വെഹിക്കിൾസ് കോട്ടയം).

**തിരുവല്ല:** മലങ്കര ഓർത്തഡോക്സ് സഭ ചെന്നൈ ഭദ്രാസനത്തിലെ വൈദികനും കോയമ്പത്തൂർ കാരുണ്യ ഹോളി ഇന്നസെന്റ് ചാപ്പൽ വികാരിയുമായിരുന്ന ഫാ. തോമസ് ഗീവർഗീസ് (സുബിൻ-47) അന്തരിച്ചു.

## മനോജ് നൈനാൻ



**ഡാളസ്/ഫോർട്ട് വർത്ത്:** തിരുവല്ല പുളിക്കീഴ് മുളനിൽക്കുന്നതിൽ മാത്യു നൈനാന്റെയും പൊന്നമ്മ നൈനാന്റെയും മകൻ മനോജ് നൈനാൻ (47) ടെക്സസിൽ അന്തരിച്ചു. ബെറ്റ്സിയാണ് ഭാര്യ. ലിലി ഏകമകളാണ്. സ്മിത ഏകസഹോദരിയാണ്.

**തെങ്ങണ:** പഴയ ബ്ലോക്ക് പുതുപ്പറമ്പിൽ പരേതനായ തോമസ് ജോസഫിന്റെ ഭാര്യ സിസിലിയാമ്മ തോമസ് (90) അന്തരിച്ചു.

**തെക്കേത്തുകവല:** ചങ്ങനാശേരി നഗരസഭ റിട്ട. സൂപ്രണ്ട് മുട്ടത്തു കൊച്ചിയിൽ (ശ്രീവിലാസം) എം.കെ. സുകുമാരൻ നായർ (85) അന്തരിച്ചു.

**വൈക്കം:** എസ്ജെഎസ്എം സഭാംഗം സിസ്റ്റർ സ്റ്റെല്ലാ ചെത്തിയിൽ (79) അന്തരിച്ചു.


**സൗത്ത് പാമ്പാടി:** പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് മുൻ ഉദ്യോഗസ്ഥൻ മുട്ടേക്കുന്ന് കുറവുപറമ്പിൽ കെ.എ. ജോൺ (74) അന്തരിച്ചു.

**തൊടുപുഴ:** മലങ്കര എസ്റ്റേറ്റ് റിട്ട. സൂപ്പർവൈസർ മ്രാല അരികുപുറത്ത് തോപ്പിൽ പി.ഒ. വർഗീസ് (86) അന്തരിച്ചു.

**തത്തംപള്ളി:** കനറ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ മാലിയിൽ കോശി കെ. രാജപ്പൻ (85) അന്തരിച്ചു.

**തുരുത്തി:** കോട്ടയം ജില്ലാ ഫുട്ബോൾ ടീം മുൻ വൈസ് ക്യാപ്റ്റൻ മരങ്ങാട്ട് സേവ്യർ പീലിപ്പോസ് (അപ്പച്ചൻ-74) അന്തരിച്ചു.

## പ്രൊഫ. ജോസഫ് ഏബ്രഹാം



**ഫ്ളോറിഡ:** ചങ്ങനാശേരി എസ്ബി കോളജ് കൊമേഴ്സ് വിഭാഗത്തിന്റെ മുൻ മേധാവി പ്രൊഫ. ജോസഫ് ഏബ്രഹാം (ജോസ്കുട്ടി) കാക്കാൻതോട്ടിൽ ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ: എൽസമ്മ പ്ലാക്കാട്ട്. മക്കൾ: ഏബ്രഹാം, അനു, ലിസ. മരുമക്കൾ: ജോ കല്ലറയ്ക്കൽ, റ്റാനിയ വള്ളിയിരുപ്പെത്തു. ഗാരി ചരിവുകാലായിൽ.

**കറുകച്ചാൽ:** കൂത്രപ്പള്ളി ചിറത്തലയ്ക്കൽ സി.ജെ. ജോസഫ് (ജോഫി-49) അന്തരിച്ചു.

**തിരുവനന്തപുരം:** കവടിയാർ കെസ്റ്റൺ റോഡ് ചിറത്തിലാട്ടിൽ പി.ഡബ്ല്യുഡി. എൻജിനീയർ മറിയാമ്മ നൈനാൻ (89) അന്തരിച്ചു.

## ലീലാമ്മ ഐസക്

**ചെങ്ങന്നൂർ:** റിട്ട. പ്രധാനാദ്ധ്യാപിക മുണ്ടൻകാവ് മുളങ്കാട്ടിൽ ലീലാമ്മ ഐസക് (84) അന്തരിച്ചു. ഭർത്താവ് പരേതനായ എം.ടി. ഐസക് (പിഡബ്ല്യുഡി റിട്ട. എൻജിനീയർ). മക്കൾ: തോമസ് എം. ഐസക് (യുഎസ്), ഡോ. സൂസൻ ഏബ്രഹാം (റിട്ട. എൻജിനീയർ, കെഎസ്ഇബി), ഡാനിയേൽ എം. ഐസക് (ഖത്തർ), മിനി മറിയം ഐസക് (ക്ലിനിക്കൽ ഡയറക്ടർ). മരുമക്കൾ: തിരുവല്ല കൊച്ചുപുത്തൻപുരയ്ക്കൽ ഷീല തോമസ് (യുഎസ്), ചെങ്ങന്നൂർ നാവുങ്കഴ പ്രഫ. ഡോ. ഏബ്രഹാം ജോർജ് (ഐഐടി ഖരഗ്പൂർ), മല്ലപ്പള്ളി പുളിയാടപറമ്പിൽ ഷീബാ ഡാനിയേൽ (മുൻ അദ്ധ്യാപിക), ചുങ്കത്തറ വെട്ടശേരിൽ റോയ് എസ്റ്റേറ്റിൽ റോയ് ചെറിയാൻ തോമസ്.

**കുമ്മനം:** ആർമി റിട്ട. ഓണററി ക്യാപ്റ്റൻ വഞ്ചിപ്രായിൽ വി.എസ്. മോഹൻ കുമാർ (79) അന്തരിച്ചു.

**പുതുപ്പള്ളി:** കുമരംകോട് പട്ടംപറമ്പിൽ പരേതനായ പി.എസ്. സ്കറിയയുടെ ഭാര്യ പെണ്ണമ്മ സ്കറിയ (89) അന്തരിച്ചു.

**മുളേടം:** ചിറയത്ത് പരേതനായ സി.പി. ഫ്രാൻസിസിന്റെ ഭാര്യ റിട്ട. നേഴ്സിങ് സൂപ്രണ്ട് ഇ.ജെ. എലിസബത്ത് (91) അന്തരിച്ചു.

**കൊച്ചി:** ഹൈക്കോടതി റിട്ട. അസി. രജിസ്ട്രാർ പത്തനംതിട്ട തെങ്ങുംതറയിൽ അന്നമ്മ കുര്യൻ (87) അന്തരിച്ചു.

## ഏബ്രഹാം തോമസ്

**നാട്ടകം:** ആശാ ഭവനിൽ (വെളുത്തേടത്ത്) ഏബ്രഹാം തോമസ് (കുഞ്ഞുമോൻ-79) അന്തരിച്ചു. ഭാര്യ ഹരിപ്പാട് രാമനയ്യത്ത് സാറാമ്മ. മക്കൾ: ആശ ഏബ്രഹാം (യുഎസ്), അജിത് ഏബ്രഹാം (ബെംഗളൂർ). മരുമക്കൾ: പൂവരണി കിഴക്കയിൽ അനു, നെല്ലിക്കാല മെറി വില്ലതെക്കേവീട്ടിൽ ലൈഡ.

**ചങ്ങനാശേരി:** പായിപ്പാട് മുണ്ടുകോട്ട കളത്തിൽപറമ്പ് ജോസുകുട്ടി തോമസ് (66) അന്തരിച്ചു.

**തിരുവനന്തപുരം:** ചലച്ചിത്ര നിർമ്മാതാവും എഴുത്തുകാരനുമായ പി. സ്റ്റാൻലി (81) അന്തരിച്ചു.

**കുറുപ്പന്തറ:** കണ്ണച്ചാംപറമ്പിൽ കെ.കെ. ജോസഫ് (കുഞ്ഞേപ്പ്-78) അന്തരിച്ചു.

## ആൻസമ്മ സെബാസ്റ്റ്യൻ



**ന്യൂയോർക്ക്:** യോങ്കേഴ്സിൽ സ്ഥിരതാമസമാക്കിയ ചമ്പക്കുളം മാളിയേക്കൽ സെബാസ്റ്റ്യന്റെ (ബാബു) ഭാര്യ ആൻസമ്മ സെബാസ്റ്റ്യൻ (60) അന്തരിച്ചു. പരേത കൈനകരി കുറുപ്പശേരി കുടുംബാംഗമാണ്. മക്കൾ: ഫാ. തോമസ് (ടോം) മാളിയേക്കൽ (ചങ്ങനാശേരി അതിരൂപത), ടീനു സെബാസ്റ്റ്യൻ (യുഎസ്), ടിജോ സെബാസ്റ്റ്യൻ (യുഎസ്). മരുമക്കൾ: സെൽബിൻ പുതിയിടം (യുഎസ്), ഷെയിന ടോമി (യുഎസ്). ഫാ. ജോസഫ് കുറുപ്പശേരി സിഎംഐ പരേതയുടെ സഹോദരനാണ്.

**കടുവാക്കുളം:** ഇടുങ്ങാടിയിൽ കിഴക്കേപ്പറമ്പിൽ പരേതനായ തങ്കന്റെ ഭാര്യ ലീലാമ്മ ജോൺ (81) അന്തരിച്ചു.

**നീലിമംഗലം:** ചാരംകുളങ്ങര സി.കെ. ശശി (കുട്ടപ്പൻ -69) അന്തരിച്ചു.

**കണ്ടങ്കേരി:** നന്ദികാട്ട് പാർവതീഭവനത്തിൽ റിട്ട. എക്സൈസ് പ്രിവന്റീവ് ഓഫീസർ പങ്കജാക്ഷക്കുറുപ്പ് (84) അന്തരിച്ചു.

**പുനലൂർ:** മാധ്യമപ്രവർത്തകനും എഴുത്തുകാരനും ട്രേഡ് യൂണിയൻ നേതാവുമായിരുന്ന കാട്ടിൽ കൊട്ടാരത്തിൽ പുനലൂർ ചന്ദ്രൻ (81) അന്തരിച്ചു.

**കുരിശുംമൂട്:** കല്ലുകളം ജോർജ് ജോസഫിന്റെയും മിനിയുടെയും മകൻ ഹാരി കെ. ജോർജ് (39) അന്തരിച്ചു.

## പത്മാക്ഷി സുകുമാരൻ

**കുറുമുള്ളൂർ:** കാരാടിയിൽ പത്മാക്ഷി സുകുമാരൻ (88) അന്തരിച്ചു. മാമ്മൂട് കുറ്റിച്ചേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. സുകുമാരൻ (റിട്ട. എച്ച്.എം) മക്കൾ: കെ.എസ്. വത്സല (റിട്ട. ടീച്ചർ), കെ.എസ്. ബൈജു, കെ.എസ്. സുനിൽ (യുഎസ്). മരുമക്കൾ: രാജേന്ദ്രപ്രസാദ്, ബിന്ദു ബൈജു, കവിത സുനിൽ (യുഎസ്).

## ശോശാമ്മ മാത്യു

**പാമ്പാടി:** പുതുപ്പറമ്പിൽ പരേതനായ പി.ടി. മാത്യുവിന്റെ (റിട്ട. പോലീസ് ഉദ്യോഗസ്ഥൻ) ഭാര്യ ശോശാമ്മ മാത്യു (കുഞ്ഞുഞ്ഞമ്മ-82) അന്തരിച്ചു. സൗത്ത് പാമ്പാടി ചേനപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: തോമസ് മാത്യു (റിട്ട. മാർത്തോമ്മാ സുവിശേഷകൻ), ജേക്കബ് മാത്യു(റിട്ട. എസ്ഐ), ഫിലിപ്പ് മാത്യു (ഐഎസ്ആർഒ ബെംഗ്ളൂരു), സുഭാഷ് മാത്യു (യുഎസ്). മരുമക്കൾ: പുളിക്കൽകവല വരയന്നൂർ റെനി തോമസ്, ചുങ്കപ്പാറ കുന്തറയിൽ ജെസ്സി ജേക്കബ്, ബെംഗ്ലൂരു മണവാളൻ ഹൗസ് ജോയ്സി ഫിലിപ്പ്, റാന്നി കരിങ്കുറ്റിയിൽ പ്രിറ്റി സുഭാഷ് (യുഎസ്).

**ചേർത്തല:** തങ്കി സെ. റീത്താസ് കോൺവന്റ് മുൻ മദർ സുപ്പീരിയർ സിസ്റ്റർ ലീന (88) അന്തരിച്ചു.

**കുന്നന്താനം:** നങ്ങച്ചിവീട്ടിൽ മേരിക്കുട്ടി ജോസഫ് (92) അന്തരിച്ചു.

**പാദുവ:** മഠത്തിൽ പരേതനായ തോമസിന്റെ ഭാര്യ ശോശാമ്മ തോമസ് (87) അന്തരിച്ചു.

**മല്ലപ്പള്ളി:** കുറുപ്പംപടി കളരിക്കൽ കെ.സി. മത്തായി (98) അന്തരിച്ചു.

## കമറുദ്ദീൻ

**ചങ്ങനാശേരി:** നെല്ലിമല പുതുപ്പറമ്പിൽ എൻ.എസ്. കമറുദ്ദീൻ (69) അന്തരിച്ചു. ഭാര്യ ഹബീബ. മക്കൾ: നീതു (യുഎസ്), ഗീതു (ബെംഗ്ളൂരു), റീതു അനൈന (ദുബായ്) മരുമകൻ: ശിറിൻ

**കോട്ടയം:** സിഎസ്എസ്ടി സന്യാസ സഭയുടെ കോട്ടയം മൗണ്ട് കാർമൽ കോൺവന്റ് അംഗവും മൗണ്ട് കാർമൽ സ്കൂൾ അദ്ധ്യാപികയുമായിരുന്ന സിസ്റ്റർഎമറൻസിയ (92) അന്തരിച്ചു.

**തിരുവല്ല:** പരുമല ദേവസ്വം ബോർഡ് കോളജ് റിട്ട. അദ്ധ്യാപിക കിഴക്കുമുറിയിൽ പാട്ടത്തിൽ (ശ്രീരംഗ്) പ്രഫ. എസ് മാലതിയമ്മ (81) അന്തരിച്ചു.

**കോട്ടയം:** ചുങ്കം കുളഞ്ഞിക്കൊമ്പിൽ ഏബ്രഹാം കെ. വർഗീസ് (ജോയി-90) അന്തരിച്ചു.

**മണ്ണയ്ക്കനാട്:** ബെംഗ്ളൂരു സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻ മഠാംഗം സിസ്റ്റർ ക്രിസ്റ്റീന (ത്രേസ്യാമ്മ-82) അന്തരിച്ചു.

**ചെറുവള്ളി:** ഇടയ്ക്കാട്ട് പി.വി. അന്നമ്മ (89) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Houston*

Visit Our Website: www.keralaexpress.com for Classified Advt.

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Dallas*




# വെള്ളിത്തിരയിലെ അതിശയജാലം

ഇന്ത്യൻ ചലച്ചിത്രകലയുടെ പരമോന്നത ബഹുമതിയായ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം മലയാളത്തിന്റെ സ്വന്തം മോഹൻലാലിന്. അഭിനയകലയെ അയത്നസുന്ദരവും അനായാസവുമാക്കിയ കലാകാരനാണ് മോഹൻലാൽ. ഏതു ജീവിത മുഹൂർത്തത്തെയും സൂക്ഷ്മമായി അവതരിപ്പിച്ചു ഫലിപ്പിക്കാനാവും എന്നതാണ് അദ്ദേഹത്തിന്റെ പ്രതിഭ. അതിനാടകീയതയിലേക്കുള്ള അതിർവരമ്പുകളെ അതിലംഘിക്കാതെ വൈകാരിക സന്ദർഭങ്ങളെ ഇത്രയേറെ തൻമയത്വത്തോടെ പ്രതിഫലിപ്പിക്കുന്ന അഭിനേതാക്കൾ ചുരുക്കം. ഒരഭിനയക്കളരിയിലും അദ്ദേഹം പഠിച്ചിട്ടില്ല. മെത്തേഡ് ആക്ടിങ് അദ്ദേഹത്തിനു വഴങ്ങുകയുമില്ല. പെട്ടെന്നുറവപൊട്ടിയൊഴുകുന്ന ഒരു വൈഭവമാണദ്ദേഹത്തിന് അഭിനയം. അത് ഒഴുകിപ്പരന്ന് മഹാനദിയായി പരിണമിക്കുന്ന ഉജ്ജ്വലമായ കാഴ്ച നാം എത്ര തവണ ആഹ്ലാദത്തോടെ, അമ്പരപ്പോടെ കണ്ടുനിന്നു.



അദ്ദേഹം കൈകാര്യംചെയ്ത കഥാപാത്രങ്ങളുടെ വൈവിധ്യവും വൈപുല്യവും അദ്ഭുതാവഹമാണ്. ചിരിപ്പിച്ചും ചിന്തിപ്പിച്ചും കരയിച്ചും കൂടെനടക്കുന്ന എത്രയോ കഥാപാത്രങ്ങൾ. രസികത്വം തുടിക്കുന്ന കലാതിവർത്തിയായി എത്രയെത്ര പാത്രസൃഷ്ടികൾ. ചിത്രം, കിലുക്കം, തേന്മാവിൻ കൊമ്പത്ത്, യോദ്ധ തുടങ്ങി എത്രയോ ഉദാഹരണങ്ങൾ. ഭരതം, താഴ്വാരം, കിരീടം, ഇരുവർ, ഭ്രമരം, താളവട്ടം, തന്മാത്ര. അദ്ദേഹം ഉജ്ജ്വലമാക്കിയ കനത്ത ഭാരംപേറുന്ന മുറുക്കമുള്ള കഥാപാത്രങ്ങൾ.

രാജാവിന്റെ മകൻ, ദേവാസുരം, ആറാംതമ്പുരാൻ തുടങ്ങി വീരനായക പരിവേഷം പേറുന്ന ഒട്ടേറെ തട്ടുപൊളിപ്പൻ വേഷങ്ങളിലൂടെ അദ്ദേഹം നമ്മെ ത്രസിപ്പിച്ചു. ഉയരങ്ങളിൽ, സദയം, അമൃതംഗമയ, തൂവാനത്തുമ്പികൾ, ഉത്സവപ്പിറ്റേന്ന്... ആ ഇരുണ്ടനിഴലുകൾ വീശുന്ന കഥാപാത്രങ്ങൾ നമുക്കെങ്ങനെ മറക്കാൻ പറ്റും. നാടോടിക്കാറ്റ്, മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു, കിളിച്ചുണ്ടൻ മാമ്പഴം, അയാൾ കഥയെഴുതുകയാണ്, മിഥുനം തുടങ്ങിയ ചിത്രങ്ങളിലെ സന്ദർഭങ്ങൾ ഓർത്ത് വീണ്ടുംവീണ്ടും നാം ചിരിച്ചു. ഇരുവനിലെ എംജിആറും വാനപ്രസ്ഥത്തിലെ കുഞ്ഞൂട്ടനും കാലാപാനിയിലെ ഗോവർധനും മണിച്ചിത്രത്താഴിലെ സണ്ണിയും സ്ക്രീനിനുമപ്പുറവും നമ്മെ അനുഗമിച്ചു. തന്മയീഭാവത്തിന്റെ അപാരമായ വേഷപ്പകർച്ചകൾ.

മലയാളികൾ ഹൃദയത്തോടു ചേർത്തുവെച്ച വ്യക്തിത്വമാണ് മോഹൻലാൽ. സ്വന്തം വീട്ടുകാരനെപ്പോലെ കൂട്ടുകാരനെപ്പോലെ, അദ്ദേഹത്തെ കരുതാനാണ് മലയാളിക്കിഷ്ടം. അതുകൊണ്ടാണല്ലോ നാം പ്രായഭേദമെന്യേ അദ്ദേഹത്തെ ലാലേട്ടൻ എന്നുവിളിക്കുന്നത്. അല്പം നാണത്തോടെ, വിനയത്തോടെ ചിരിച്ച് ചെരിഞ്ഞുനടക്കുന്ന ആ ആനച്ചന്തം നമ്മുടെ ഇഷ്ടസങ്കല്പങ്ങളിൽ ഒന്നാണ്. അത് തന്റെ അഭിനയകേളികൊണ്ട് മോഹൻലാൽ നമ്മുടെ ഉള്ളിൽ പകർത്തിവെച്ച ഒന്നാണുതാനും. ഏതുച്ചത്തിലും ഏതു പുരസ്കാരത്തികവിലും തന്റെ മികവിനെ വിനീതമായി പൊതിഞ്ഞുവെക്കാൻ ശ്രമിക്കുന്ന ലാളിത്യത്തിനുടമയാണ് അദ്ദേഹം. അതാണാ വ്യക്തിവൈശിഷ്ട്യം.

പതിനെട്ടാം വയസ്സിൽ തുടങ്ങി പതിറ്റാണ്ടുകൾ പിന്നിടുന്ന അഭിനയപ്രയാണത്തിനിടെ താരമണ്ഡലത്തിൽ വിരാജിക്കുമ്പോഴും അതിന്റെ തിളക്കത്തിൽ അദ്ദേഹം മയങ്ങിപ്പോയിട്ടില്ല.

## ഗോകുലം മൂവിസിന്റെ 'പെറ്റ് ഡിറ്റക്ടീവ്'

ഷറഫുദ്ദീൻ, അനുപമ പരമേശ്വരൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പ്രനീഷ് വിജയൻ സംവിധാനം ചെയ്യുന്ന പക്കാ ഫൺ ഫാമിലി കോമഡി എന്റർടെയ്നർ ചിത്രമായ പെറ്റ് ഡിറ്റക്ടീവ് 16-ന് ഡ്രീം ബിഗ് ഫിലിംസ് പ്രദർശനത്തിനെത്തിക്കുന്നു.

ഗോകുലം ഗോപാലൻ സാരഥിയായ ശ്രീ ഗോകുലം മുവീസിന്റെ പങ്കാളിത്തത്തോടെ ഷറഫുദ്ദീൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ നടൻ ഷറഫുദ്ദീൻ നിർമ്മിക്കുന്ന പെറ്റ് ഡിറ്റക്ടീവ് എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ആനന്ദ്




സി. ചന്ദ്രൻ നിർവഹിക്കുന്നു. സംവിധായകൻ പ്രനീഷ് വിജയൻ, ജയ് വിഷ്ണു എന്നിവർ ചേർന്ന് തിരക്കഥ, സംഭാഷണമെഴുതുന്നു. അദ്രി ജോ, ശബരീഷ് വർമ എന്നിവരുടെ വരികൾക്ക് രാജേഷ് മുരുകേശൻ സംഗീതം പകരുന്നു.

എഡിറ്റർ-അഭിനവ് സുന്ദർ നായ്ക്ക്, കോ-പ്രൊഡ്യൂസേഴ്സ്-ബൈജു ഗോപാലൻ, വി.സി. പ്രവീൺ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-കൃഷ്ണ മൂർത്തി, പ്രൊഡക്ഷൻ ഡിസൈനർ-ദീനോ ശങ്കർ.

ഓഡിയോഗ്രാഫി-വിഷ്ണു ഗോവിന്ദ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജയ് വിഷ്ണു, കോസ്റ്റ്യൂം ഡിസൈനർ-ഗായത്രി കിഷോർ, മേക്കപ്പ്-റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രാജേഷ് അടൂർ, പ്രൊഡക്ഷൻ കൺട്രോളർ-പ്രണവ് മോഹൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹെഡ്-വിജയ് സുരേഷ്, ലൈൻ പ്രൊഡ്യൂസർ-ജിജോ കെ. ജോയ്, സംഘട്ടനം-മഹേഷ് മാത്യു, വിഎഫ്എക്സ്-3 ഡോർസ്, കളറിസ്റ്റ്-ശ്രീക് വാര്യർ, ഡിഐ-കളർ പ്ലാനറ്റ്, ഫിനാൻസ് കൺട്രോളർ-ബിബിൻ സേവ്യർ, സ്റ്റിൽസ്-റിഷാജ് മൊഹമ്മദ്, അജിത് മേനോൻ, പ്രോമോ സ്റ്റിൽസ്-രോഹിത് കെ. സുരേഷ്, പബ്ലിസിറ്റി ഡിസൈൻ-എയിസ്തെറ്റിക് കുഞ്ഞമ്മ, ടൈറ്റിൽ ഡിസൈൻ-ട്യൂണി ജോൺ.

## 'ശുക്രൻ' ചിത്രീകരണം പൂർത്തിയായി

റൊമാന്റിക് കോമഡി ജോണറിൽ ഉബൈനി സംവിധാനം ചെയ്യുന്ന ശുക്രൻ എന്ന സിനിമയുടെ ചിത്രീകരണം പൂർത്തിയായി.




കോട്ടയം, കൊച്ചി, കൊല്ലങ്കോട് എന്നിവിടങ്ങളിലായിരുന്നു ഷൂട്ടിംഗ്. ജീ സിനിമാസ്, എസ്.കെ.ജി. ഫിലിംസ്, നീൽ സിനിമാസ് എന്നീ ബാനറുകളിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ നിർമാതാക്കൾ ജീമോൻ ജോർജ്, ഷാജി കെ. ജോർജ്, നീൽ സിനിമാസ് എന്നിവരാണ്. ഷിജു ടോം, ഗിരീഷ് പാലമൂട്ടിൽ, ദിലീപ് റഹ്മാൻ, സഞ്ജു നെടുംകുന്നേൽ എന്നിവരാണ് കോ-പ്രൊഡ്യൂസർമാർ. കളിക്കൂട്ടുകാരായ രണ്ടു പേർ ഒരേ ലക്ഷ്യം നിറവേറ്റാൻ നടത്തുന്ന ശ്രമങ്ങളാണ് തികച്ചും ഹാസ്യത്തിന്റെ മേമ്പൊടിയോടെ അവതരിപ്പിക്കുന്നത്.

ബിബിൻ ജോർജ്, ചന്തുനാഥ്, ഷൈൻ ടോം ചാക്കോ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ആദ്യാ പ്രസാദാണ് നായിക. കോട്ടയം നസീർ, ടിനി ടോം, അശോകൻ, അസീസ് നെടുമങ്ങാട്, ഡ്രാക്കുള സുധീർ, ബാലാജി ശർമ, ബിനു തൃക്കാക്കര, മാലാ പാർവതി, റിയാസ് നർമകല, തുഷാര പിള്ള, ദിവ്യാ എം. നായർ, ജയക്കുറുപ്പ്, ജീമോൻ ജോർജ്, രശ്മി അനിൽ എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. രാഹുൽ കല്യാണിന്റേതാണ് തിരക്കഥ.

വയലാർ ശരത്ചന്ദ്ര വർമ, രാജീവ് ആലുങ്കൽ എന്നിവരുടെ വരികൾക്ക് സ്റ്റിൽജു അർജുൻ ഈണമൊരുക്കുന്നു. സിബി മാത്യു അലക്സിന്റേതാണ് പശ്ചാത്തല സംഗീതം.

മെൽബിൻ കുരിശിങ്കൽ-ഛായാഗ്രഹണം, സുനീഷ് സെബാസ്റ്റ്യൻ-എഡിറ്റിംഗ്, അസീസ് കരുവാരക്കുണ്ട്-കലാസംവിധാനം, സിജേഷ് കൊണ്ടോട്ടി-മേക്കപ്പ്, ബ്യൂസി ബേബി ജോൺ-കോസ്റ്റ്യൂം ഡിസൈൻ, കലൈ കിംഗ്സ്റ്റൺ, മാഫിയാ ശശി-ആക്ഷൻ, ഭൂപതി-കൊറിയോഗ്രാഫി എന്നിവരും ചിത്രത്തിന്റെ അണിയറയിലുണ്ട്.




# ബിജു മേനോന്റെ കാക്കി വേഷങ്ങൾ



കുട്ടിക്കാലത്ത് കള്ളനും പോലീസും കളിക്കുമ്പോൾ കള്ളനാകാനായിരുന്നു ബിജു മേനോന് ഇഷ്ടം. കള്ളന്മാരോടുള്ള ആരാധന കൊണ്ടല്ല, പോലീസ് ആകാനുള്ള മടി കൊണ്ടായിരുന്നു അത്. ജീവിതത്തിൽ മറ്റൊരു ജോലിയും കിട്ടിയില്ലെങ്കിലും പോലീസ് ആകില്ലെന്ന തീരുമാനവും ബാല്യത്തിലേ ഉറപ്പിച്ചിരുന്നു. ഒടുവിൽ അപ്രതീക്ഷിതമായി സിനിമയെന്ന ഭാഗ്യം തേടിയെത്തി. പക്ഷേ, രണ്ടാമത്തെ ചിത്രത്തിൽ തന്നെ ബിജുവിന് കാക്കിത്തൊപ്പി അണിയേണ്ടി വന്നു. ജയരാജന്റെ 'ഹൈവേ'യിലെ സബ് ഇൻസ്പെക്ടർ പവിത്രൻ. ജോഷിയുടെ 'പത്രം' പുറത്തിറങ്ങിയതോടെ ഡിപ്പാർട്ട്മെന്റിൽ 'ഫെറോഷ്യസ്' എന്ന് അറിയപ്പെടുന്ന 'ഫിറോസ് മുഹമ്മദും' ഹിറ്റായി. അതോടെ, കാക്കിയിട്ടാൽ ലക്ഷണമൊത്ത പോലീസുകാരനാകാൻ കഴിയുന്ന അപൂർവം നടന്മാരിൽ ഒരാളായി ബിജു മേനോൻ. ദേശീയ പുരസ്കാരം നേടിയ അയ്യപ്പൻ നായർ ഉൾപ്പെടെ ഒട്ടേറെ ശ്രദ്ധേയമായ പോലീസ് വേഷങ്ങൾ. ജിത്തു ജോസഫിന്റെ സംവിധാനത്തിൽ പുറത്തിറങ്ങാനിരിക്കുന്ന 'വലതുവശത്തെ കള്ള'നിലെ ഇൻസ്പെക്ടർ വേഷമാണ് ഏറ്റവും പുതിയത്. എന്നാൽ ജീവിതത്തിലെപ്പോലെ തന്നെ സിനിമയിലും കാക്കി അണിയാൻ ബിജുവിന് താൽപര്യം കുറവാണ്. കഥ അത്രമേൽ പുതുമയുള്ളതല്ലെങ്കിൽ എങ്ങനെയെങ്കിലും ഒഴിവാക്കും.

എന്റെ അച്ഛൻ ഒരു പോലീസുകാരനായിരുന്നു. തൃശൂരിലെ പോലീസ് ക്യാംപിനോടു ചേർന്നായിരുന്നു എന്റെ ബാല്യം. ഇടപെടുന്നതെല്ലാം പോലീസുകാരോടോ അവരുടെ കുടുംബാംഗങ്ങളോടോ ആയിരുന്നു. പോലീസുകാർക്ക് കുറഞ്ഞ തുകയ്ക്ക് കാക്കിത്തുണി കിട്ടുമായിരുന്നു. അടുക്കളയിൽ പാത്രം പിടിക്കുന്നതു മുതൽ ജനാലയുടെ കർട്ടൻ തുന്നുന്നതുവരെ അതുകൊണ്ടായിരുന്നു. സത്യത്തിൽ പുറംലോകത്ത് എന്താണ് നടക്കുന്നതെന്നുപോലും ഞങ്ങൾ വളരെ വൈകിയാണ് അറിഞ്ഞിരുന്നത്. പൂരമോ പുലിക്കളിയോ നടക്കുമ്പോൾ, രണ്ടു ബസുകൾ പോലീസ് ക്യാംപിലേക്കു വരും. പോലീസുകാരും കുടുംബാംഗങ്ങളും അതിൽ കയറി നഗരം കാണാൻ പോകും. ജീവിതത്തിലെ ഒരേയൊരു വിനോദവും ആഘോഷവും അതായിരുന്നു. പിന്നെ, ഒരു പോലീസുകാരന്റെ കഷ്ടപ്പാടും സങ്കടവും എന്താണെന്ന് അയാൾക്കും വീട്ടിലുള്ളവർക്കുമേ അറിയൂ.

എത്ര നന്നായി ജോലി ചെയ്താലും പഴി കേൾക്കേണ്ടിവരുന്ന വിഭാഗമാണ് അന്നും ഇന്നും പോലീസ്. ജനങ്ങൾക്കും അവരോട് വലിയ ഇഷ്ടമോ അടുപ്പമോ ഉണ്ടാവാറില്ല. അതുകൊണ്ടുതന്നെ, കാക്കി യൂണിഫോമിനോട് ഒരിക്കലും ആരാധന തോന്നിയിട്ടില്ല.

എന്നെ തേടി വരുന്നത് അധികവും ഉയർന്ന തസ്തികയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ വേഷമാണ്. ശരീരപ്രകൃതം, ആവാം അതിനൊരു കാരണം. അത്തരം വേഷങ്ങൾക്ക് കിട്ടിയിരുന്ന കയ്യടികൾ ആദ്യകാലത്ത് ആസ്വദിച്ചിരുന്നു. തുടരെ അത്തരം വേഷങ്ങൾ വന്നപ്പോൾ മടുപ്പ് തോന്നിത്തുടങ്ങി. എങ്കിലും ചില വേഷങ്ങൾ നമുക്ക് വിടാൻ തോന്നില്ല. അയ്യപ്പനും കോശിയും തലവനുമൊക്കെ അങ്ങനെ സംഭവിച്ചതാണ്. ഇപ്പോൾ ഷൂട്ടിംഗ് കഴിഞ്ഞ 'വലതു വശത്തെ കള്ളനും' അങ്ങനെ ഇഷ്ടപ്പെട്ട് ഏറ്റെടുത്തതാണ്.

നേരിട്ടറിയാവുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കാനാണ് എനിക്കിഷ്ടം. ഒരു അധോലോക നായകനെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. അത്തരമൊരു വേഷം വന്നാൽ സങ്കൽപിച്ച് ഉണ്ടാക്കേണ്ടി വരും. അല്ലെങ്കിൽ ഏതെങ്കിലും സിനിമയിലെ കഥാപാത്രത്തെ മുൻനിർത്തി രേഖപ്പെടുത്തേണ്ടി വരും. അത് എത്രത്തോളം നന്നാകും എന്ന് അറിയില്ല. എന്നാൽ ചെറിയ ബിസിനസുകാർ, സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, ഡ്രൈവർമാർ, ചായക്കടയും മെഡിക്കൽ ഷോപ്പും ഒക്കെ നടത്തുന്നവർ തുടങ്ങിയവരുടെ ജീവിതം



എളുപ്പം മനസ്സിലാകും. കാരണം, നമ്മുടെ സൗഹൃദ വലയത്തിലുള്ളവരാണ് അവരൊക്കെ. അതു വലിയ തരക്കേടില്ലാതെ പകർത്താനും കഴിയും. അതുകൊണ്ടുതന്നെ അത്തരം വേഷങ്ങളാണ് എനിക്കിഷ്ടം.

ജിത്തു ജോസഫിന്റെ 'സേഫ് സോണാ'യ ത്രില്ലർ സ്വഭാവമുള്ള ചിത്രമാണ് 'വലതുവശത്തെ കള്ളൻ'. അദ്ദേഹത്തിന്റെ എഴുത്തിലാണ് കഥാപാത്രത്തിന്റെ വ്യത്യസ്തത. പത്രത്തിലെ 'ഫിറോസ് മുഹമ്മദിനെ പോലെയോ' 'അനുരാഗ കരിക്കിൻ വെള്ള'ത്തിലെ രഘുവിനെ പോലെയോ അല്ല ഈ ചിത്രത്തിലെ സ്റ്റേഷൻ ചാർജുള്ള ഇൻസ്പെക്ടർ. 'അയ്യപ്പനും കോശിയും' എന്ന ചിത്രത്തിലെപ്പോലെ തന്നെ രണ്ട് പ്രധാന കഥാപാത്രങ്ങളുണ്ട് ഇതിലും. ഞാനും ജോജു ജോർജുമാണ് ഈ വേഷങ്ങൾ ചെയ്യുന്നത്. എന്നാൽ, ഞങ്ങൾ തമ്മിൽ നേർക്കുനേർ നിന്നുള്ള വെല്ലുവിളികളോ ഏറ്റുമുട്ടലുകളോ ഒന്നുമില്ല. എങ്കിലും പ്രേക്ഷകർക്കു താൽപര്യം തോന്നുന്നതും ഇതുവരെ ചെയ്യാത്തതുമായ മറ്റുചില കാര്യങ്ങളുണ്ട്.

ഇതുകൂടാതെ, അമൽ തമ്പി എന്ന പുതുമുഖ സംവിധായകന്റെ 'അവറാച്ചൻ ആൻഡ് സൺസ്' എന്നൊരു ചിത്രം 90 ശതമാനം പൂർത്തിയായിട്ടുണ്ട്. ക്ലൈമാക്സ് കൂടി മാത്രമേ ചിത്രീകരിക്കാനുള്ളൂ. ഒരു നല്ല കുടുംബചിത്രമായിരിക്കും എന്നാണ് പ്രതീക്ഷ. കൊച്ചിയിലെ ചെല്ലാനവും കോഴിക്കോട്ടെ ആനക്കാംപൊയിലുമാണ് കഥാപരിസരം. അതേ ലൊക്കേഷനുകളിൽതന്നെ പോയി വളരെ സത്യസന്ധമായ രീതിയിലാണ് അമൽ തമ്പി ഇത് ചിത്രീകരിച്ചിരിക്കുന്നത്. ചിത്രത്തിന്റെ നിർമാതാവ് ലിസ്റ്റിൻ സ്റ്റീഫൻ ആണ്. അമലിന്റെ കഥ കേട്ടിട്ട് ലിസ്റ്റിനാണ് എന്നെ വിളിച്ചത്. കഥ കേട്ടപ്പോൾ, നന്നാകുമെന്ന് എനിക്കും തോന്നി. സിനിമയിൽ പുതുമുഖമാണെങ്കിലും മിനി സ്ക്രീനിൽ വളരെ രസകരമായ സംഭവങ്ങൾ ഒരുക്കിയിട്ടുള്ളയാളാണ് അമൽ തമ്പി.

'മദ്രാസി' എന്ന തമിഴ് ചിത്രത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ, മലയാളത്തെ സംബന്ധിച്ച് വലിയ ഇൻഡസ്ട്രിയാണ് തമിഴ്. ഇവിടെ 100 മുതൽ 120 വരെ അംഗങ്ങളാണ് ഒരു യൂണിറ്റിൽ ഉണ്ടാവുക. അവിടെ അത് 400 മുതൽ 450 വരെയാകും. പത്തും പതിനഞ്ചും കാരവനുകളാണ് ലൊക്കേഷനുകളിൽ നിരന്നു കിടക്കുന്നത്. നൂറു കണക്കിന് വണ്ടികൾ വേറെ. എല്ലാം വലിയ വലിയ ലൊക്കേഷനുകൾ. ആകെ മൊത്തം വലിയ സെറ്റപ്പാണ്. നമുക്കതൊന്നും ചിന്തിക്കാനേ കഴിയില്ല. കഴിഞ്ഞ ഒരു വർഷം മുഴുവൻ ഞാൻ ഈ ചിത്രത്തിന്റെ പിന്നാലെയായിരുന്നു. പല ഷെഡ്യൂളുകളായിട്ടായിരുന്നു ചിത്രീകരണം. അവിടെ അതാണ് രീതി. വേറെ പടങ്ങൾ ചെയ്യാനുള്ളതുകൊണ്ട് നമുക്കത് ബുദ്ധിമുട്ടാകും. മലയാള നടൻ എന്ന നിലയിൽ വലിയ ബഹുമാനമാണ് അവർ തന്നത്. അത് ഇവിടത്തെ ഇൻഡസ്ട്രിയോടുള്ള ബഹുമാനമാണ്. പത്തുപന്ത്രണ്ട് വർഷം മുൻപാണ് ഞാൻ ഇതിനു മുൻപ് തമിഴിൽ അഭിനയിച്ചത്. ആ സമയത്തൊക്കെ വിളിച്ചിരുന്നത് പ്രധാനമായും വില്ലൻ വേഷങ്ങൾക്കാണ്. അത്തരം കഥാപാത്രങ്ങൾ ചെയ്തു മടുത്തതുകൊണ്ടാണ് പിന്നീട് ആ വഴിക്ക് പോകാതിരുന്നത്.

## 'കാട്ടാളൻ' ചിത്രീകരണം തുടങ്ങി

മാർക്കോ എന്ന ബ്രഹ്മാണ്ഡ ചിത്രത്തിന്റെ വൻവിജയത്തിനുശേഷം ക്യൂബ്സ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമിച്ച് പോൾ ജോർജ് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന കാട്ടാളൻ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് തായ്‌ലൻഡിൽ തുടങ്ങി. മൂന്നാഴ്ചയോളം നീണ്ടു നിൽക്കുന്നതാണ് തായ്‌ലൻഡിലെ ചിത്രീകരണം. തുടർന്ന് ഇടുക്കിയിലാണ് ലൊക്കേഷൻ.

കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ആന്റണി പെപ്പെ, ജഗദീഷ്, കബീർ ദുഹാൻ സിംഗ് എന്നിവർ ഉൾപ്പെടെ ഈ സിനിമയിലെ പ്രധാന താരങ്ങളെല്ലാം തായ്‌ലൻഡിലെ ഷെഡ്യൂളിൽ പങ്കെടുക്കുന്നുണ്ട്. പ്രധാനമായും ആക്ഷൻ രംഗങ്ങളാണ് ഇവിടെ ചിത്രീകരിക്കുന്നത്. പ്രശസ്തനായ കെച്ച കെംബഡിക്കയാണ് ഈ ചിത്രത്തിന്റെ ആക്ഷൻ രംഗങ്ങൾ ഒരുക്കുന്നത്. ഫുൾ ആക്ഷൻ പാക്ക്ഡ് സിനിമയെന്നുതന്നെ ഈ പാൻ ഇന്ത്യൻ ചിത്രത്തെ വിശേഷിപ്പിക്കാമെന്ന് അണിയറ പ്രവർത്തകർ പറയുന്നു.

സിദ്ദിഖ്, ആൻസൺ പോൾ തുടങ്ങിയവർ അടക്കം ദക്ഷിണേന്ത്യൻ ഭാഷകളിലെയും ബോളിവുഡിലെയും പ്രമുഖ താരങ്ങൾ ചിത്രത്തിൽ അണിനിരക്കുന്നു. കന്നഡയിലെ ഹിറ്റ്മേക്കർ അജനീഷ് ലോകനാഥനാണ് സംഗീതമൊരുക്കുന്നത്. മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി എന്നിങ്ങനെ അഞ്ചു ഭാഷകളിലാണ് ഈ ചിത്രം പ്രദർശനത്തിനെത്തുക. ഉണ്ണി ആർ. സംഭാഷണമെഴുതുന്നു. രണദേവ്-ഛായാഗ്രഹണം, ഷമീർ മുഹമ്മദ്-എഡിറ്റിംഗ്, സുനിൽ ദാസ്-കലാസംവിധാനം, റോണക്സ് സേവ്യർ-മേക്കപ്പ്, ധന്യാ ബാലകൃഷ്ണൻ-കോസ്റ്റ്യൂം ഡിസൈൻ എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ.

# സൈബർ സുരക്ഷയ്ക്ക് ഒറ്റക്കെട്ടായി അണിനിരക്കണം: കേന്ദ്ര ആഭ്യന്തര സെക്രട്ടറി




കൊച്ചി: മറഞ്ഞിരിക്കുന്ന സൈബർ തട്ടിപ്പുകാരെ കണ്ടെത്തുകയെന്നതു വെല്ലുവിളി നിറഞ്ഞതാണെന്നും ദേശീയ സൈബർ സുരക്ഷയ്ക്ക് ഇന്ത്യ ഒറ്റക്കെട്ടായി അണിനിരക്കണമെന്നും കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ. എത്ര പ്രതിരോധം തീർക്കുന്നുവോ അത്രത്തോളം സൈബർ ആക്രമണങ്ങൾ പെരുകുകയാണ്. ഈ സാഹചര്യത്തിൽ ഡിജിറ്റൽ സുരക്ഷയ്ക്ക് തദ്ദേശീയ സാങ്കേതികവിദ്യകൾ കൂടുതലായി വളർന്നുവരണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി ഗ്രാൻഡ് ഹയാത്തിൽ കേരള പോലീസ് സംഘടിപ്പിച്ച സൈബർ സുരക്ഷാ കോൺഫറൻസ് 'കൊക്കൂൺ-2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഡാർക്ക് വെബ്, വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (വിപിഎൻ) തുടങ്ങിയ രഹസ്യാത്മക വഴികളാണ് സൈബർ തട്ടിപ്പുകാർ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ തട്ടിപ്പുകാരെ വേഗത്തിൽ പിടികൂടുന്നതിന് പ്രയാസം നേരിടുന്നു.

ഡിജിറ്റൽ അറസ്റ്റ് ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾക്കൊപ്പം സൈബർ ഡിപ്പെൻഡിംഗ് കുറ്റകൃത്യങ്ങളും കൂടിവരികയാണ്. അന്വേഷണ സംവിധാനങ്ങൾക്കൊപ്പം പൊതുജനങ്ങളും സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജാഗരൂകരാകണം.

മെട്രോ, വിമാനത്താവളം, ട്രെയിൻ സർവീസ് ഉൾപ്പെടെ എല്ലാ മേഖലകളെയും സൈബർ കുറ്റവാളികൾ ഉന്നം വെക്കുന്നുണ്ട്. ഡിജിറ്റൽരംഗത്തു വെല്ലുവിളികൾ കൂടിയതോടെ കുറ്റകൃത്യങ്ങൾ വേഗത്തിൽ അറിയിക്കാനും നടപടിയെടുക്കാനും സംവിധാനമൊരുക്കിയിട്ടുണ്ട്.

ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (ഐ 4 സി) എന്ന കേന്ദ്രീകൃത സംവിധാനത്തിലൂടെ പരാതികളിൽ നടപടികൾ വേഗത്തിലാക്കാൻ സാധിച്ചതായും ഗോവിന്ദ് മോഹൻ പറഞ്ഞു.

ഡിജിപി റവാഡ ചന്ദ്രശേഖർ മുഖ്യപ്രഭാഷണം നടത്തി. ഹൈബി ഈഡൻ എംപി അധ്യക്ഷത വഹിച്ചു.

# ലോക സർവമത സമ്മേളനം ഓസ്ട്രേലിയയിൽ

തിരുവനന്തപുരം: ആലുവയിൽ ശ്രീനാരായണഗുരു സംഘടിപ്പിച്ച സർവമത സമ്മേളനത്തിന്റെ ശതാബ്ദിയുടെ ഭാഗമായി ശിവഗിരി മഠം ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റിൽ 14-ന് ലോക സർവമത സമ്മേളനം നടത്തുന്നു. നേരത്തെ വത്തിക്കാനിലും ലണ്ടനിലും ബഹ്റിനിലും ഡൽഹിയിലും ലോകമത സമ്മേളനങ്ങൾ നടന്നിരുന്നു.

വിക്ടോറിയ ഗവ. പ്രീമിയർ ജസീന്ത അലൻ അടക്കം മന്ത്രിമാരും പ്രധാന നേതാക്കളും സമ്മേളനത്തിന്റെ ഭാഗമാകുമെന്ന് ശിവഗിരി മഠം പ്രസിഡണ്ട് സ്വാമി സച്ചിതാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ എന്നിവർ അറിയിച്ചു. ഗുരുവിന്റെ മതദർശനം എന്ന വിഷയത്തിൽ ഡോ. ശശി തരൂർ പ്രഭാഷണം നടത്തും. എൺപതോളം മതപണ്ഡിതർ മതദർശനങ്ങൾ അവതരിപ്പിക്കും. ശിവഗിരി മഠത്തിൽ നിന്ന് ധർമ്മസംഘം ഭാരവാഹികളെ കൂടാതെ സ്വാമി ഋതംഭരാനന്ദ, സ്വാമി വിശാലാനന്ദ, സ്വാമി ധർമചൈതന്യ, സ്വാമി വിരേശ്വരാനന്ദ തുടങ്ങിയവരും പങ്കെടുക്കും.

സ്വാമി സച്ചിദാനന്ദ എഴുതിയ 'ശ്രീനാരായണ ഗുരൂസ് വിഷൻ ഓഫ് യൂണിവേഴ്സൽ ബ്രദർഹുഡ്, 'ശ്രീനാരായണഗുരു-ദ്പ്രോഫൈറ്റ് ഓഫ് ദ് പീസ്' എന്നീ ഗ്രന്ഥങ്ങൾ സമ്മേളനത്തിൽ പ്രകാശനം ചെയ്യും.

# 42,000 കോടിയുടെ 1100 കാർഷികപദ്ധതികൾക്ക് തുടക്കം കുറിച്ചു

ന്യൂഡൽഹി: കൃഷി, മൃഗസംരക്ഷണം, മീൻപിടിത്തം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ 42,000 കോടി രൂപയുടെ 1100 പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയിലെ നൂറ് കാർഷിക പിന്നാക്ക ജില്ലകളെ കണ്ടെത്തി അവിടങ്ങളിൽ കൃഷി മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജനയും പയറുല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിടുന്ന പൾസ് ആത്മനിർഭരത മിഷൻ പദ്ധതിയും ഇതിൽ ഉൾപ്പെടും. ധൻ ധാന്യ യോജനയ്ക്കായി 24,000 കോടിയും പൾസ് ആത്മനിർഭരത മിഷന് 11,440 കോടിയും നീക്കിവെച്ചിട്ടുണ്ട്. കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 18 കർഷകരുമായി പ്രധാനമന്ത്രി സംവദിച്ചു. മൂന്നു പതിറ്റാണ്ടായി ഉൾനാടൻ മത്സ്യകൃഷിരംഗത്തു വിജയകരമായ പരീക്ഷണങ്ങൾ നടത്തിയ കണ്ണൂർ പയ്യന്നൂർ സ്വദേശി ടി. പുരുഷോത്തമനും സംവാദത്തിൽ പങ്കെടുത്തു. 11 മന്ത്രാലയങ്ങൾക്കു കീഴിലെ 36 ഉപപദ്ധതികൾ കൂടി ഉൾപ്പെടുന്നതാണ് ധൻ ധാന്യ കൃഷിയോജന.

കൃഷിയിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ വിളയുല്പാദനം മെച്ചപ്പെടുത്താനുള്ള പിഎം ധൻ ധാന്യ യോജനയിൽ കേരളത്തിലെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുമുണ്ട്. ഇവിടേക്ക് നോഡൽ ഓഫീസർമാരായി ഐഎഎസ് ഉദ്യോഗസ്ഥരായ സൗരഭ് ജെയിൻ (കോഴിക്കോട്), അജിത് കുമാർ (കണ്ണൂർ), ഹരികിഷോർ (കാസർഗോഡ്) എന്നിവരെ നിയോഗിച്ചു.

# രസതന്ത്ര നൊബേൽ സമ്മാനം മൂന്നു ശാസ്ത്രജ്ഞർ പങ്കിട്ടു

സ്റ്റോക്ക്ഹോം: രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം ലോഹ-ഓർഗാനിക് ചട്ടക്കൂടുകളെക്കുറിച്ചുള്ള പഠനത്തിന്. ക്യോട്ടോ സർവകലാശാലയിലെ സുസുമു കിറ്റഗാവ, മെൽബോൺ സർവകലാശാലയിലെ റിച്ചാർഡ് റോബ്സൺ, കാലിഫോർണിയ സർവകലാശാലയിലെ ഒമർ എം. യാഗി എന്നീ ശാസ്ത്രജ്ഞർ പുരസ്കാരം പങ്കിട്ടു. തന്മാത്രകളുടെ സമൂഹത്തെ എങ്ങനെ ലോഹ-ഓർഗാനിക് ഘടനകളായി മാറ്റാമെന്നാണ് ഇവർ കണ്ടെത്തിയത്. 'മോളിക്യുലാർ ആർക്കിടെക്ചർ' എന്നാണ് നൊബേൽ കമ്മിറ്റി ഈ ഘടനയെ വിശേഷിപ്പിച്ചത്. ഭൂമി നേരിടുന്ന ഏറ്റവും വലിയ ചില പ്രശ്നങ്ങൾക്ക് ഈ കണ്ടുപിടിത്തം പരിഹാരമാകുമെന്നാണു വിലയിരുത്തൽ. കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ കാർബൺ ഡൈ ഓക്സൈഡ് നിയന്ത്രിക്കൽ, രാസപ്രവർത്തനത്തിലൂടെ പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കൽ തുടങ്ങിയവയ്ക്ക് പഠനം സഹായകമാകും.

സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ നടന്ന വാർത്താസമ്മേളനത്തിൽ റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസാണ് പുരസ്കാരം പ്രഖ്യാപിച്ചത്. സമ്മാനത്തുകയായ 11 ദശലക്ഷം സ്വീഡിഷ് ക്രോണർ മൂന്നു ശാസ്ത്രജ്ഞരും പങ്കിടും. തന്മാത്രകൾക്കിടയിലെ വലിയ ഇടങ്ങളെ എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കാമെന്നാണ് ശാസ്ത്രജ്ഞന്മാർ പ്രധാനമായും നിരീക്ഷിച്ചത്. ഈ ഇടങ്ങളിലൂടെ വാതകങ്ങൾക്കും മറ്റു രാസവസ്തുക്കൾക്കും ഒഴുകാൻ കഴിയുമെന്ന് ഇവർ കണ്ടെത്തി.

അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് ഉൾപ്പെടെ മനുഷ്യർ ഒഴിവാക്കാനാഗ്രഹിക്കുന്ന ചില രാസവസ്തുക്കൾ പിടിച്ചെടുക്കാനും സംഭരിക്കാനുമായി ഈ 'മുറികൾ' ഉപയോഗിക്കാം. പി.എഫ്.എ.എസ്. എന്നറിയപ്പെടുന്ന ഫോർ എവർ കെമിക്കലുകൾ സൂക്ഷിക്കാനും ഈ ഇടങ്ങളെ പ്രയോജനപ്പെടുത്താം.

### ലാസ്ലോ ക്രസ്നഹോർകൈയ്ക്ക് സാഹിത്യ നൊബേൽ

സ്റ്റോക്ക്ഹോം: സാഹിത്യത്തിനുള്ള 2025-ലെ നൊബേൽ പുരസ്കാരം ഹംഗേറിയൻ എഴുത്തുകാരൻ ലാസ്ലോ ക്രസ്നഹോർകൈയ്ക്ക്. സാഹിത്യത്തിലെ ആധുനികതയുടെ വക്താക്കളിൽ പ്രധാനിയായ ക്രസ്നഹോർകൈ തിരക്കഥാകൃത്ത് എന്ന നിലയിലും ശ്രദ്ധേയനാണ്. മനുഷ്യമനസ്സിന്റെ ഇരുണ്ട, വിഷാദംനിറഞ്ഞ ലോകങ്ങളുടെ ചിത്രീകരണങ്ങളാണ് അദ്ദേഹത്തിന്റെ കൃതികളുടെ സവിശേഷത.

2015-ൽ അദ്ദേഹത്തിന്റെ 'സറ്റാൻസ്ടാങ്കോ' (സത്താൻസ് ടാങ്കോ) എന്ന നോവലിന് മാൻ ബുക്കർ സമ്മാനം ലഭിച്ചിരുന്നു. 2018-ലെ മാൻ ബുക്കർ പുരസ്കാരത്തിനുള്ള അന്തിമപട്ടികയിൽ ക്രസ്നഹോർകൈയുടെ 'ദ വേൾഡ് ഗോസ് ഓൺ' എന്ന കൃതി ഉൾപ്പെട്ടിരുന്നു.

### ഭൗതിക ശാസ്ത്ര നൊബേൽ: ക്വാണ്ടം മെക്കാനിക്സ് ഗവേഷകർക്ക്

സ്റ്റോക്ക്ഹോം: 2025-ലെ ഭൗതിക ശാസ്ത്ര നൊബേൽ ക്വാണ്ടം മെക്കാനിക്സ് മേഖലയിലെ ഗവേഷണത്തിന്. ജോൺ ക്ലാർക്, മൈക്കൽ എച്ച്. ഡെവോറെറ്റ്, ജോൺ എം. മാർട്ടിനസ് എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്.

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇത് രണ്ടാം തവണയാണു ക്വാണ്ടം മെക്കാനിക്സ് മേഖലയിലെ ഗവേഷണത്തിനു നൊബേൽ പുരസ്കാരം ലഭിക്കുന്നത്.

മാക്രോസ്കോപ്പിക് ക്വാണ്ടം മെക്കാനിക്കൽ ടണലിങ്ങും ഇലക്ട്രിക് സർക്യൂട്ടിലെ ഊർജ ക്വാണ്ടൈസേഷനും കണ്ടുപിടിച്ചതിനാണ് പുരസ്കാരം. മൂവരും കാലിഫോർണിയ സർവകലാശാലയുടെ ഭാഗമായിരുന്നപ്പോൾ നടത്തിയ ഗവേഷണത്തിനാണ് അംഗീകാരം.

ക്വാണ്ടം മെക്കാനിക്കൽ പ്രതിഭാസങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു വ്യവസ്ഥയുടെ പരമാവധി വലുപ്പം എത്രയാകുമെന്നത് ഭൗതികശാസ്ത്രത്തിലെ ഒരു പ്രധാന ചോദ്യമാണ്.

കൈയിലൊതുങ്ങാവുന്നത്ര വലുപ്പമുള്ള ഒരു വൈദ്യുതി സർക്യൂട്ടിൽ ക്വാണ്ടം മെക്കാനിക്കൽ ടണലിങ്ങും ക്വാണ്ടൈസ്ഡ് ഊർജനിലകളും സാധ്യമെന്ന് തെളിയിക്കാൻ ജോൺ ക്ലാർക്കിനും സംഘത്തിനുമായി. ക്വാണ്ടം കമ്പ്യൂട്ടിങ്ങിന്റെ പുരോഗതിയിൽ ഈ കണ്ടെത്തൽ നിർണായകമാണ്.

# മൂന്നര വയസുകാരിയുടെ ചെവി തെരുവുനായ കടിച്ചു പറിച്ചു

പറവൂർ: അങ്കണവാടി വിദ്യാർത്ഥിനിയായ മൂന്നര വയസുകാരിയുടെ ചെവി തെരുവുനായ കടിച്ചു പറിച്ചു. ചിറ്റാറ്റുകര നീണ്ടൂർ മേയ്ക്കാട്ട് വീട്ടിൽ മിറാഷ്-വിനുമോൾ ദമ്പതികളുടെ മകൾ നിഹാരയ്ക്കാണ് കടിയേറ്റത്. ഒക്ടോബർ 12-ന് വൈകുന്നേരം നാലിന് രാമൻകുളങ്ങര ക്ഷേത്രമൈതാനിയിൽ മറ്റു കുട്ടികൾ കളിക്കുന്നത് പിതാവിനോടൊപ്പം കണ്ടിരിക്കുമ്പോഴാണ് നായയുടെ ആക്രമണം ഉണ്ടായത്.

ഇരുവർക്കും പിന്നിലൂടെ എത്തിയ തെരുവുനായ കുട്ടിയെ ആക്രമിക്കുന്നതു കണ്ട പിതാവ്, നായയെ തുരത്തിയോടിക്കാൻ ശ്രമിച്ചെങ്കിലും നായ കുട്ടിയുടെ വലതു ചെവിയിൽ കടിച്ചു വലിച്ചു. ചെവി അറ്റു താഴെ വീണു. ഉടനെ തന്നെ കുട്ടിയെ പറവൂരിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് കളമശേരി മെഡിക്കൽ കോളജിലും എത്തിച്ചു. ഇവിടെ പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ് എടുത്തശേഷം വിദഗ്ധ ചികിത്സയ്ക്കായി എറണാകുളം സ്പെഷലിസ്റ്റ് ആശുപത്രിയിലും പിന്നീട് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ചെവി ഒരു കവറിലാക്കിയാണ് ആശുപത്രിയിൽ എത്തിച്ചത്. രാത്രി വൈകി കുട്ടിയുടെ ശസ്ത്രക്രിയ നടത്തി.

# ബന്ദികളെ മോചിപ്പിച്ചു തുടങ്ങി

(ഒന്നാം പേജിൽ നിന്നും)

ഡോണൾഡ് ട്രംപ് മുന്നോട്ടുവെച്ചതും ഇസ്രയേലും ഹമാസും അംഗീകരിച്ചതുമായ ഇരുപതിന പദ്ധതി ചർച്ച ചെയ്യാനുള്ള രാജ്യാന്തര ഉച്ചകോടി തുടങ്ങി. വെടിനിർത്തൽ തുടരുന്നതിനിടെയാണ് ഈജിപ്തിലെ ഷാമെൽ ഷെയ്ഖിൽ ട്രംപിന്റെയും ഈജിപ്ത് പ്രസിഡണ്ട് അബ്ദുൽ ഫത്താ അൽ സിസിയുടെയും അധ്യക്ഷതയിൽ ഇരുപതോളം ലോകനേതാക്കൾ പങ്കെടുക്കുന്ന ഉച്ചകോടി നടക്കുന്നത്.

യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള വ്യക്തമായ കർമ്മപദ്ധതികൾക്കൊപ്പം പശ്ചിമേഷ്യയിൽ സുസ്ഥിരമായ സമാധാനം പുലർന്നുകാണുന്നതിനു വേണ്ട നടപടികളും ഉച്ചകോടി യിൽ ചർച്ചയാകും. ഐക്യരാഷ്ട്ര സംഘടന സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്, ബ്രിട്ടീഷ് പ്രധാനമന്ത്രി കിയ സ്റ്റാമർ, തുർക്കി പ്രസിഡണ്ട് തയ്യിപ് എർദോഗൻ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജ മെലോണി, സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചെസ്, ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവേൽ മക്രോ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കില്ല. പകരം വിദേശകാര്യ സഹമന്ത്രി കീർത്തിവർധൻ സിങ് ഇന്ത്യയെ പ്രതിനിധീകരിക്കും.

ഇസ്രയേൽ പലസ്തീൻ ജനതകളുടെ ന്യായമായ ആവശ്യങ്ങളെബഹുമാനിച്ചുകൊണ്ടുള്ള തുടർ ചർച്ചകളുമായി സമാധാനവഴിയിൽ എല്ലാവരും ധൈര്യപൂർവം മുന്നോട്ടു നീങ്ങണമെന്ന് ഉച്ചകോടിക്ക് ആശംസ നേർന്നുകൊണ്ട് ലിയോ മാർപ്പാപ്പ പറഞ്ഞു.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# Grace CONVENTION CENTER

Punnamoodu, Mavelikara



Celebrate your
Dreams With Us...

DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**


(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**